# Holy Voice

## Parish Bulletin



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം


പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250


പുസ്തകം 22 ഏപ്രിൽ 2015


**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548


**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924
ജോൺ കോമ്പാറക്കാരൻ 9645240524
ആൽവിൻ കാഞ്ഞാണിക്കാരൻ 9744281759

**എക്സ് ഒഫീഷ്യോ**
ഫാ. സിന്റോ മാടവന 9995367774
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191



പേജുകളിലൂടെ...


| | |
|---|---|
| വിശുദ്ധവാര തിരുക്കർമ്മങ്ങൾ | 2 |
| എഡിറ്റോറിയൽ | 3 |
| ഇടവക ഡയറി | 4 |
| ഇടയശബ്ദം | 5 |
| പെസഹവ്യാഴം ആരാധന സമയക്രമം | 7 |
| ഉൾക്കാഴ്ച | 9 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 10 |
| സഭാവാർത്തകൾ | 13 |
| ജാലകത്തിലൂടെ | 14 |
| സാക്ഷ്യം | 15 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 21 |
| നാമറിഞ്ഞിട്ടില്ലാത്ത നസറായൻ | 23 |
| കുടുംബസമ്മേളനം/വാർഷികം | 25 |
| നിങ്ങൾക്കറിയാമോ? | 27 |
| സ്നേഹത്തിന് വിരുന്നൊരുക്കാം | 28 |
| ആരോഗ്യചിന്തകൾ | 29 |
| പിന്നിട്ട ലോകം | 30 |
| ബാലപംക്തി | 31 |
| ക്വിസ് മത്സരം | 32 |
| പാചക രംഗം | 33 |
| അണയാത്ത വിളക്ക് | 34 |
| ബൈബിൾ കലണ്ടർ | 36 |

# Holy Voice

## Parish Bulletin



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം


പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
റവ.ഫാ.ജോസ് മാളിയേക്കൽ
ഫോൺ : 0480 2826192, 9446628250

പുസ്തകം 22 ഏപ്രിൽ 2015



**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924
ജോൺ കോമ്പാറക്കാരൻ 9645240524
ആൽവിൻ കാഞ്ഞാണിക്കാരൻ 9744281759

**എക്സ് ഒഫീഷ്യോ**
ഫാ. സിന്റോ മാടവന 9995367774
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


**പേജുകളിലൂടെ...**


| | |
|---|---|
| വിശുദ്ധവാര തിരുക്കർമ്മങ്ങൾ | 2 |
| എഡിറ്റോറിയൽ | 3 |
| ഇടവക ഡയറി | 4 |
| ഇടയശബ്ദം | 5 |
| പെസഹവ്യാഴം ആരാധന സമയക്രമം | 7 |
| ഉൾക്കാഴ്ച | 9 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 10 |
| സഭാവാർത്തകൾ | 13 |
| ജാലകത്തിലൂടെ | 14 |
| സാക്ഷ്യം | 15 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 21 |
| നാമറിഞ്ഞിട്ടില്ലാത്ത നസ്രായൻ | 23 |
| കുടുംബസമ്മേളനം/വാർഷികം | 25 |
| നിങ്ങൾക്കറിയാമോ? | 27 |
| സ്നേഹത്തിന് വിരുന്നൊരുക്കാം | 28 |
| ആരോഗ്യചിന്തകൾ | 29 |
| പിന്നിട്ട ലോകം | 30 |
| ബാലപംക്തി | 31 |
| ക്വിസ് മത്സരം | 32 |
| പാചക രംഗം | 33 |
| അണയാത്ത വിളക്ക് | 34 |
| ബൈബിൾ കലണ്ടർ | 36 |





ഹോളി വോയ്സ്
ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം
പാരിഷ് ബുള്ളറ്റിൻ
ഏപ്രിൽ 2015

# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

**പാരിഷ് ബുള്ളറ്റിൻ**

ഏപ്രിൽ 2015



| വിശുദ്ധവാര തിരുകർമ്മങ്ങൾ | | |
|---|---|---|
| 29-03-15 | **ഓശാന ഞായർ**<br>ഓശാന ഞായറിന്റെ തിരുകർമ്മങ്ങൾ<br>സെന്റ് ജോൺ കപ്പേളയിൽനിന്ന് ആരംഭിക്കുന്നു.<br>കുരുത്തോല പ്രദക്ഷിണം ദൈവാലയത്തിലേക്ക്,<br>ആഘോഷമായ വി.കുർബ്ബാന<br>വി.കുർബ്ബാന 10.00 a.m & 5.30 p.m. | 6.45 a.m. |
| 30-03-15 | തിങ്കൾ- സമർപ്പിത വർഷം രൂപതാതല ഉദ്ഘാടനം<br>പരിഹാര തീർത്ഥാടനം - 14 പള്ളികളിലേക്ക് | |
| 31-03-15 | **ചൊവ്വ - കുമ്പസാരദിനം**<br>സമയം - 10.00 a.m -12.30 p.m, 4.00 p.m - 7.00 p.m | |
| 01-04-15 | **വലിയ ബുധൻ - കുമ്പസാരദിനം**<br>സമയം - 10.00 a.m -12.30 p.m, 4.00 p.m - 7.00 p.m | |
| 02-04-15 | **പെസഹാവ്യാഴം**<br>പെസഹായുടെ തിരുകർമ്മങ്ങൾ<br>കാൽകഴുകൽ ശുശ്രൂഷ, ആഘോഷമായ വി.കുർബ്ബാന<br>സമർപ്പിതവർഷം ഉദ്ഘാടനം<br>ദിവ്യകാരുണ്യ ആരാധന 9.00 a.m - 8.00 p.m<br>പൊതു ആരാധന 7.00 p.m - 8.00 p.m | 6.45 a.m. |
| 03-04-15 | **ദുഃഖവെള്ളി**<br>പീഡാനുഭവ ശുശ്രൂഷ<br>പരിഹാരപ്രദക്ഷിണം<br>പീഢാനുഭവ സന്ദേശം<br>വി. കുരിശിന്റെ തിരുശേഷിപ്പ് ചുംബനം<br>പീഢാനുഭവ ചരിത്രം - ദൃശ്യാവിഷ്കരണം | 6.45 a.m.<br>4.00 p.m. |
| 04-04-15 | **വലിയ ശനി**<br>വി. കുർബ്ബാന, ജ്ഞാനസ്നാനവ്രത നവീകരണം | 6.45 a.m. |
| 05-04-15 | **ഉയിർപ്പു തിരുനാൾ**<br>ഉയിർപ്പിന്റെ തിരുകർമ്മങ്ങൾ.................................ശനി<br>ആഘോഷമായ വി.കുർബ്ബാന<br>വി. കുർബ്ബാന | 11.45 p.m.<br><br>6.45 a.m. |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ



# വിശുദ്ധവാര തിരുകർമ്മങ്ങൾ

| | | |
|---|---|---|
| 29-03-15 | **ഓശാന ഞായർ**<br>ഓശാന ഞായറിന്റെ തിരുകർമ്മങ്ങൾ<br>സെന്റ് ജോൺ കപ്പേളയിൽനിന്ന് ആരംഭിക്കുന്നു.<br>കുരുത്തോല പ്രദക്ഷിണം ദൈവാലയത്തിലേക്ക്,<br>ആഘോഷമായ വി.കുർബ്ബാന<br>വി.കുർബ്ബാന 10.00 a.m & 5.30 p.m. | 6.45 a.m. |
| 30-03-15 | തിങ്കൾ- സമർപ്പിത വർഷം രൂപതാതല ഉദ്ഘാടനം<br>പരിഹാര തീർത്ഥാടനം - 14 പള്ളികളിലേക്ക് | |
| 31-03-15 | **ചൊവ്വ - കുമ്പസാരദിനം**<br>സമയം - 10.00 a.m -12.30 p.m, 4.00 p.m - 7.00 p.m | |
| 01-04-15 | **വലിയ ബുധൻ - കുമ്പസാരദിനം**<br>സമയം - 10.00 a.m -12.30 p.m, 4.00 p.m - 7.00 p.m | |
| 02-04-15 | **പെസഹാവ്യാഴം**<br>പെസഹായുടെ തിരുകർമ്മങ്ങൾ<br>കാൽകഴുകൽ ശുശ്രൂഷ, ആഘോഷമായ വി.കുർബ്ബാന<br>സമർപ്പിതവർഷം ഉദ്ഘാടനം<br>ദിവ്യകാരുണ്യ ആരാധന 9.00 a.m - 8.00 p.m<br>പൊതു ആരാധന 7.00 p.m - 8.00 p.m | 6.45 a.m. |
| 03-04-15 | **ദുഃഖവെള്ളി**<br>പീഡാനുഭവ ശുശ്രൂഷ<br>പരിഹാരപ്രദക്ഷിണം<br>പീഢാനുഭവ സന്ദേശം<br>വി. കുരിശിന്റെ തിരുശേഷിപ്പ് ചുംബനം<br>പീഢാനുഭവ ചരിത്രം - ദൃശ്യാവിഷ്കരണം | 6.45 a.m.<br>4.00 p.m. |
| 04-04-15 | **വലിയ ശനി**<br>വി. കുർബ്ബാന, ജ്ഞാനസ്നാനവ്രത നവീകരണം | 6.45 a.m. |
| 05-04-15 | **ഉയിർപ്പു തിരുനാൾ**<br>ഉയിർപ്പിന്റെ തിരുകർമ്മങ്ങൾ....................................ശനി<br>ആഘോഷമായ വി.കുർബ്ബാന<br>വി. കുർബ്ബാന | 11.45 p.m.<br>6.45 a.m. |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

# എഡിറ്റോറിയൽ



അമ്പതു ദിവസങ്ങളിലെ ആത്മസംസ്കരണത്തിന്റെ നാളുകൾ പിന്നിട്ട്, നാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പുതിരുനാൾ ആഘോഷിക്കുവാൻ ഒരുങ്ങുകയാണ്. 50 ദിവസം നോമ്പ് നോറ്റും, ക്രിസ്തുവിന്റെ പീഢാസഹനം ധ്യാനിച്ചും, നമ്മിലെ തിന്മകൾ വർജ്ജിച്ച് പുതിയ ശക്തി സംഭരിച്ചാണ് ദൈവത്തോടൊപ്പമുള്ള ഒരു ജീവിതത്തിലേയ്ക്ക് നാം പ്രവേശിക്കുന്നത്. നമ്മുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ ജീവൻ ബലിയർപ്പിച്ച ദൈവപുത്രനാണ് യേശുക്രിസ്തു. അപമാനകരമായ കുരിശുമരണത്തോടെ യേശുവിനെ ഇല്ലാതാക്കിയെന്നു വിശ്വസിച്ചിരുന്ന ഇരുട്ടിന്റെ ശക്തികൾ യഥാർത്ഥത്തിൽ പരാജയപ്പെടുകയായിരുന്നു. തന്റെ ശരീരത്തിൽ മാരകമായ പീഢകൾ ഏൽപ്പിച്ച്, ഭാരമേറിയ കുരിശും ചുമപ്പിച്ച് കൊലക്കളത്തിലേക്ക് നടത്തിച്ചവരേയും, തന്റെ പച്ചമാംസത്തിൽ ഇരുമ്പാണികൾ അടിച്ചുകയറ്റി കുരിശിൽ തൂക്കിയവരേയും നോക്കി, ആ പ്രാണവേദനയ്ക്കിടയിലും ''പിതാവേ, ഇവരോടു ക്ഷമിക്കണമേ'' എന്നു പ്രാർത്ഥിച്ച ഒരു ദൈവത്തെ ലോകം അതിനുമുമ്പും പിമ്പും കണ്ടിട്ടില്ല.

യേശുവിന് മുമ്പ് ഈ ലോകത്ത് ജീവിച്ച തത്വജ്ഞാനികളോ, പ്രവാചകരോ, ചക്രവർത്തിമാരോ ആരും തന്നെ താൻ ദൈവമാണെന്ന് അവകാശപ്പെട്ടിട്ടില്ല. എന്നാൽ യേശു മാത്രമാണ് താൻ ദൈവപുത്രനാണെന്ന് പറഞ്ഞതും ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തതും. ലോകത്തിന്റെ പ്രകാശവും ഗുരുവും സർവ്വനന്മകളുടെയും ഉടയവനുമായ ആ ദൈവപുത്രന്റെ നേരവകാശികളാവാൻ ഭാഗ്യം ലഭിച്ചവരാണ് നമ്മൾ. എന്നാൽ ആ ദൈവപുത്രന്റെ ജീവിത മാതൃകയും പ്രബോധനങ്ങളും 2000 വർഷങ്ങളിലൂടെ നമ്മിലേക്ക് എത്തപ്പെട്ടപ്പോൾ, ആ വിശുദ്ധിയുടെ ഒരംശമെങ്കിലും നമ്മുടെ ജീവിതത്തിൽ അവശേഷിക്കുന്നുണ്ടോ? ഞാൻ യേശുവിന്റെ നേരവകാശിയാണ് എന്ന് ഉറപ്പിച്ചു പറയുവാൻ 123 കോടി കത്തോലിക്കരിൽ എത്ര പേർക്ക് കഴിയും എന്ന് ആലോചിക്കേണ്ടതാണ്. എന്തായാലും യേശുവിന്റെ വത്സല മക്കൾ എന്ന സ്ഥാനം കൈവരിക്കുവാൻ കഴിയുംവിധം കഴിഞ്ഞ അമ്പതു ദിവസങ്ങളിൽ നാം ജീവിച്ചിട്ടുണ്ടെങ്കിൽ അതു തന്നെ വലിയ കാര്യമാണ്. അവർക്കു മാത്രമേ യോഗ്യതയോടെ 2015 ലെ ഉയിർപ്പു തിരുനാൾ ആഘോഷിക്കുവാൻ കഴിയൂ എന്നതല്ലേ വാസ്തവം?

നമ്മുടെ ജീവിതത്തിലും പ്രവർത്തികളിലും യേശുവിനെ പിഞ്ചെല്ലുമ്പോൾ മാത്രമേ നാം യഥാർത്ഥ ക്രൈസ്തവരാകൂ. നോമ്പുകാലത്ത് ആർജ്ജിച്ച ജീവിത വിശുദ്ധിയും നന്മകളും ഭാവി ജീവിതത്തിലും നിലനിർത്തി ഉത്ഥിതനായ യേശുവിനെ നമുക്ക് സ്വന്തമാക്കാം. ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ നേർന്നുകൊണ്ട്, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)

# എഡിറ്റോറിയൽ



അമ്പതു ദിവസങ്ങളിലെ ആത്മസംസ്കരണത്തിന്റെ നാളുകൾ പിന്നിട്ട്, നാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പുതിരുനാൾ ആഘോഷിക്കുവാൻ ഒരുങ്ങുകയാണ്. 50 ദിവസം നോമ്പ് നോറ്റും, ക്രിസ്തുവിന്റെ പീഢാസഹനം ധ്യാനിച്ചും, നമ്മിലെ തിന്മകൾ വർജ്ജിച്ച് പുതിയ ശക്തി സംഭരിച്ചാണ് ദൈവത്തോടൊപ്പമുള്ള ഒരു ജീവിതത്തിലേയ്ക്ക് നാം പ്രവേശിക്കുന്നത്. നമ്മുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ ജീവൻ ബലിയർപ്പിച്ച ദൈവപുത്രനാണ് യേശുക്രിസ്തു. അപമാനകരമായ കുരിശുമരണത്തോടെ യേശുവിനെ ഇല്ലാതാക്കിയെന്നു വിശ്വസിച്ചിരുന്ന ഇരുട്ടിന്റെ ശക്തികൾ യഥാർത്ഥത്തിൽ പരാജയപ്പെടുകയായിരുന്നു. തന്റെ ശരീരത്തിൽ മാരകമായ പീഢകൾ ഏൽപ്പിച്ച്, ഭാരമേറിയ കുരിശും ചുമപ്പിച്ച് കൊലക്കളത്തിലേക്ക് നടത്തിച്ചവരേയും, തന്റെ പച്ചമാംസത്തിൽ ഇരുമ്പാണികൾ അടിച്ചുകയറ്റി കുരിശിൽ തൂക്കിയവരേയും നോക്കി, ആ പ്രാണവേദനയ്ക്കിടയിലും ''പിതാവേ, ഇവരോടു ക്ഷമിക്കണമേ'' എന്നു പ്രാർത്ഥിച്ച ഒരു ദൈവത്തെ ലോകം അതിനുമുമ്പും പിമ്പും കണ്ടിട്ടില്ല.

യേശുവിന് മുമ്പ് ഈ ലോകത്ത് ജീവിച്ച തത്വജ്ഞാനികളോ, പ്രവാചകരോ, ചക്രവർത്തിമാരോ ആരും തന്നെ താൻ ദൈവമാണെന്ന് അവകാശപ്പെട്ടിട്ടില്ല. എന്നാൽ യേശു മാത്രമാണ് താൻ ദൈവപുത്രനാണെന്ന് പറഞ്ഞതും ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തതും. ലോകത്തിന്റെ പ്രകാശവും ഗുരുവും സർവ്വനന്മകളുടെയും ഉടയവനുമായ ആ ദൈവപുത്രന്റെ നേരവകാശികളാവാൻ ഭാഗ്യം ലഭിച്ചവരാണ് നമ്മൾ. എന്നാൽ ആ ദൈവപുത്രന്റെ ജീവിത മാതൃകയും പ്രബോധനങ്ങളും 2000 വർഷങ്ങളിലൂടെ നമ്മിലേക്ക് എത്തപ്പെട്ടപ്പോൾ, ആ വിശുദ്ധിയുടെ ഒരംശമെങ്കിലും നമ്മുടെ ജീവിതത്തിൽ അവശേഷിക്കുന്നുണ്ടോ? ഞാൻ യേശുവിന്റെ നേരവകാശിയാണ് എന്ന് ഉറപ്പിച്ചു പറയുവാൻ 123 കോടി കത്തോലിക്കരിൽ എത്ര പേർക്ക് കഴിയും എന്ന് ആലോചിക്കേണ്ടതാണ്. എന്തായാലും യേശുവിന്റെ വത്സല മക്കൾ എന്ന സ്ഥാനം കൈവരിക്കുവാൻ കഴിയുംവിധം കഴിഞ്ഞ അമ്പതു ദിവസങ്ങളിൽ നാം ജീവിച്ചിട്ടുണ്ടെങ്കിൽ അതു തന്നെ വലിയ കാര്യമാണ്. അവർക്കു മാത്രമേ യോഗ്യതയോടെ 2015 ലെ ഉയിർപ്പു തിരുനാൾ ആഘോഷിക്കുവാൻ കഴിയൂ എന്നതല്ലേ വാസ്തവം?

നമ്മുടെ ജീവിതത്തിലും പ്രവർത്തികളിലും യേശുവിനെ പിഞ്ചെല്ലുമ്പോൾ മാത്രമേ നാം യഥാർത്ഥ ക്രൈസ്തവരാകൂ. നോമ്പുകാലത്ത് ആർജ്ജിച്ച ജീവിത വിശുദ്ധിയും നന്മകളും ഭാവി ജീവിതത്തിലും നിലനിർത്തി ഉത്ഥിതനായ യേശുവിനെ നമുക്ക് സ്വന്തമാക്കാം. ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ നേർന്നുകൊണ്ട്, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)

| തിയ്യതി | ഇടവക ഡയറി - ഏപ്രിൽ 2015 | സമയം |
|---|---|---|
| 01 | വലിയ ബുധൻ - കുമ്പസാര ദിനം | |
| 02 | പെസഹാവ്യാഴം ശുശ്രൂഷകൾ | 6.45 a.m. |
| 03 | ദുഃഖവെള്ളി പീഡാനുഭവ ശുശ്രൂഷകൾ<br>പരിഹാര പ്രദക്ഷിണം<br>വി. കുരിശിന്റെ തിരുശേഷിപ്പു ചുംബനം | 6.45 a.m.<br>4.00 p.m. |
| 04 | ദുഃഖശനി - വി. കുർബാന, ജ്ഞാനസ്നാനവ്രത നവീകരണം | 6.45 a.m. |
| 05 | ഈസ്റ്റർ - ഉയിർപ്പു കാലം 1-ാം ഞായർ | |
| 07 | ആദ്യ കുർബ്ബാന സ്വീകരണം - ക്ലാസ്സുകൾ ആരംഭം | |
| 08 | മദ്ധ്യസ്ഥ പ്രാർത്ഥന ഗ്രൂപ്പ് മീറ്റിങ്ങ് | 3.00 p.m. |
| 10 | വെള്ളിയാഴ്ച ആചരണം | |
| 11 | അൾത്താരസംഘം മീറ്റിങ്ങ്<br>മാതൃസംഘം മീറ്റിങ്ങ് | 8.00 a.m.<br>3.00 p.m. |
| 12 | ഉയിർപ്പുകാലം 2-ാം ഞായർ - പുതു ഞായർ<br>മാർ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന തിരുനാൾ<br>ദൈവകരുണയുടെ തിരുനാൾ<br>പ്രതിനിധിയോഗം<br>കുടുംബ കൂട്ടായ്മ മീറ്റിംഗുകൾ - 2.30 p.m.മുതൽ | 8.00 a.m. |
| 13,14,15 | ഗ്രേയ്സ് ഫെസ്റ്റ് | |
| 17 | വെള്ളിയാഴ്ച ആചരണം | |
| 19 | ഉയിർപ്പുകാലം - 3-ാം ഞായർ<br>മാർഗ് ജനറൽ ബോഡിയോഗം<br>കുടുംബ കൂട്ടായ്മ മീറ്റിംഗുകൾ - 2.30 p.m. മുതൽ | 8.00 a.m. |
| 23 | വി. ഗീവർഗീസ് സഹദായുടെ തിരുനാൾ | |
| 24 | വെള്ളിയാഴ്ച ആചരണം | |
| 26 | ഉയിർപ്പുകാലം - 4-ാം ഞായർ<br>ഫ്രാൻസിസ്ക്കൻ അൽമായ സമൂഹം മീറ്റിങ്ങ്<br>കുടുംബ കൂട്ടായ്മ മീറ്റിംഗുകൾ - 2.30 p.m. മുതൽ | 8.00 a.m. |

## വെള്ളിയാഴ്ച ആചരണം ഏറ്റെടുത്തവർ

| | |
|---|---|
| 10-04-2015 | ഒല്ലൂക്കാരൻ പോൾ ജിൽസൺ |
| 17-04-2015 | കുറ്റിക്കാടൻ ഔസേപ്പ് വർഗീസ് |
| 24-04-2015 | കരോട്ട് പ്രെയ്സി + ക്രിസ്റ്റോ, ചിറയ്ക്കൽ |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

| തിയ്യതി | ഇടവക ഡയറി - ഏപ്രിൽ 2015 | സമയം |
|---|---|---|
| 01 | വലിയ ബുധൻ - കുമ്പസാര ദിനം | |
| 02 | പെസഹാവ്യാഴം ശുശ്രൂഷകൾ | 6.45 a.m. |
| 03 | ദുഃഖവെള്ളി പീഡാനുഭവ ശുശ്രൂഷകൾ<br>പരിഹാര പ്രദക്ഷിണം<br>വി. കുരിശിന്റെ തിരുശേഷിപ്പു ചുംബനം | 6.45 a.m.<br>4.00 p.m. |
| 04 | ദുഃഖശനി - വി. കുർബാന, ജ്ഞാനസ്നാനവ്രത നവീകരണം | 6.45 a.m. |
| 05 | ഈസ്റ്റർ - ഉയിർപ്പു കാലം 1-ാം ഞായർ | |
| 07 | ആദ്യ കുർബ്ബാന സ്വീകരണം - ക്ലാസ്സുകൾ ആരംഭം | |
| 08 | മദ്ധ്യസ്ഥ പ്രാർത്ഥന ഗ്രൂപ്പ് മീറ്റിങ്ങ് | 3.00 p.m. |
| 10 | വെള്ളിയാഴ്ച ആചരണം | |
| 11 | അൾത്താരസംഘം മീറ്റിങ്ങ്<br>മാതൃസംഘം മീറ്റിങ്ങ് | 8.00 a.m.<br>3.00 p.m. |
| 12 | ഉയിർപ്പുകാലം 2-ാം ഞായർ - പുതു ഞായർ<br>മാർ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന തിരുനാൾ<br>ദൈവകരുണയുടെ തിരുനാൾ<br>പ്രതിനിധിയോഗം<br>കുടുംബ കൂട്ടായ്മ മീറ്റിംഗുകൾ - 2.30 p.m.മുതൽ | 8.00 a.m. |
| 13,14,15 | ഗ്രേയ്സ് ഫെസ്റ്റ് | |
| 17 | വെള്ളിയാഴ്ച ആചരണം | |
| 19 | ഉയിർപ്പുകാലം - 3-ാം ഞായർ<br>മാർഗ് ജനറൽ ബോഡിയോഗം<br>കുടുംബ കൂട്ടായ്മ മീറ്റിംഗുകൾ - 2.30 p.m. മുതൽ | 8.00 a.m. |
| 23 | വി. ഗീവർഗീസ് സഹദായുടെ തിരുനാൾ | |
| 24 | വെള്ളിയാഴ്ച ആചരണം | |
| 26 | ഉയിർപ്പുകാലം - 4-ാം ഞായർ<br>ഫ്രാൻസിസ്ക്കൻ അൽമായ സമൂഹം മീറ്റിങ്ങ്<br>കുടുംബ കൂട്ടായ്മ മീറ്റിംഗുകൾ - 2.30 p.m. മുതൽ | 8.00 a.m. |

## വെള്ളിയാഴ്ച ആചരണം ഏറ്റെടുത്തവർ

| | |
|---|---|
| 10-04-2015 | ഒല്ലൂക്കാരൻ പോൾ ജിൽസൺ |
| 17-04-2015 | കുറ്റിക്കാടൻ ഔസേപ്പ് വർഗീസ് |
| 24-04-2015 | കരോട്ട് പ്രെയ്സി + ക്രിസ്റ്റോ, ചിറയ്ക്കൽ |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ



# ഇടയശബ്ദം

യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

എല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പു തിരുനാൾ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

ഉയിർപ്പു തിരുനാൾ പുതു ജീവിതത്തിന്റെ തിരുനാളാണ്. മരണത്തെ പരാജയപ്പെടുത്തിയ യേശു ഉത്ഥിതനായി ജീവനിലേക്ക് പ്രവേശിച്ച് നിത്യമായി ജീവിക്കുന്നവനായി. ''അസതോമ സത്ഗമയ, തമസോമ ജ്യോതിർഗമയ, മൃത്യോമ അമൃതംഗമയ'' എന്ന ചിന്ത യേശുവിന്റെ ഉത്ഥാനത്തിൽ പൂർണ്ണമായിട്ടും അന്വർത്ഥമായിത്തീരുകയായിരുന്നു. യേശു സത്യത്തിന്റെയും പ്രകാശത്തിന്റെയും അമർത്യതയുടെയും ചൈതന്യമാണ്. ഉത്ഥിതനായ മിശിഹായിൽ വിശ്വാസം അർപ്പിച്ച് ജീവിക്കുവാൻ ഭാഗ്യം ലഭിച്ച നമ്മുടെ ജീവിതം ഇന്ന് ലോകത്തിന് മാതൃകയാകേണ്ടത് യേശുവിന്റെ ജീവിതശൈലി സ്വീകരിച്ചു കൊണ്ടാകണം. ഈ ലോക ജീവിതത്തിനപ്പുറം അനശ്വരമായ ഒരു ജീവിതം ലക്ഷ്യമാക്കി ഈ ലോകത്തിൽ നന്മ ചെയ്ത് ജീവിക്കുന്നവരാകണം നമ്മൾ. വ്യക്തിയും കുടുംബവും സമൂഹവും നന്മയിൽ വളരണമെങ്കിൽ തിന്മയോടു വിടപറയണം.

''എന്റെ കർത്താവെ എന്റെ ദൈവമെ'' എന്ന് ഉദ്ഘോഷിച്ചു കൊണ്ട് യേശു കർത്താവും ദൈവവുമാണെന്ന് ഏറ്റുപറഞ്ഞ് വഴിയും സത്യവും ജീവനുമായ യേശുവിനെ ജീവിച്ച് നമുക്ക് ക്രിസ്തുവിശ്വാസം പകർന്നു നൽകിയ അപ്പസ്തോലനായ മാർതോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന തിരുനാളും പുതു ഞായറാഴ്ച - ഏപ്രിൽ 12 നമ്മൾ ആഘോഷിക്കുന്നു. അന്നു തന്നെയാണ് ദൈവ കരുണയുടെ തിരുനാളും സാർവ്വത്രിക സഭയിൽ ആഘോഷിക്കപ്പെടുന്നത്.

വിശ്വാസത്തിന് ഏറെ വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടത്തിലാണ് ലോകവും നമ്മുടെ രാജ്യവും കടന്നു പോകുന്നത്.




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

എല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പു തിരുനാൾ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

ഉയിർപ്പു തിരുനാൾ പുതു ജീവിതത്തിന്റെ തിരുനാളാണ്. മരണത്തെ പരാജയപ്പെടുത്തിയ യേശു ഉത്ഥിതനായി ജീവനിലേക്ക് പ്രവേശിച്ച് നിത്യമായി ജീവിക്കുന്നവനായി. ''അസതോമ സത്ഗമയ, തമസോമ ജ്യോതിർഗമയ, മൃത്യോമ അമൃതംഗമയ'' എന്ന ചിന്ത യേശുവിന്റെ ഉത്ഥാനത്തിൽ പൂർണ്ണമായിട്ടും അന്വർത്ഥമായിത്തീരുകയായിരുന്നു. യേശു സത്യത്തിന്റെയും പ്രകാശത്തിന്റെയും അമർത്യതയുടെയും ചൈതന്യമാണ്. ഉത്ഥിതനായ മിശിഹായിൽ വിശ്വാസം അർപ്പിച്ച് ജീവിക്കുവാൻ ഭാഗ്യം ലഭിച്ച നമ്മുടെ ജീവിതം ഇന്ന് ലോകത്തിന് മാതൃകയാകേണ്ടത് യേശുവിന്റെ ജീവിതശൈലി സ്വീകരിച്ചു കൊണ്ടാകണം. ഈ ലോക ജീവിതത്തിനപ്പുറം അനശ്വരമായ ഒരു ജീവിതം ലക്ഷ്യമാക്കി ഈ ലോകത്തിൽ നന്മ ചെയ്ത് ജീവിക്കുന്നവരാകണം നമ്മൾ. വ്യക്തിയും കുടുംബവും സമൂഹവും നന്മയിൽ വളരണമെങ്കിൽ തിന്മയോടു വിടപറയണം.

''എന്റെ കർത്താവെ എന്റെ ദൈവമെ'' എന്ന് ഉദ്ഘോഷിച്ചു കൊണ്ട് യേശു കർത്താവും ദൈവവുമാണെന്ന് ഏറ്റുപറഞ്ഞ് വഴിയും സത്യവും ജീവനുമായ യേശുവിനെ ജീവിച്ച് നമുക്ക് ക്രിസ്തുവിശ്വാസം പകർന്നു നൽകിയ അപ്പസ്തോലനായ മാർതോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന തിരുനാളും പുതുഞായറാഴ്ച - ഏപ്രിൽ 12 നമ്മൾ ആഘോഷിക്കുന്നു. അന്നു തന്നെയാണ് ദൈവ കരുണയുടെ തിരുനാളും സാർവ്വത്രിക സഭയിൽ ആഘോഷിക്കപ്പെടുന്നത്.

വിശ്വാസത്തിന് ഏറെ വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടത്തിലാണ് ലോകവും നമ്മുടെ രാജ്യവും കടന്നു പോകുന്നത്.

സിറിയയിലും ഇറാഖിലും പാക്കിസ്ഥാനിലും മറ്റും എത്രയോ ക്രൈസ്തവ സഹോദരങ്ങൾ ക്രൂരമായി പീഢിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നു. തീവ്രവാദികളും മതമൗലികവാദികളും ലോകത്തും രാജ്യത്തും താണ്ഡവമാടുകയാണ്.

ക്രൂരമായ മത തീവ്രവാദത്തിനെതിരെ ലോക മനഃസാക്ഷി ഉണർത്തുവാൻ കഴിയാതെ ലോക രാഷ്ട്രങ്ങൾ ആരേയോ പേടിച്ചു വിറങ്ങലിച്ചു നിൽക്കുംപോലെ തോന്നുന്നു. വേദനിക്കുന്ന മനുഷ്യമക്കൾക്കും പീഢിപ്പിക്കപ്പെടുന്ന ക്രൈസ്തവ സഹോദരങ്ങൾക്കും പ്രാർത്ഥനയിലൂടെ ഐക്യദാർഢ്യം പ്രഖ്യാപിക്കാം നമുക്ക്. ജീവൻ നൽകേണ്ടി വന്നാലും ക്രിസ്തുവിശ്വാസം അഭിമാനപൂർവ്വം സംരക്ഷിക്കുവാനും ജീവിക്കുവാനും മാർ തോമാശ്ലീഹായേപ്പോലെ നമുക്കും കരുത്താർജ്ജിക്കാം. അതുപോലെ ഏതു സന്ദർഭത്തിലും സത്യത്തിനും, നീതിക്കും, സ്നേഹത്തിനും, സമാധാനത്തിനും വേണ്ടി നമുക്ക് നിലകൊള്ളാം.

നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ദൈവകരുണയുടെ ചൈതന്യം സ്വീകരിക്കുവാൻ ഈ വർഷം ഡിസംബർ 8ന് പരിശുദ്ധ അമ്മയുടെ അമലോൽഭവ തിരുനാൾ മുതൽ 2016 നവംബർ മാസം 20 ക്രിസ്തുരാജ തിരുനാൾവരെ അസാധാരണ വിശുദ്ധ വർഷം പ്രഖ്യാപിച്ചിരിക്കുകയാണ്. മാർപ്പാപ്പയുടെ ജീവിതവും പ്രസംഗവും ഉപദേശവും നിർദ്ദേശവും എല്ലാം കരുണയുടെ സമ്പന്നമായ മാതൃകകളാണ്. ഈ അവസരത്തിൽ ദൈവകരുണയുടെ തിരുനാൾ കൂടി നമ്മൾ ആഘോഷിക്കുമ്പോൾ ദൈവകരുണയുടെ ഉത്തമ മാതൃകയായി ജിവിച്ച പരിശുദ്ധ കന്യകാ മറിയത്തെപ്പോലെ നമുക്കും കാരുണ്യത്തിന്റെ, കരുണയുടെ മാതൃകകളാകുവാൻ തയ്യാറാകാം.

പ്രിയപ്പെട്ടവരേ, ഒത്തിരിയേറെ അനുഗ്രഹത്തിന്റെ ദിവസങ്ങളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. വിശുദ്ധകുരിശിന്റെ സംരക്ഷണം നേടി ക്രൂശിതനായ മിശിഹായുടെ അനുഗ്രഹം സ്വീകരിക്കുവാൻ അനേകായിരങ്ങൾ നമ്മുടെ ദൈവാലയത്തിൽ എത്തിയ ഒരു കാലഘട്ടം. ഗദ്സെമൻ തോട്ടത്തിൽ രക്തം വിയർത്തു പ്രാർത്ഥിക്കുന്ന യേശുവിന്റെ രൂപം നമ്മുടെ മനസ്സിൽ നിന്ന് ഇനി ഒരിക്കലും മായാതിരിക്കട്ടെ!

സിറിയയിലും ഇറാഖിലും പാക്കിസ്ഥാനിലും മറ്റും എത്രയോ ക്രൈസ്തവ സഹോദരങ്ങൾ ക്രൂരമായി പീഢിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നു. തീവ്രവാദികളും മതമൗലികവാദികളും ലോകത്തും രാജ്യത്തും താണ്ഡവമാടുകയാണ്.

ക്രൂരമായ മത തീവ്രവാദത്തിനെതിരെ ലോക മനഃസാക്ഷി ഉണർത്തുവാൻ കഴിയാതെ ലോക രാഷ്ട്രങ്ങൾ ആരേയോ പേടിച്ചു വിറങ്ങലിച്ചു നിൽക്കുംപോലെ തോന്നുന്നു. വേദനിക്കുന്ന മനുഷ്യ മക്കൾക്കും പീഢിപ്പിക്കപ്പെടുന്ന ക്രൈസ്തവ സഹോദരങ്ങൾക്കും പ്രാർത്ഥനയിലൂടെ ഐക്യദാർഢ്യം പ്രഖ്യാപിക്കാം നമുക്ക്. ജീവൻ നൽകേണ്ടി വന്നാലും ക്രിസ്തുവിശ്വാസം അഭിമാനപൂർവ്വം സംരക്ഷിക്കുവാനും ജീവിക്കുവാനും മാർ തോമാശ്ലീഹായേപ്പോലെ നമുക്കും കരുത്താർജ്ജിക്കാം. അതുപോലെ ഏതു സന്ദർഭത്തിലും സത്യത്തിനും, നീതിക്കും, സ്നേഹത്തിനും, സമാധാനത്തിനും വേണ്ടി നമുക്ക് നിലകൊള്ളാം.

നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ദൈവ കരുണയുടെ ചൈതന്യം സ്വീകരിക്കുവാൻ ഈ വർഷം ഡിസംബർ 8ന് പരിശുദ്ധ അമ്മയുടെ അമലോൽഭവ തിരുനാൾ മുതൽ 2016 നവംബർ മാസം 20 ക്രിസ്തുരാജ തിരുനാൾവരെ അസാധാരണ വിശുദ്ധ വർഷം പ്രഖ്യാപിച്ചിരിക്കുകയാണ്. മാർപ്പാപ്പയുടെ ജീവിതവും പ്രസംഗവും ഉപദേശവും നിർദ്ദേശവും എല്ലാം കരുണയുടെ സമ്പന്നമായ മാതൃകകളാണ്. ഈ അവസരത്തിൽ ദൈവ കരുണയുടെ തിരുനാൾ കൂടി നമ്മൾ ആഘോഷിക്കുമ്പോൾ ദൈവ കരുണയുടെ ഉത്തമ മാതൃകയായി ജിവിച്ച പരിശുദ്ധ കന്യകാ മറിയത്തെപ്പോലെ നമുക്കും കാരുണ്യത്തിന്റെ, കരുണയുടെ മാതൃകകളാകുവാൻ തയ്യാറാകാം.

പ്രിയപ്പെട്ടവരേ, ഒത്തിരിയേറെ അനുഗ്രഹത്തിന്റെ ദിവസങ്ങളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. വിശുദ്ധകുരിശിന്റെ സംരക്ഷണം നേടി ക്രൂശിതനായ മിശിഹായുടെ അനുഗ്രഹം സ്വീകരിക്കുവാൻ അനേകായിരങ്ങൾ നമ്മുടെ ദൈവാലയത്തിൽ എത്തിയ ഒരു കാലഘട്ടം. ഗദ്സെമൻ തോട്ടത്തിൽ രക്തം വിയർത്തു പ്രാർത്ഥിക്കുന്ന യേശുവിന്റെ രൂപം നമ്മുടെ മനസ്സിൽ നിന്ന് ഇനി ഒരിക്കലും മായാതിരിക്കട്ടെ!

ജീവിതത്തിന്റെ ഉയർച്ച താഴ്ചകളിൽ സമചിത്തതയോടെ മുന്നേറണമെങ്കിൽ പ്രാർത്ഥനയിൽ ദൈവത്തെ കണ്ടുമുട്ടുന്നവരാകാം നമുക്ക്. ഏശയ്യ. 1:18 ൽ പറയും പോലെ ''നിന്റെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും''. പ്രവാചക വചനങ്ങൾ നമുക്കു മനസ്സിൽ കുറിച്ചിടാം. അങ്ങനെ തിന്മകളിൽ നിന്ന് നമുക്ക് ഓടിയകലാൻ സാധിക്കും. തിന്മയോട് എന്നേക്കും വിടപറഞ്ഞ് ഒരു നവസൃഷ്ടിയായി നമുക്കു രൂപാന്തരപ്പെടാം. അങ്ങിനെ നവ സുവിശേഷവൽക്കരണത്തിന്റെ സാക്ഷികളാകാം. എല്ലാവർക്കും അനുഗ്രഹീതമായ ജീവിതവും ഈസ്റ്റർ ആശംസകളും നേരുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ, യേശുവിൽ സ്നേഹപൂർവ്വം

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

## പെസഹാവ്യാഴം
## ആരാധന സമയക്രമം



| | |
|---|---|
| 09 a.m - 10 a.m | സെ. അൽഫോൻസ, സെ. ആന്റണീസ് & പ്രതിനിധി യോഗാംഗങ്ങൾ |
| 10 a.m- 11 a.m | സെ. റോസ്,സെ.ജോസഫ് & ജീസസ് യൂത്ത് |
| 11 a.m - 12 noon | സെ. ജോൺ I, ഇൻഫന്റ് ജീസസ് & സി.എൽ.സി |
| 12 noon - 01 p.m | സെ.ജോർജ്ജ്, ഹോളിക്രോസ് & ഗായക സംഘം |
| 01 p.m - 02 p.m | സെ. ജോൺ II, സെ.സെബാസ്റ്റ്യൻ & അൾത്താര സംഘം |
| 02 p.m - 03 p.m | സെ. സേവ്യർ & മാതൃസംഘം |
| 03 p.m - 04 p.m | സെ. മേരീസ് I,സെ.ഗീവർഗീസ് & ഫ്രാൻസിസ്കൻ അത്മായസമൂഹം |
| 04 p.m - 05 p.m | സെ.മേരീസ് II, വാ.മദർതെരേസ & സെ.വിൻസെന്റ് ഡി പോൾ സംഘം |
| 05 p.m - 06 p.m | ബഹു. സിസ്റ്റേഴ്സ് |
| 06 p.m - 07 p.m | പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ |
| 07 p.m - 08 p.m | പൊതു ആരാധന |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

ജീവിതത്തിന്റെ ഉയർച്ച താഴ്ചകളിൽ സമചിത്തതയോടെ മുന്നേറണമെങ്കിൽ പ്രാർത്ഥനയിൽ ദൈവത്തെ കണ്ടുമുട്ടുന്നവരാകാം നമുക്ക്. ഏശയ്യ. 1:18 ൽ പറയും പോലെ "നിന്റെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും". പ്രവാചക വചനങ്ങൾ നമുക്കു മനസ്സിൽ കുറിച്ചിടാം. അങ്ങനെ തിന്മകളിൽ നിന്ന് നമുക്ക് ഓടിയകലാൻ സാധിക്കും. തിന്മയോട് എന്നേക്കും വിടപറഞ്ഞ് ഒരു നവസൃഷ്ടിയായി നമുക്കു രൂപാന്തരപ്പെടാം. അങ്ങിനെ നവ സുവിശേഷവൽക്കരണത്തിന്റെ സാക്ഷികളാകാം. എല്ലാവർക്കും അനുഗ്രഹീതമായ ജീവിതവും ഈസ്റ്റർ ആശംസകളും നേരുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ, യേശുവിൽ സ്നേഹപൂർവ്വം

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

## പെസഹാവ്യാഴം ആരാധന സമയക്രമം



| | |
|---|---|
| 09 a.m - 10 a.m | സെ. അൽഫോൻസ, സെ. ആന്റണീസ് & പ്രതിനിധി യോഗാംഗങ്ങൾ |
| 10 a.m- 11 a.m | സെ. റോസ്,സെ.ജോസഫ് & ജീസസ് യൂത്ത് |
| 11 a.m - 12 noon | സെ. ജോൺ I, ഇൻഫന്റ് ജീസസ് & സി.എൽ.സി |
| 12 noon - 01 p.m | സെ.ജോർജ്ജ്, ഹോളിക്രോസ് & ഗായക സംഘം |
| 01 p.m - 02 p.m | സെ. ജോൺ II, സെ.സെബാസ്റ്റ്യൻ & അൾത്താര സംഘം |
| 02 p.m - 03 p.m | സെ. സേവ്യർ & മാതൃസംഘം |
| 03 p.m - 04 p.m | സെ. മേരീസ് I,സെ.ഗീവർഗീസ് & ഫ്രാൻസിസ്കൻ അത്മായസമൂഹം |
| 04 p.m - 05 p.m | സെ.മേരീസ് II, വാ.മദർതെരേസ & സെ.വിൻസെന്റ് ഡി പോൾ സംഘം |
| 05 p.m - 06 p.m | ബഹു. സിസ്റ്റേഴ്സ് |
| 06 p.m - 07 p.m | പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ |
| 07 p.m - 08 p.m | പൊതു ആരാധന |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ






## ഉൾക്കാഴ്ച : പൊറുക്കേണ്ട മുറിവുകൾ....

പിതാവിനെ കൺമുമ്പിൽ വെച്ച് കൊലപ്പെടുത്തിയവരോടുള്ള പക മനസ്സിൽ കൊണ്ടുനടന്ന് അവസാനം അവരിലൊരുവനെ ക്രൂരമായി വധിച്ച യുവാവിന്റെ സംഭവം വേദപാഠക്ലാസ്സിൽ അദ്ധ്യാപകൻ കുട്ടികളോട് പറഞ്ഞു. ഈ സംഭവത്തെ വിലയിരുത്തുവാൻ പറഞ്ഞപ്പോൾ കുട്ടികൾ എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു "അവൻ അങ്ങനെ തന്നെയാണ് ചെയ്യേണ്ടിയിരുന്നത്". ഇത്രയും നാൾ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും മൂല്യങ്ങളുടെയും പാഠങ്ങൾ പഠിച്ചിട്ട് അവയൊന്നും കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ കയറിയില്ലല്ലോ എന്നോർത്ത് ആ അദ്ധ്യാപകൻ വിഷമിച്ചു.

പലപ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. ലോകത്തിലുള്ള എല്ലാ മനുഷ്യരും ഏതെങ്കിലുമൊരു മതത്തിൽ വിശ്വസിക്കുന്നവരാണ്. ക്ഷമിക്കാനും മറക്കാനും പൊറുക്കാനുമാണ് എല്ലാ മതങ്ങളും ശീലിപ്പിക്കുന്നത്. എന്നിട്ടും മനുഷ്യചരിത്രം നിരന്തരമായ പകവീട്ടലിന്റെ ചരിത്രമായി മാറുന്നു. പകയുടെ ആദ്യപാഠം കുട്ടി പഠിക്കുന്നത് സ്വന്തം വീട്ടിൽ നിന്നാണ്. പിച്ച വച്ച് നടക്കുന്ന കുഞ്ഞ് ഇടയ്ക്കു കാലിടറി വീഴുന്നു. അമ്മ ഓടിവന്ന് കരയുന്ന കുഞ്ഞിനെ എടുത്ത് കുഞ്ഞ് വീണ സ്ഥലത്ത് ആഞ്ഞു ചവിട്ടി പറയും "നീ എന്റെ കുഞ്ഞിനെ ഉന്തിയിട്ടു അല്ലേ?". ഇനി കുഞ്ഞിന്റെ ചേട്ടൻ കുഞ്ഞിനെ കരയിച്ചാലോ? അമ്മ ഓടി വന്ന് "അമ്പടാ, ഇനി കുഞ്ഞിനെ കരയിക്കുമോ?" എന്ന് ചോദിച്ച് ചേട്ടനെ അടിക്കുന്നതായി ഭാവിക്കും. കുഞ്ഞിന്റെ കരച്ചിൽ നിലക്കും. പക്ഷേ പകയുടെ ആദ്യപാഠം താൻ കുഞ്ഞിനെ പഠിപ്പിക്കുകയാണെന്ന് അമ്മ അറിഞ്ഞുകാണുമോ? അയൽക്കാരനുമായുള്ള വഴക്കിന്റെ പേരിൽ സ്വന്തം കുഞ്ഞിനെപ്പോലും അവരോട് സംസാരിക്കുന്നതിൽ നിന്ന് നാം കർശനമായി വിലക്കുന്നു. വാശിയുടെയും പകയുടെയും വിത്തുകൾ ഈ കുഞ്ഞുങ്ങളിൽ നാം തന്നെ വിതച്ചിട്ട്, ഒടുവിൽ അവർ നമുക്കുതന്നെ ഭീഷണിയാകുന്നു എന്നതാണ് സത്യം.

ദ്രോഹിച്ചവർക്കുനേരെ പകയുടെ തീക്കനലുകൾ കോരിയിടുന്ന മനസ്സുമായി നടക്കുന്നവർ ധ്യാനിക്കേണ്ട ജീവിതം ക്രിസ്തുവിന്റെതാണ്. കുരിശിൽ കിടന്ന് അവിടുന്നു പ്രാർത്ഥിച്ചു. "ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല ഇവരോട് ക്ഷമിക്കണമേ..." (ലൂക്ക 23:34) പകയും വിരോധവും മനസ്സിൽ വച്ചു നടക്കുന്നവൻ ക്രിസ്തുവിന്റെ അനുയായിയല്ല. അവൻ ക്രിസ്തുവിൽ നിന്ന് അകലെയാണ്. ഈ ഈസ്റ്റർ കാലം മറ്റുള്ളവരോട് ക്ഷമിക്കുവാനും പകയുടെ മുറിവുകളെ ക്ഷമയുടെ ലേപനം പുരട്ടി തിരുമുറിവുകളാക്കാനും നമ്മെ സഹായിക്കട്ടെ! ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ!

എന്ന്, **സിന്റോച്ചൻ**





ഉൾക്കാഴ്ച : **പൊറുക്കേണ്ട മുറിവുകൾ....**

പിതാവിനെ കൺമുമ്പിൽ വെച്ച് കൊലപ്പെടുത്തിയവരോടുള്ള പക മനസ്സിൽ കൊണ്ടുനടന്ന് അവസാനം അവരിലൊരുവനെ ക്രൂരമായി വധിച്ച യുവാവിന്റെ സംഭവം വേദപാഠക്ലാസ്സിൽ അദ്ധ്യാപകൻ കുട്ടികളോട് പറഞ്ഞു. ഈ സംഭവത്തെ വിലയിരുത്തുവാൻ പറഞ്ഞപ്പോൾ കുട്ടികൾ എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു "അവൻ അങ്ങനെ തന്നെയാണ് ചെയ്യേണ്ടിയിരുന്നത്". ഇത്രയും നാൾ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും മൂല്യങ്ങളുടെയും പാഠങ്ങൾ പഠിച്ചിട്ട് അവയൊന്നും കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ കയറിയില്ലല്ലോ എന്നോർത്ത് ആ അദ്ധ്യാപകൻ വിഷമിച്ചു.

പലപ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. ലോകത്തിലുള്ള എല്ലാ മനുഷ്യരും ഏതെങ്കിലുമൊരു മതത്തിൽ വിശ്വസിക്കുന്നവരാണ്. ക്ഷമിക്കാനും മറക്കാനും പൊറുക്കാനുമാണ് എല്ലാ മതങ്ങളും ശീലിപ്പിക്കുന്നത്. എന്നിട്ടും മനുഷ്യചരിത്രം നിരന്തരമായ പകവീട്ടലിന്റെ ചരിത്രമായി മാറുന്നു. പകയുടെ ആദ്യപാഠം കുട്ടി പഠിക്കുന്നത് സ്വന്തം വീട്ടിൽ നിന്നാണ്. പിച്ചവച്ച് നടക്കുന്ന കുഞ്ഞ് ഇടയ്ക്കു കാലിടറി വീഴുന്നു. അമ്മ ഓടിവന്ന് കരയുന്ന കുഞ്ഞിനെ എടുത്ത് കുഞ്ഞ് വീണ സ്ഥലത്ത് ആഞ്ഞു ചവിട്ടി പറയും "നീ എന്റെ കുഞ്ഞിനെ ഉന്തിയിട്ടു അല്ലേ?". ഇനി കുഞ്ഞിന്റെ ചേട്ടൻ കുഞ്ഞിനെ കരയിച്ചാലോ? അമ്മ ഓടി വന്ന് "അമ്പടാ, ഇനി കുഞ്ഞിനെ കരയിക്കുമോ?" എന്ന് ചോദിച്ച് ചേട്ടനെ അടിക്കുന്നതായി ഭാവിക്കും. കുഞ്ഞിന്റെ കരച്ചിൽ നിലക്കും. പക്ഷേ പകയുടെ ആദ്യപാഠം താൻ കുഞ്ഞിനെ പഠിപ്പിക്കുകയാണെന്ന് അമ്മ അറിഞ്ഞുകാണുമോ? അയൽക്കാരനുമായുള്ള വഴക്കിന്റെ പേരിൽ സ്വന്തം കുഞ്ഞിനെപ്പോലും അവരോട് സംസാരിക്കുന്നതിൽ നിന്ന് നാം കർശനമായി വിലക്കുന്നു. വാശിയുടെയും പകയുടെയും വിത്തുകൾ ഈ കുഞ്ഞുങ്ങളിൽ നാം തന്നെ വിതച്ചിട്ട്, ഒടുവിൽ അവർ നമുക്കുതന്നെ ഭീഷണിയാകുന്നു എന്നതാണ് സത്യം.

ദ്രോഹിച്ചവർക്കുനേരെ പകയുടെ തീക്കനലുകൾ കോരിയിടുന്ന മനസ്സുമായി നടക്കുന്നവർ ധ്യാനിക്കേണ്ട ജീവിതം ക്രിസ്തുവിന്റേതാണ്. കുരിശിൽ കിടന്ന് അവിടുന്നു പ്രാർത്ഥിച്ചു. "ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല ഇവരോട് ക്ഷമിക്കണമേ..." (ലൂക്ക 23:34) പകയും വിരോധവും മനസ്സിൽ വച്ചു നടക്കുന്നവൻ ക്രിസ്തുവിന്റെ അനുയായിയല്ല. അവൻ ക്രിസ്തുവിൽ നിന്ന് അകലെയാണ്. ഈ ഈസ്റ്റർ കാലം മറ്റുള്ളവരോട് ക്ഷമിക്കുവാനും പകയുടെ മുറിവുകളെ ക്ഷമയുടെ ലേപനം പുരട്ടി തിരുമുറിവുകളാക്കാനും നമ്മെ സഹായിക്കട്ടെ! ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ!

എന്ന്, **സിന്റോച്ചൻ**



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി.എം.ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു, “എന്നെ അനുഗമിക്കുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം”. (മത്താ. 4:19)

ദൈവപരിപാലന : പണ്ടു വീട്ടിലായിരുന്നപ്പോൾ, കുട്ടികളുടെ ധ്യാനത്തിൽ നിന്നും കിട്ടിയ തീഷ്ണത മൂലം ചേച്ചിമാർ എപ്പോഴും പറയുമായിരുന്നു, “ദൈവപരിപാലന”. എന്തിനും ഏതിനും ദൈവപരിപാലന - എന്റെ ജീവിതത്തിൽ ആ ദൈവപരിപാലന ഒത്തിരി ഞാനനുഭവിച്ചിട്ടുണ്ട്. അതിന്റെ തണലിൽ ആശ്വസിച്ചിട്ടുണ്ട്, അഭിമാനിച്ചിട്ടുണ്ട്. നമ്മുടെ എല്ലാവരുടേയും ജീവിതത്തിലേക്ക് വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് സൂക്ഷിച്ചുനോക്കിയാൽ ദൈവത്തിന്റെ കരം നമുക്ക് അഭയവും രക്ഷയും കവചവുമായിരിക്കുന്നത് തെളിഞ്ഞു കാണുവാൻ സാധിക്കും (സങ്കീർത്തനം: 144/2).

2010 ജൂലായ് 25-ാം തിയതിയായിരുന്നു അങ്കിലിസാത്തു തിരുഹൃദയ പള്ളിയിൽവച്ചു നടത്തപ്പെട്ട ആദ്യത്തെ തിരുപ്പട്ടം. ഒപ്പം ഒരു ഡീക്കൻ പട്ടവും ഉണ്ടായിരുന്നു. ഗ്രാമമാണെങ്കിലും അങ്കിലിസാത്തുവിൽവച്ചു പട്ടം നടത്തുവാൻ പിതാവ് അനുവാദം നൽകിയപ്പോൾ ഇടവക ജനങ്ങളോടൊപ്പം ഞാനും സന്തോഷിച്ചു സൗകര്യങ്ങൾ വളരെ കുറവ്; കറണ്ടില്ല, വെള്ളത്തിനും ക്ഷാമം.

തിരുപ്പട്ടത്തിനൊരുങ്ങുന്നയാൾ സ്പിരിറ്റൻ സഭാംഗമായതിനാൽ അവരുടെ പ്രൊവിൻഷ്യാളച്ചനും മറ്റു സഭാംഗങ്ങളും തലസ്ഥാന നഗരിയിൽ നിന്നും വരും; ഡീക്കൻ പട്ടം സ്വികരിക്കുന്നത് ഞങ്ങളുടെ രൂപതയിലുള്ള ശെമ്മാശ്ശനായതിനാൽ രൂപതയിൽ നിന്നും അച്ചന്മാരും ശെമ്മാശ്ശന്മാരും നേരത്തെത്തന്നെ വരും. കേരളത്തിൽ നിന്നു പ്രൊവിൻഷ്യൽ കൗൺസിലർമാരായ പോൾസൺ പാലിയേക്കരയച്ചനും പോൾ ആലങ്ങാട്ടുക്കാരനച്ചനും വരും. ഇതിനെല്ലാം മകുടമായി ഞങ്ങളുടെ പഴയ പിതാവും (BP. ജോസഫ്) പുതിയ പിതാവും (BP. ഫബിയാൻ) വരും.

ഇവിടുത്തെ രീതിയനുസരിച്ച് പട്ടത്തിന്റെ തലേദിവസം വൈകീട്ട് ജാഗരണ പ്രാർത്ഥനയും, തുടർന്നുള്ള പ്രാർത്ഥനായോഗത്തിൽ അർത്ഥികൾ തങ്ങളുടെ ദൈവവിളിയെക്കുറിച്ചും, തങ്ങൾ ഇതുവരെ കടന്നുപോന്ന പഴയ കാലത്തെക്കുറിച്ചും പറയുന്ന ചടങ്ങുകളും ഉണ്ട്. ഇതിലും ധാരാളം പേർ സംബന്ധിക്കും. ആകപ്പാടെ ഒരു ഉത്സവമയമാണ്. പക്ഷെ ആവശ്യം വേണ്ട കറണ്ടും വെള്ളവും ഇല്ല; വരുന്ന അതിഥികൾക്കു താമസിക്കുവാൻ സൗകര്യങ്ങളും കമ്മി. ദേവാലയം പുതുക്കിപ്പണിതെങ്കിലും പട്ടത്തിന്റെ ചട



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി. എം. ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു, ''എന്നെ അനുഗമിക്കുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം''.
(മത്താ. 4:19)

ദൈവപരിപാലന : പണ്ടു വീട്ടിലായിരുന്നപ്പോൾ, കുട്ടികളുടെ ധ്യാനത്തിൽ നിന്നും കിട്ടിയ തീഷ്ണത മൂലം ചേച്ചിമാർ എപ്പോഴും പറയുമായിരുന്നു, ''ദൈവപരിപാലന''. എന്തിനും ഏതിനും ദൈവപരിപാലന - എന്റെ ജീവിതത്തിൽ ആ ദൈവപരിപാലന ഒത്തിരി ഞാനനുഭവിച്ചിട്ടുണ്ട്. അതിന്റെ തണലിൽ ആശ്വസിച്ചിട്ടുണ്ട്, അഭിമാനിച്ചിട്ടുണ്ട്. നമ്മുടെ എല്ലാവരുടേയും ജീവിതത്തിലേക്ക് വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് സൂക്ഷിച്ചുനോക്കിയാൽ ദൈവത്തിന്റെ കരം നമുക്ക് അഭയവും രക്ഷയും കവചവുമായിരിക്കുന്നത് തെളിഞ്ഞു കാണുവാൻ സാധിക്കും (സങ്കീർത്തനം: 144/2).

2010 ജൂലായ് 25-ാം തിയതിയായിരുന്നു അങ്കിലിസാത്തു തിരുഹൃദയ പള്ളിയിൽവച്ചു നടത്തപ്പെട്ട ആദ്യത്തെ തിരുപ്പട്ടം. ഒപ്പം ഒരു ഡീക്കൻ പട്ടവും ഉണ്ടായിരുന്നു. ഗ്രാമമാണെങ്കിലും അങ്കിലിസാത്തുവിൽവച്ചു പട്ടം നടത്തുവാൻ പിതാവ് അനുവാദം നൽകിയപ്പോൾ ഇടവക ജനങ്ങളോടൊപ്പം ഞാനും സന്തോഷിച്ചു സൗകര്യങ്ങൾ വളരെ കുറവ്; കറണ്ടില്ല, വെള്ളത്തിനും ക്ഷാമം.

തിരുപ്പട്ടത്തിനൊരുങ്ങുന്നയാൾ സ്പിരിറ്റൻ സഭാംഗമായതിനാൽ അവരുടെ പ്രൊവിൻഷ്യാളച്ചനും മറ്റു സഭാംഗങ്ങളും തലസ്ഥാന നഗരിയിൽ നിന്നും വരും; ഡീക്കൻ പട്ടം സ്വികരിക്കുന്നത് ഞങ്ങളുടെ രൂപതയിലുള്ള ശെമ്മാശ്ശനായതിനാൽ രൂപതയിൽ നിന്നും അച്ചന്മാരും ശെമ്മാശ്ശന്മാരും നേരത്തെത്തന്നെ വരും. കേരളത്തിൽ നിന്നു പ്രൊവിൻഷ്യൽ കൗൺസിലർമാരായ പോൾസൺ പാലിയേക്കരയച്ചനും പോൾ ആലങ്ങാട്ടുക്കാരനച്ചനും വരും. ഇതിനെല്ലാം മകുടമായി ഞങ്ങളുടെ പഴയ പിതാവും (BP. ജോസഫ്) പുതിയ പിതാവും (BP. ഫബിയാൻ) വരും.

ഇവിടുത്തെ രീതിയനുസരിച്ച് പട്ടത്തിന്റെ തലേദിവസം വൈകീട്ട് ജാഗരണ പ്രാർത്ഥനയും, തുടർന്നുള്ള പ്രാർത്ഥനായോഗത്തിൽ അർത്ഥികൾ തങ്ങളുടെ ദൈവവിളിയെക്കുറിച്ചും, തങ്ങൾ ഇതുവരെ കടന്നുപോന്ന പഴയ കാലത്തെക്കുറിച്ചും പറയുന്ന ചടങ്ങുകളും ഉണ്ട്. ഇതിലും ധാരാളം പേർ സംബന്ധിക്കും. ആകപ്പാടെ ഒരു ഉത്സവമയമാണ്. പക്ഷെ ആവശ്യം വേണ്ട കറണ്ടും വെള്ളവും ഇല്ല; വരുന്ന അതിഥികൾക്കു താമസിക്കുവാൻ സൗകര്യങ്ങളും കമ്മി. ദേവാലയം പുതുക്കിപ്പണിതെങ്കിലും പട്ടത്തിന്റെ ചട

ങ്ങുകൾ നടത്താൻ തക്ക സൗകര്യമില്ല. അതുകൊണ്ട് പുറത്ത് വേറെ പന്തലിട്ടു കർമ്മങ്ങൾ നടത്തണം. റെഡിമെയ്ഡ് പന്തലുകൾ ലഭ്യമല്ലാത്തതുകൊണ്ട് നമ്മൾ തന്നെ അതു കെട്ടിയുണ്ടാക്കണം. കടമ്പകൾ ധാരാളം. ദൈവം പരിപാലിക്കും എന്ന വിശ്വാസമുള്ളതുകൊണ്ട് എല്ലാം ഞങ്ങൾ ഏറ്റെടുത്തു. ഈ സമയം ഷൈജു അച്ചൻ സഹായത്തിനു വന്നിരുന്നത് വളരെ ഉപകാരപ്രദമായി.

5 മീറ്റർ മാത്രം നീളമുണ്ടായിരുന്ന പഴയ സ്റ്റേജ് പൊളിച്ചു. 12 മീറ്റർ നീളത്തിലും വീതിയിലും പുതിയ സ്റ്റേജുണ്ടാക്കി. അതിനായി അടുത്തുള്ള കുന്നിൽ നിന്നും മണ്ണെടുക്കുവാൻ ഇടവകക്കാർ മുന്നോട്ടു വന്നു. പല ആഴ്ചകളിലായി 300- ൽ പരം ലോഡ് മണ്ണ് നമ്മുടെ പിക്കപ്പ് കാറിൽ കൊണ്ടു വന്ന് സ്റ്റേജ് നികത്തി. പള്ളിപ്പറമ്പിലുണ്ടായിരുന്ന യൂക്കാലിപറ്റ്സ് മരങ്ങൾ വെട്ടി സ്റ്റേജിലും മുറ്റത്തും 4 മീറ്റർ ഉയരത്തിൽ തൂണുകളിട്ടു. അതിനു മുകളിൽ പന്തലിടാൻ പള്ളിയിലുള്ള പ്ലാസ്റ്റിക് ഷീറ്റുകൾ തികയാത്തതുക്കൊണ്ട് ജനങ്ങൾ തങ്ങളുടെ നെല്ല് ഉണക്കാൻ ഉപയോഗിക്കുന്ന പത്തും ഇരുപതും മീറ്റർ നീളമുള്ള ഷീറ്റുകൾ കൊണ്ടു വന്നു തന്നു. ജനറേറ്റർ തന്നു സഹായിക്കാനും ആളുണ്ടായി. ഇതോടുകൂടി കറണ്ടില്ലാത്തതു മൂലം പ്രവർത്തിക്കാതിരുന്ന കുഴൽക്കിണറും മോട്ടോറും സജീവമായി. കുടിവെള്ളത്തിനും പരിഹാരമായി. അതിഥികൾക്കു കിടക്കാനായി കിടക്കയും തലയിണകളും വിരികളും ഇടവകക്കാർ തന്നെ കൊണ്ടുവന്നു ഒരുക്കി.

ആധികൾക്കിടയിലൂടെ ഇത്രയും കാര്യങ്ങൾ ദൈവം ഭംഗിയായി നടത്തിത്തന്നു. ഇനിയാണ് ക്ലൈമാക്സ്. ഞായറാഴ്ച പട്ടം, ശനിയാഴ്ച ജാഗരണ പ്രാർത്ഥനയും യോഗവും. അതിനാൽ രണ്ടുദിവസം നേരത്തെ പന്തലിനു വേണ്ടി പ്ലാസ്റ്റിക് ഷീറ്റ് വിരിക്കുവാൻ തീരുമാനിച്ചു. അങ്കിലിസാത്തുവിൽ പ്രവർത്തിക്കുന്ന ഒരു N.G.O സംഘടന, പന്തലിനു ബലം കൂട്ടുവാനും മുകളിൽ കുറുകെ കെട്ടുവാനും കനം കുറഞ്ഞു നീളമുള്ള 60 ഇരുമ്പു പൈപ്പുകൾ തന്നു സഹായിച്ചു. ബുധനാഴ്ച എല്ലാം കെട്ടി ശരിയാക്കി, വ്യാഴാഴ്ച കട്ടി കൂടിയ പ്ലാസ്റ്റിക് ഷീറ്റുകളും മുകളിൽ വിരിച്ചു കെട്ടി നിറുത്തി. വലിയ പണിഭാരങ്ങൾ തീർന്ന ആശ്വാസത്തോടെ ദീർഘശ്വാസവും വിട്ടു നിൽക്കുമ്പോൾ അതാ വരുന്നു കാറ്റും മഴയും! പാതിരാത്രിയിൽ കാറ്റൊന്നു പെരുമാറിയപ്പോൾ യൂക്കാലിപറ്റ്സിന്റെ കാലുകൾ ഇളകിയില്ലെങ്കിലും ഇടക്കു ബലം കൂട്ടാൻ വച്ചിരുന്ന പൈപ്പുകളെല്ലാം താഴെ; പലതും വളഞ്ഞ് നാശമായി, ചില ഷീറ്റുകൾ കീറുകയും ചെയ്തു. പല ദിവസം കൊണ്ട് കെട്ടിയ പന്തൽ ഒരൊറ്റ രാത്രികൊണ്ട് നിലം പരിശായി. ആ മഴയുടെ രാത്രിയിൽ നിലത്തു വീണ പൈപ്പുകൾ കള്ളന്മാർക്ക് പ്രലോഭനമാകാതിരിക്കാൻ വേണ്ടി അടുക്കി വെക്കുവാൻ ഷൈജുവച്ചനും ഞാനും മാത്രം! മനസ്സു കരഞ്ഞുപോയതുപോലെ. പട്ടത്തിനു ഇനി രണ്ടു ദിവസം മാത്രം. മുട്ടിപ്പായി തമ്പുരാനോടപേക്ഷിച്ചു; രാത്രി കഴിഞ്ഞു നേരം വെളുത്തു.

പിറ്റെ ദിവസം ഇടവക്കാർ ഓടിയെത്തി, കാര്യങ്ങൾ വീണ്ടും ഉഷാ

ങ്ങുകൾ നടത്താൻ തക്ക സൗകര്യമില്ല. അതുകൊണ്ട് പുറത്ത് വേറെ പന്തലിട്ടു കർമ്മങ്ങൾ നടത്തണം. റെഡിമെയ്ഡ് പന്തലുകൾ ലഭ്യമല്ലാത്തതുകൊണ്ട് നമ്മൾ തന്നെ അതു കെട്ടിയുണ്ടാക്കണം. കടമ്പകൾ ധാരാളം. ദൈവം പരിപാലിക്കും എന്ന വിശ്വാസമുള്ളതുകൊണ്ട് എല്ലാം ഞങ്ങൾ ഏറ്റെടുത്തു. ഈ സമയം ഷൈജു അച്ചൻ സഹായത്തിനു വന്നിരുന്നത് വളരെ ഉപകാരപ്രദമായി.

5 മീറ്റർ മാത്രം നീളമുണ്ടായിരുന്ന പഴയ സ്റ്റേജ് പൊളിച്ചു. 12 മീറ്റർ നീളത്തിലും വീതിയിലും പുതിയ സ്റ്റേജുണ്ടാക്കി. അതിനായി അടുത്തുള്ള കുന്നിൽ നിന്നും മണ്ണെടുക്കുവാൻ ഇടവകക്കാർ മുന്നോട്ടു വന്നു. പല ആഴ്ചകളിലായി 300- ൽ പരം ലോഡ് മണ്ണ് നമ്മുടെ പിക്കപ്പ് കാറിൽ കൊണ്ടു വന്ന് സ്റ്റേജ് നികത്തി. പള്ളിപ്പറമ്പിലുണ്ടായിരുന്ന യൂക്കാലിപറ്റ്സ് മരങ്ങൾ വെട്ടി സ്റ്റേജിലും മുറ്റത്തും 4 മീറ്റർ ഉയരത്തിൽ തൂണുകളിട്ടു. അതിനു മുകളിൽ പന്തലിടാൻ പള്ളിയിലുള്ള പ്ലാസ്റ്റിക് ഷീറ്റുകൾ തികയാത്തതുക്കൊണ്ട് ജനങ്ങൾ തങ്ങളുടെ നെല്ല് ഉണക്കാൻ ഉപയോഗിക്കുന്ന പത്തും ഇരുപതും മീറ്റർ നീളമുള്ള ഷീറ്റുകൾ കൊണ്ടു വന്നു തന്നു. ജനറേറ്റർ തന്നു സഹായിക്കാനും ആളുണ്ടായി. ഇതോടുകൂടി കറണ്ടില്ലാത്തതു മൂലം പ്രവർത്തിക്കാതിരുന്ന കുഴൽക്കിണറും മോട്ടോറും സജീവമായി. കുടിവെള്ളത്തിനും പരിഹാരമായി. അതിഥികൾക്കു കിടക്കാനായി കിടക്കയും തലയിണകളും വിരികളും ഇടവകക്കാർ തന്നെ കൊണ്ടുവന്നു ഒരുക്കി.

ആധികൾക്കിടയിലൂടെ ഇത്രയും കാര്യങ്ങൾ ദൈവം ഭംഗിയായി നടത്തിത്തന്നു. ഇനിയാണ് ക്ലൈമാക്സ്. ഞായറാഴ്ച പട്ടം, ശനിയാഴ്ച ജാഗരണ പ്രാർത്ഥനയും യോഗവും. അതിനാൽ രണ്ടുദിവസം നേരത്തെ പന്തലിനു വേണ്ടി പ്ലാസ്റ്റിക് ഷീറ്റ് വിരിക്കുവാൻ തീരുമാനിച്ചു. അങ്കിലിസാത്തുവിൽ പ്രവർത്തിക്കുന്ന ഒരു N.G.O സംഘടന, പന്തലിനു ബലം കൂട്ടുവാനും മുകളിൽ കുറുകെ കെട്ടുവാനും കനം കുറഞ്ഞു നീളമുള്ള 60 ഇരുമ്പു പൈപ്പുകൾ തന്നു സഹായിച്ചു. ബുധനാഴ്ച എല്ലാം കെട്ടി ശരിയാക്കി, വ്യാഴാഴ്ച കട്ടി കൂടിയ പ്ലാസ്റ്റിക് ഷീറ്റുകളും മുകളിൽ വിരിച്ചു കെട്ടി നിറുത്തി. വലിയ പണിഭാരങ്ങൾ തീർന്ന ആശ്വാസത്തോടെ ദീർഘശ്വാസവും വിട്ടു നിൽക്കുമ്പോൾ അതാ വരുന്നു കാറ്റും മഴയും! പാതിരാത്രിയിൽ കാറ്റൊന്നു പെരുമാറിയപ്പോൾ യൂക്കാലിപറ്റ്സിന്റെ കാലുകൾ ഇളകിയില്ലെങ്കിലും ഇടക്കു ബലം കൂട്ടാൻ വച്ചിരുന്ന പൈപ്പുകളെല്ലാം താഴെ; പലതും വളഞ്ഞ് നാശമായി, ചില ഷീറ്റുകൾ കീറുകയും ചെയ്തു. പല ദിവസം കൊണ്ട് കെട്ടിയ പന്തൽ ഒരൊറ്റ രാത്രികൊണ്ട് നിലം പരിശായി. ആ മഴയുടെ രാത്രിയിൽ നിലത്തു വീണ പൈപ്പുകൾ കള്ളന്മാർക്ക് പ്രലോഭനമാകാതിരിക്കാൻ വേണ്ടി അടുക്കി വെക്കുവാൻ ഷൈജുവച്ചനും ഞാനും മാത്രം! മനസ്സു കരഞ്ഞുപോയതുപോലെ. പട്ടത്തിനു ഇനി രണ്ടു ദിവസം മാത്രം. മുട്ടിപ്പായി തമ്പുരാനോടപേക്ഷിച്ചു; രാത്രി കഴിഞ്ഞു നേരം വെളുത്തു.

പിറ്റേ ദിവസം ഇടവക്കാർ ഓടിയെത്തി, കാര്യങ്ങൾ വീണ്ടും ഉഷാ

റായി. പക്ഷെ കാറ്റു ശമിക്കാതെ, എങ്ങിനെ പന്തലുയർത്തും? തമ്പുരാനോടു പ്രാർത്ഥിച്ചുകൊണ്ടു വെള്ളിയാഴ്ച എല്ലാം വീണ്ടും കെട്ടിയുയർത്തി. സ്റ്റേജിലുള്ള കർമ്മങ്ങൾക്ക് തടസ്സമാകാതിരിക്കാൻ എല്ലാം ഉയരത്തിൽ തന്നെ. വെള്ളിയാഴ്ച രാത്രിയായി. ഇവിടെയാണ് ദൈവപരിപാലനയുടെ കരം ശരിക്കും അനുഭവപ്പെട്ടു തുടങ്ങിയത്. ഇവിടംമുതൽ ഇനിയങ്ങോട്ട് ഒരു മഴയോ കാറ്റോ ഉണ്ടായിരുന്നില്ല എന്നുള്ളതാണത്. ഒരില പോലും അനങ്ങാത്ത ശാന്തത. വ്യാഴാഴ്ചയിലെ കാറ്റും മഴയും ശനിയാഴ്ച ആയിരുന്നുവെങ്കിലോ? ഓർക്കാൻ പോലും ഭയം! ശനിയാഴ്ചയിലെയും ഞായറാഴ്ചയിലെയും തിരുകർമ്മങ്ങൾ വളരെ ഭംഗിയായി നടന്നു. ഞായറാഴ്ച രാവിലെ തുടങ്ങിയ പട്ടകർമ്മങ്ങൾ ഉച്ചക്ക് അവസാനിച്ചപ്പോൾ ദൈവപരിപാലനയെക്കുറിച്ചുള്ള എന്റെ ആഹ്ളാദവും അഭിമാനവും സ്റ്റേജിലുള്ളവരോടും ജനങ്ങളോടും ഞാൻ പങ്കുവച്ചു. എല്ലാവരും കൈ അടിച്ച് അതിൽ പങ്കുചേർന്നു. 59-ാം സങ്കീർത്തനം പറയുന്നു, "ദൈവമെ അങ്ങാണ് എന്റെ ദുർഗം, എന്നോടു കാരുണ്യം കാണിക്കുന്ന ദൈവം". ഹൊറേബ് മലയിൽ ഏലിയ നിവ്യാക്ക് ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ ആദ്യം വന്നത് കൊടുങ്കാറ്റും ഭൂമികുലുക്കവും ആയിരുന്നുവല്ലൊ. (1രാജാ : 19)

2010 നവംബർ 13-ാം തിയ്യതി. തലസ്ഥാന നഗരിയിൽപ്പോയി 650 കി.മീ. അകലെയുള്ള ഞങ്ങളുടെ ഭവനത്തിലേക്ക് മടങ്ങി വരുന്ന സമയം. സാധാരണ ഇവിടെ വരുമ്പോൾ ആവശ്യമുള്ളതും ഞങ്ങളുടെ അടുത്ത ടൗണിൽ ലഭിക്കാത്തതുമായ സാധനങ്ങൾ വാങ്ങി വണ്ടി നിറക്കും. സുഖമില്ലാത്തതുകൊണ്ട് രാവിലെത്തന്നെ മരുന്നു കഴിച്ചാണ് യാത്ര തുടങ്ങിയത്. വണ്ടിയിൽ ഞാനും അഗസ്റ്റിനച്ചനും പിന്നെ നിറച്ച് സാധനങ്ങളും. ക്ഷീണം മൂലം വണ്ടിയോടിക്കുവാൻ ബുദ്ധിമുട്ടു തോന്നിയെങ്കിലും വേഗം വീടെത്താനുള്ള ആഗ്രഹത്തിലും പിറ്റേന്നു ഞായറാഴ്ചയായതിനാലും നിറുത്താതെ ഓടിച്ചു. ഏകദേശം പകുതി വഴി പിന്നിട്ടു. ഇനി ഇറക്കവും വളവും ഉള്ള വഴിയാണ്. തീരെ വയ്യാതായെങ്കിലും ഇറക്കം കഴിഞ്ഞാൽ എത്തുന്ന ചെറിയ ടൗണിൽ ഉച്ച ഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും ചെയ്യാമെന്നു കരുതി. പക്ഷെ അവിടെയെത്തിയില്ല! അതിനു മുമ്പ് വണ്ടി കൈവിട്ടു പോയി, ഒരു കലുങ്കിലിടിച്ചു നിന്നു. വണ്ടി നേരത്തെ നിറുത്തി വിശ്രമിക്കാഞ്ഞത് എന്റെ തെറ്റാണെങ്കിലും ദൈവം പരിപാലിച്ചു. ഞങ്ങൾക്കു രണ്ടുപേർക്കും ഒരു പോറൽപോലും ഏറ്റില്ല. റോഡിന്റെ ഒരു വശം ഉയർന്നതും മറുവശം താഴ്ചയുമുള്ള ഒരു മലഞ്ചെരിവിലൂടെയായിരുന്നു ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നത്. ഏതെങ്കിലും കാരണവശാൽ താഴ്ചയുള്ള സ്ഥലത്തേക്കാണ് വണ്ടി കൈവിട്ടുപോയിരുന്നതെങ്കിൽ ഒരു പക്ഷെ ഇതെഴുതാൻ ഞാനുണ്ടാകുമായിരുന്നില്ല. എന്നെ പരിപാലിച്ചത് കർത്താവാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഒരു പക്ഷെ കൂടുതൽ തമ്പുരാനോടടുക്കുവാനുള്ള സന്ദേശവുമാകാം. പിന്നീട് പല പ്രാവശ്യവും ദീർഘയാത്രകൾ ചെയ്തിട്ടുണ്ടെങ്കിലും വലിയ ക്ഷീണമൊന്നും അനുഭവപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, അപകടം കഴിഞ്ഞ

റായി. പക്ഷെ കാറ്റു ശമിക്കാതെ, എങ്ങിനെ പന്തലുയർത്തും? തമ്പുരാനോടു പ്രാർത്ഥിച്ചുകൊണ്ടു വെള്ളിയാഴ്ച എല്ലാം വീണ്ടും കെട്ടിയുയർത്തി. സ്റ്റേജിലുള്ള കർമ്മങ്ങൾക്ക് തടസ്സമാകാതിരിക്കാൻ എല്ലാം ഉയരത്തിൽ തന്നെ. വെള്ളിയാഴ്ച രാത്രിയായി. ഇവിടെയാണ് ദൈവപരിപാലനയുടെ കരം ശരിക്കും അനുഭവപ്പെട്ടു തുടങ്ങിയത്. ഇവിടംമുതൽ ഇനിയങ്ങോട്ട് ഒരു മഴയോ കാറ്റോ ഉണ്ടായിരുന്നില്ല എന്നുള്ളതാണത്. ഒരില പോലും അനങ്ങാത്ത ശാന്തത. വ്യാഴാഴ്ചയിലെ കാറ്റും മഴയും ശനിയാഴ്ച ആയിരുന്നുവെങ്കിലോ? ഓർക്കാൻ പോലും ഭയം! ശനിയാഴ്ചയിലെയും ഞായറാഴ്ചയിലെയും തിരുകർമ്മങ്ങൾ വളരെ ഭംഗിയായി നടന്നു. ഞായറാഴ്ച രാവിലെ തുടങ്ങിയ പട്ടകർമ്മങ്ങൾ ഉച്ചക്ക് അവസാനിച്ചപ്പോൾ ദൈവപരിപാലനയെക്കുറിച്ചുള്ള എന്റെ ആഹ്ളാദവും അഭിമാനവും സ്റ്റേജിലുള്ളവരോടും ജനങ്ങളോടും ഞാൻ പങ്കുവച്ചു. എല്ലാവരും കൈ അടിച്ച് അതിൽ പങ്കുചേർന്നു. 59-ാം സങ്കീർത്തനം പറയുന്നു, "ദൈവമെ അങ്ങാണ് എന്റെ ദുർഗം, എന്നോടു കാരുണ്യം കാണിക്കുന്ന ദൈവം". ഹൊറേബ് മലയിൽ ഏലിയ നിവ്യാക്ക് ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ ആദ്യം വന്നത് കൊടുങ്കാറ്റും ഭൂമികുലുക്കവും ആയിരുന്നുവല്ലൊ. (1രാജാ : 19)

2010 നവംബർ 13-ാം തിയ്യതി. തലസ്ഥാന നഗരിയിൽപ്പോയി 650 കി.മീ. അകലെയുള്ള ഞങ്ങളുടെ ഭവനത്തിലേക്ക് മടങ്ങി വരുന്ന സമയം. സാധാരണ ഇവിടെ വരുമ്പോൾ ആവശ്യമുള്ളതും ഞങ്ങളുടെ അടുത്ത ടൗണിൽ ലഭിക്കാത്തതുമായ സാധനങ്ങൾ വാങ്ങി വണ്ടി നിറക്കും. സുഖമില്ലാത്തതുകൊണ്ട് രാവിലെത്തന്നെ മരുന്നു കഴിച്ചാണ് യാത്ര തുടങ്ങിയത്. വണ്ടിയിൽ ഞാനും അഗസ്റ്റിനച്ചനും പിന്നെ നിറച്ച് സാധനങ്ങളും. ക്ഷീണം മൂലം വണ്ടിയോടിക്കുവാൻ ബുദ്ധിമുട്ടു തോന്നിയെങ്കിലും വേഗം വീടെത്താനുള്ള ആഗ്രഹത്തിലും പിറ്റേന്നു ഞായറാഴ്ചയായതിനാലും നിറുത്താതെ ഓടിച്ചു. ഏകദേശം പകുതി വഴി പിന്നിട്ടു. ഇനി ഇറക്കവും വളവും ഉള്ള വഴിയാണ്. തീരെ വയ്യാതായെങ്കിലും ഇറക്കം കഴിഞ്ഞാൽ എത്തുന്ന ചെറിയ ടൗണിൽ ഉച്ച ഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും ചെയ്യാമെന്നു കരുതി. പക്ഷെ അവിടെയെത്തിയില്ല! അതിനു മുമ്പ് വണ്ടി കൈവിട്ടു പോയി, ഒരു കലുങ്കിലിടിച്ചു നിന്നു. വണ്ടി നേരത്തെ നിറുത്തി വിശ്രമിക്കാഞ്ഞത് എന്റെ തെറ്റാണെങ്കിലും ദൈവം പരിപാലിച്ചു. ഞങ്ങൾക്കു രണ്ടുപേർക്കും ഒരു പോറൽപോലും ഏറ്റില്ല. റോഡിന്റെ ഒരു വശം ഉയർന്നതും മറുവശം താഴ്ചയുമുള്ള ഒരു മലഞ്ചെരിവിലൂടെയായിരുന്നു ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നത്. ഏതെങ്കിലും കാരണവശാൽ താഴ്ചയുള്ള സ്ഥലത്തേക്കാണ് വണ്ടി കൈവിട്ടുപോയിരുന്നതെങ്കിൽ ഒരു പക്ഷെ ഇതെഴുതാൻ ഞാനുണ്ടാകുമായിരുന്നില്ല. എന്നെ പരിപാലിച്ചത് കർത്താവാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഒരു പക്ഷെ കൂടുതൽ തമ്പുരാനോടടുക്കുവാനുള്ള സന്ദേശവുമാകാം. പിന്നീട് പല പ്രാവശ്യവും ദീർഘയാത്രകൾ ചെയ്തിട്ടുണ്ടെങ്കിലും വലിയ ക്ഷീണമൊന്നും അനുഭവപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, അപകടം കഴിഞ്ഞ



# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**കത്തോലിക്കാ സഭയിൽ 123 കോടി അംഗങ്ങൾ :** കത്തോലിക്കാസഭയിൽ ഇപ്പോൾ 123 കോടി അംഗങ്ങൾ ഉണ്ടെന്ന് സഭയുടെ വാർത്താ ഏജൻസിയായ 'ഫിദസ്' അറിയിച്ചു. അമേരിക്കൻ, ആഫ്രിക്കൻ വൻകരകളിലാണ് സഭ കൂടുതൽ വളർച്ച നേടിയത്. ലോക ജനസംഖ്യയിൽ 17.49% ആണ് കത്തോലിക്കർ.

**സഭൈക്യത്തിനായി കത്തോലിക്കാ - ഓർത്തഡോക്സ് സംവാദം :** ദൈവശാസ്ത്ര സംവാദത്തിനായി കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള രാജ്യാന്തര കമ്മീഷൻ യോഗം റോമിൽ തുടങ്ങി. വൈവിധ്യങ്ങളെ ഏകോപിപ്പിക്കുകയും അഭിപ്രായവ്യത്യാസങ്ങൾ അതിജീവിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിലാണ് സഭൈക്യം സംഭവിക്കേണ്ടതെന്നും എല്ലാ സഭകളും ഏക സുവിശേഷത്തിന്റെ ശുശ്രൂഷയിലാണെന്നും യോഗത്തിൽ മാർപാപ്പ ഓർമ്മിപ്പിച്ചു.

**മതസ്വാതന്ത്ര്യം ഉറപ്പാക്കും : പ്രധാനമന്ത്രി -** രാജ്യത്തു മതസ്വാതന്ത്ര്യം ഉറപ്പാക്കുമെന്നും മതസൗഹാർദ്ദം ഭാരത സംസ്കാരത്തിന്റെ ഭാഗമാണെന്നും മതവിദ്വേഷം വളർത്താൻ ഒരു സംഘടനയേയും അനുവദിക്കയില്ലെന്നും എല്ലാ മതങ്ങൾക്കും തുല്യ പരിഗണന ഉറപ്പാക്കാൻ തന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും നരേന്ദ്രമോദി വ്യക്തമാക്കി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും എവുപ്രാസ്യമ്മയെയും വിശുദ്ധ ഗണത്തിലേക്കുയർത്തിയതിന്റെ ദേശീയതല ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**സഭയുടെ സുസ്ഥിതിക്ക് മതബോധനം ആവശ്യം :** സഭാപ്രബോധനങ്ങളുടെ പുരോഗതി പരിശോധിക്കുവാനുള്ള ഏകമാർഗം മതബോധനമാണെന്ന് നവസുവിശേഷവൽക്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റ് ആർച്ച് ബിഷപ്പ് റൈനോ ഫിസിക്കേലാ പ്രസ്താവിച്ചു. റോമിൽ ആരംഭിച്ച യൂറോപ്പിലെ മതബോധന കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന മെത്രാന്മാരുടെ സമ്മേളനത്തിലാണ് ആർച്ച് ബിഷപ്പ് ഫിസിക്കേലാ ഇങ്ങനെ ചൂണ്ടിക്കാട്ടിയത്.

---

**മനുഷ്യരെ നേടുന്ന മുക്കുവന്മാർ** (തുടർച്ച)

വഴിയിലൂടെ ഓരോ പ്രാവശ്യവും കടന്നു പോകേണ്ടി വന്നപ്പോഴെല്ലാം ഈ ദൈവപരിപാലനയെക്കുറിച്ച് ഓർത്തു ഞാൻ അഭിമാനിക്കുകയും ആഹ്ളാദിക്കാറുമുണ്ട്. 121 -ാം സങ്കീർത്തനം പറയുന്നു. "എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു. നിന്റെ കാൽ വഴുതാൻ അവിടുന്നു സമ്മതിക്കുകയില്ല. നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. കർത്താവാണു നിന്റെ കാവൽക്കാരൻ".

(തുടരും)



# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**കത്തോലിക്കാ സഭയിൽ 123 കോടി അംഗങ്ങൾ :** കത്തോലിക്കാസഭയിൽ ഇപ്പോൾ 123 കോടി അംഗങ്ങൾ ഉണ്ടെന്ന് സഭയുടെ വാർത്താ ഏജൻസിയായ 'ഫിദസ്' അറിയിച്ചു. അമേരിക്കൻ, ആഫ്രിക്കൻ വൻകരകളിലാണ് സഭ കൂടുതൽ വളർച്ച നേടിയത്. ലോക ജനസംഖ്യയിൽ 17.49% ആണ് കത്തോലിക്കർ.

**സഭൈക്യത്തിനായി കത്തോലിക്കാ - ഓർത്തഡോക്സ് സംവാദം :** ദൈവശാസ്ത്ര സംവാദത്തിനായി കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള രാജ്യാന്തര കമ്മീഷൻ യോഗം റോമിൽ തുടങ്ങി. വൈവിധ്യങ്ങളെ ഏകോപിപ്പിക്കുകയും അഭിപ്രായവ്യത്യാസങ്ങൾ അതിജീവിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിലാണ് സഭൈക്യം സംഭവിക്കേണ്ടതെന്നും എല്ലാ സഭകളും ഏക സുവിശേഷത്തിന്റെ ശുശ്രൂഷയിലാണെന്നും യോഗത്തിൽ മാർപാപ്പ ഓർമ്മിപ്പിച്ചു.

**മതസ്വാതന്ത്ര്യം ഉറപ്പാക്കും : പ്രധാനമന്ത്രി -** രാജ്യത്തു മതസ്വാതന്ത്ര്യം ഉറപ്പാക്കുമെന്നും മതസൗഹാർദ്ദം ഭാരത സംസ്കാരത്തിന്റെ ഭാഗമാണെന്നും മതവിദ്വേഷം വളർത്താൻ ഒരു സംഘടനയേയും അനുവദിക്കയില്ലെന്നും എല്ലാ മതങ്ങൾക്കും തുല്യ പരിഗണന ഉറപ്പാക്കാൻ തന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും നരേന്ദ്രമോദി വ്യക്തമാക്കി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും എവുപ്രാസ്യമ്മയെയും വിശുദ്ധ ഗണത്തിലേക്കുയർത്തിയതിന്റെ ദേശീയതല ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**സഭയുടെ സുസ്ഥിതിക്ക് മതബോധനം ആവശ്യം :** സഭാപ്രബോധനങ്ങളുടെ പുരോഗതി പരിശോധിക്കുവാനുള്ള ഏകമാർഗം മതബോധനമാണെന്ന് നവസുവിശേഷവൽക്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റ് ആർച്ച് ബിഷപ്പ് റൈനോ ഫിസിക്കേലാ പ്രസ്താവിച്ചു. റോമിൽ ആരംഭിച്ച യൂറോപ്പിലെ മതബോധന കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന മെത്രാന്മാരുടെ സമ്മേളനത്തിലാണ് ആർച്ച് ബിഷപ്പ് ഫിസിക്കേലാ ഇങ്ങനെ ചൂണ്ടിക്കാട്ടിയത്.

---

**മനുഷ്യരെ നേടുന്ന മുക്കുവന്മാർ** (തുടർച്ച)

വഴിയിലൂടെ ഓരോ പ്രാവശ്യവും കടന്നു പോകേണ്ടി വന്നപ്പോഴെല്ലാം ഈ ദൈവപരിപാലനയേക്കുറിച്ച് ഓർത്തു ഞാൻ അഭിമാനിക്കുകയും ആഹ്ളാദിക്കാറുമുണ്ട്. 121 -ാം സങ്കീർത്തനം പറയുന്നു. "എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു. നിന്റെ കാൽ വഴുതാൻ അവിടുന്നു സമ്മതിക്കുകയില്ല. നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. കർത്താവാണു നിന്റെ കാവൽക്കാരൻ".

(തുടരും)

# ജാലകത്തിലൂടെ...



ജെസ്റ്റിൻ ജോസ് എം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ മൂകർ, ബുദ്ധി മാന്ദ്യം സംഭവിച്ചവർ, 40% അംഗവൈകല്യം ഉള്ള മറ്റു ഭിന്നശേഷിയുള്ളവർ, അന്ധർ (100% കാഴ്ചശക്തി നശിച്ചവർ) എന്നിവർക്ക് പ്രതിമാസം 700/- രൂപ വീതം പെൻഷൻ നൽകുന്ന സംവിധാനം നിലവിലുണ്ട് (സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 339/2013/ധനം തിയ്യതി 12/07/2013). ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്ക് നോക്കാം. അപേക്ഷകൻ ശാരീരികമായി അവശത നേരിടുന്നവനോ അതായത് മൂകനോ, ബധിരനോ, അന്ധനോ, അസ്ഥി സംബന്ധമായി വികലതയുള്ളവനോ, ഉപജീവനമാർഗ്ഗം നേടാൻ പരിപൂർണ്ണ ദൗർബല്യം ഉള്ളവനോ, സ്ഥിരമായി ശേഷി നഷ്ടപ്പെട്ടവനോ ആകണം. അതുപോലെ തന്നെ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 300000/- രൂപയിൽ താഴെയായിരിക്കണം. ഈ പെൻഷനു അർഹത ഉന്നയിക്കുന്നവർക്ക് ഇരുപതു വയസ്സോ അതിൽ കവിഞ്ഞ പ്രായമുള്ള ബന്ധുക്കൾ അതായത് അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ എന്നിവരാരും ഇല്ലാത്തവരോ, അഥവാ അപ്രകാരമുള്ള ബന്ധുക്കൾ ആരെങ്കിലുമുണ്ടെങ്കിൽ മുകളിൽ പറഞ്ഞിരിയ്ക്കുന്ന വാർഷിക വരുമാനം ബന്ധുക്കൾക്കാർക്കും ഇല്ലാത്തവരും ആയിരിക്കണം.

അപേക്ഷ പഞ്ചായത്തിലോ / മുനിസിപ്പാലിറ്റിയിലോ ആണ് നൽകേണ്ടത്. അപേക്ഷയോടൊപ്പം മെഡിക്കൽ ബോർഡിൽ നിന്നും ഭിന്നശേഷി സൂചിപ്പിച്ചുകൊണ്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. പ്രാഥമിക പരിശോധനകൾക്കു ശേഷം അപേക്ഷ അംഗീകരിക്കുന്നതോടെ പെൻഷനു യോഗ്യത നേടുന്നു. പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് ജില്ലാ കളക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നു. ഈ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് പെൻഷൻ തുക ലഭിച്ചു തുടങ്ങുക. പുതിയൊരു സാമൂഹ്യ സേവന പദ്ധതിയുടെ വിവരങ്ങളുമായി അടുത്തലക്കത്തിൽ വീണ്ടും കാണാം.

## ഉപകാരസ്മരണ

അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കുരിശുമുത്തപ്പാ,
ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും ചെയ്തുതന്ന
എല്ലാ ഉപകാരങ്ങൾക്കുമായി കുരിശുമുത്തപ്പന്
ആയിരമായിരം നന്ദിയും സ്തുതിയും അർപ്പിക്കുന്നു

**മേരിചുമ്മാർ**

# ജാലകത്തിലൂടെ...



ജെസ്റ്റിൻ ജോസ് എം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ മൂകർ, ബുദ്ധി മാന്ദ്യം സംഭവിച്ചവർ, 40% അംഗവൈകല്യം ഉള്ള മറ്റു ഭിന്നശേഷിയുള്ളവർ, അന്ധർ (100% കാഴ്ചശക്തി നശിച്ചവർ) എന്നിവർക്ക് പ്രതിമാസം 700/- രൂപ വീതം പെൻഷൻ നൽകുന്ന സംവിധാനം നിലവിലുണ്ട് (സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 339/2013/ധനം തിയ്യതി 12/07/2013). ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്ക് നോക്കാം. അപേക്ഷകൻ ശാരീരികമായി അവശത നേരിടുന്നവനോ അതായത് മൂകനോ, ബധിരനോ, അന്ധനോ, അസ്ഥി സംബന്ധമായി വികലതയുള്ളവനോ, ഉപജീവനമാർഗ്ഗം നേടാൻ പരിപൂർണ്ണ ദൗർബല്യം ഉള്ളവനോ, സ്ഥിരമായി ശേഷി നഷ്ടപ്പെട്ടവനോ ആകണം. അതുപോലെ തന്നെ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 300000/- രൂപയിൽ താഴെയായിരിക്കണം. ഈ പെൻഷനു അർഹത ഉന്നയിക്കുന്നവർക്ക് ഇരുപതു വയസ്സോ അതിൽ കവിഞ്ഞ പ്രായമുള്ള ബന്ധുക്കൾ അതായത് അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ എന്നിവരാരും ഇല്ലാത്തവരോ, അഥവാ അപ്രകാരമുള്ള ബന്ധുക്കൾ ആരെങ്കിലുമുണ്ടെങ്കിൽ മുകളിൽ പറഞ്ഞിരിയ്ക്കുന്ന വാർഷിക വരുമാനം ബന്ധുക്കൾക്കാർക്കും ഇല്ലാത്തവരും ആയിരിക്കണം.

അപേക്ഷ പഞ്ചായത്തിലോ / മുനിസിപ്പാലിറ്റിയിലോ ആണ് നൽകേണ്ടത്. അപേക്ഷയോടൊപ്പം മെഡിക്കൽ ബോർഡിൽ നിന്നും ഭിന്നശേഷി സൂചിപ്പിച്ചുകൊണ്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. പ്രാഥമിക പരിശോധനകൾക്കു ശേഷം അപേക്ഷ അംഗീകരിക്കുന്നതോടെ പെൻഷനു യോഗ്യത നേടുന്നു. പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് ജില്ലാ കളക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നു. ഈ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് പെൻഷൻ തുക ലഭിച്ചു തുടങ്ങുക. പുതിയൊരു സാമൂഹ്യ സേവന പദ്ധതിയുടെ വിവരങ്ങളുമായി അടുത്തലക്കത്തിൽ വീണ്ടും കാണാം.

---


## ഉപകാരസ്മരണ

അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കുരിശുമുത്തപ്പാ,
ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും ചെയ്തുതന്ന
എല്ലാ ഉപകാരങ്ങൾക്കുമായി കുരിശുമുത്തപ്പന്
ആയിരമായിരം നന്ദിയും സ്തുതിയും അർപ്പിക്കുന്നു

**മേരിചുമ്മാർ**

**സാക്ഷ്യം**

# എനിക്ക് ജീവിതം തിരിച്ചുതന്ന കുരിശുമുത്തപ്പാ.. നന്ദി... ഒരായിരം നന്ദി.....!




ജെയ്സൻ പൊന്നാരി
വടക്കുംചേരി

പാലക്കാട് ജില്ലയിലെ വടക്കുംചേരി സ്വദേശിയാണ് ഞാൻ. ഭാര്യ ജിജിയും 15ഉം 13ഉം വയസ് പ്രായമുള്ള ആമോസ്, അബ്രാഹാം എന്നീ മക്കളുമൊത്ത് ദൈവം കനിഞ്ഞു നൽകിയ സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുകയായിരുന്നു ഞാൻ. പഴയ വീടുകൾ പൊളിച്ചെടുത്ത് വിൽക്കുന്ന ചെറിയൊരു ബിസിനസിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് ഞങ്ങൾ ജീവിച്ചു പോന്നു. ഒരു വാടക വീട്ടിലായിരുന്നു താമസം. സ്വന്തമായുള്ള 3 സെന്റ് സ്ഥലത്ത് പണിതുകൊണ്ടിരുന്ന വീട് പണി പൂർത്തിയാക്കി അങ്ങോട്ടു മാറുവാൻ കാത്തിരിക്കുകയായിരുന്നു ഞങ്ങൾ. അങ്ങിനെയിരിക്കെ സഹിക്കാൻ കഴിയാത്ത തല വേദന മൂലം ഒരു ദിവസം ഞാൻ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വന്ന് ഡോക്ടറെ കണ്ടു. പരിശോധയിൽ, കണ്ണിന്റെ തകരാറാണ് എന്നു പറഞ്ഞ് മരുന്നുകൾ തന്ന് എന്നെ പറഞ്ഞയച്ചു. എന്നാൽ 4-ാം ദിവസം തലവേദനയ്ക്കു പുറമെ പനിയും ഛർദ്ദിയും ബാധിച്ച് 2014 ഡിസംബർ 22-ാം തിയ്യതി ഞാൻ മെഡിക്കൽ കോളേജിൽ വന്ന് അഡ്മിറ്റായി. ഡോക്ടർമാർ എന്റെ നട്ടെല്ലിൽ നിന്ന് ദ്രാവകം കുത്തിയെടുത്ത് പരിശോധനയ്ക്കയച്ചു. റിസൽട്ട് വന്നപ്പോൾ എന്റെ തലച്ചോറിൽ ഗുരുതരമായ നിലയിൽ പഴുപ്പ് ബാധിച്ചിരിക്കുകയാണ് എന്നും മെനഞ്ചൈറ്റിസ് എന്ന രോഗമാണ് എനിക്കുള്ളതെന്നും സ്ഥിരീകരിച്ചു.

ഒന്നുകിൽ മരണം അല്ലെങ്കിൽ ശരീരം തളരുക എന്നതായിരിക്കും സംഭവിക്കുക എന്ന് ഡോക്ടർമാർ പറഞ്ഞപ്പോൾ ഞങ്ങൾ തകർന്നുപോയി. 26-ാം തിയ്യതി എനിക്ക് 3 പ്രാവശ്യം ഫിക്സ് വന്നപ്പോൾ ഡോക്ടർമാർ ഇനി ഞാൻ രക്ഷപ്പെടുകയില്ല എന്ന നിഗമനത്തിലെത്തി. ഈ രോഗം മൂലം മരിച്ചവരുടെ ശരീരം ഫ്രീസറിലേ കൊണ്ടുപോകാവൂ, അല്ലെങ്കിൽ മൂക്കിൽ നിന്നും രക്തം വരും എന്നും അവർ എന്റെ ബന്ധുക്കളെ അറിയിച്ചു. ജീവനോടെ ഒരു ദിവസമെങ്കിലും സ്വന്തം വീട്ടിൽ താമസിക്കുവാൻ എന്റെ ഭർത്താവിനെ അനുവദിക്കണേ ദൈവമേ, എന്നായിരുന്നു എന്റെ ഭാര്യയുടെ അപ്പോഴത്തെ പ്രാർത്ഥന. കാരണം സ്വന്തം വീട്ടിലെ താമസം ഞാൻ അത്രയേറെ മോഹിച്ചിരുന്നു എന്ന് അവൾക്കറിയാമായിരുന്നു. വിവരം അറിഞ്ഞ എന്റെ ഇടവകക്കാരും വികാരിയച്ചനും എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. നാട്ടുകാർ സംഘടിച്ച് എന്നെ കിടത്താനുള്ള മുറി ടൈലിട്ട്, വയറിംഗ് നടത്തി ലൈറ്റും ഫാനുമൊക്കെ ഫിറ്റ് ചെയ്ത് കാത്തിരുന്നു.

ഇതിനിടെ എന്റെ സ്ഥിതി അറിഞ്ഞ എന്റെ അമ്മയുടെ അനുജത്തി

സാക്ഷ്യം



# എനിക്ക് ജീവിതം തിരിച്ചുതന്ന കുരിശുമുത്തപ്പാ.. നന്ദി... ഒരായിരം നന്ദി.....!

ജെയ്സൻ പൊന്നാരി
വടക്കുംചേരി

പാലക്കാട് ജില്ലയിലെ വടക്കുംചേരി സ്വദേശിയാണ് ഞാൻ. ഭാര്യ ജിജിയും 15ഉം 13ഉം വയസ് പ്രായമുള്ള ആമോസ്, അബ്രാഹാം എന്നീ മക്കളുമൊത്ത് ദൈവം കനിഞ്ഞു നൽകിയ സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുകയായിരുന്നു ഞാൻ. പഴയ വീടുകൾ പൊളിച്ചെടുത്ത് വിൽക്കുന്ന ചെറിയൊരു ബിസിനസിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് ഞങ്ങൾ ജീവിച്ചു പോന്നു. ഒരു വാടക വീട്ടിലായിരുന്നു താമസം. സ്വന്തമായുള്ള 3 സെന്റ് സ്ഥലത്ത് പണിതുകൊണ്ടിരുന്ന വീട് പണി പൂർത്തിയാക്കി അങ്ങോട്ടു മാറുവാൻ കാത്തിരിക്കുകയായിരുന്നു ഞങ്ങൾ. അങ്ങിനെയിരിക്കെ സഹിക്കാൻ കഴിയാത്ത തല വേദന മൂലം ഒരു ദിവസം ഞാൻ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വന്ന് ഡോക്ടറെ കണ്ടു. പരിശോധയിൽ, കണ്ണിന്റെ തകരാറാണ് എന്നു പറഞ്ഞ് മരുന്നുകൾ തന്ന് എന്നെ പറഞ്ഞയച്ചു. എന്നാൽ 4-ാം ദിവസം തലവേദനയ്ക്കു പുറമെ പനിയും ഛർദ്ദിയും ബാധിച്ച് 2014 ഡിസംബർ 22-ാം തിയ്യതി ഞാൻ മെഡിക്കൽ കോളേജിൽ വന്ന് അഡ്മിറ്റായി. ഡോക്ടർമാർ എന്റെ നട്ടെല്ലിൽ നിന്ന് ദ്രാവകം കുത്തിയെടുത്ത് പരിശോധനയ്ക്കയച്ചു. റിസൽട്ട് വന്നപ്പോൾ എന്റെ തലച്ചോറിൽ ഗുരുതരമായ നിലയിൽ പഴുപ്പ് ബാധിച്ചിരിക്കുകയാണ് എന്നും മെനഞ്ചൈറ്റിസ് എന്ന രോഗമാണ് എനിക്കുള്ളതെന്നും സ്ഥിരീകരിച്ചു.

ഒന്നുകിൽ മരണം അല്ലെങ്കിൽ ശരീരം തളരുക എന്നതായിരിക്കും സംഭവിക്കുക എന്ന് ഡോക്ടർമാർ പറഞ്ഞപ്പോൾ ഞങ്ങൾ തകർന്നുപോയി. 26-ാം തിയ്യതി എനിക്ക് 3 പ്രാവശ്യം ഫിക്സ് വന്നപ്പോൾ ഡോക്ടർമാർ ഇനി ഞാൻ രക്ഷപ്പെടുകയില്ല എന്ന നിഗമനത്തിലെത്തി. ഈ രോഗം മൂലം മരിച്ചവരുടെ ശരീരം ഫ്രീസറിലേ കൊണ്ടുപോകാവൂ, അല്ലെങ്കിൽ മൂക്കിൽ നിന്നും രക്തം വരും എന്നും അവർ എന്റെ ബന്ധുക്കളെ അറിയിച്ചു. ജീവനോടെ ഒരു ദിവസമെങ്കിലും സ്വന്തം വീട്ടിൽ താമസിക്കുവാൻ എന്റെ ഭർത്താവിനെ അനുവദിക്കണേ ദൈവമേ, എന്നായിരുന്നു എന്റെ ഭാര്യയുടെ അപ്പോഴത്തെ പ്രാർത്ഥന. കാരണം സ്വന്തം വീട്ടിലെ താമസം ഞാൻ അത്രയേറെ മോഹിച്ചിരുന്നു എന്ന് അവൾക്കറിയാമായിരുന്നു. വിവരം അറിഞ്ഞ എന്റെ ഇടവകക്കാരും വികാരിയച്ചനും എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. നാട്ടുകാർ സംഘടിച്ച് എന്നെ കിടത്താനുള്ള മുറി ടൈലിട്ട്, വയറിംഗ് നടത്തി ലൈറ്റും ഫാനുമൊക്കെ ഫിറ്റ് ചെയ്ത് കാത്തിരുന്നു.

ഇതിനിടെ എന്റെ സ്ഥിതി അറിഞ്ഞ എന്റെ അമ്മയുടെ അനുജത്തി

(ചേർപ്പ് സ്വദേശി), മാപ്രാണം സെന്റ് ജോൺ കപ്പേളയിൽ എന്റെ തൂക്കത്തിൽ ഒരു മെഴുകുതിരി കത്തിക്കാമെന്ന് നേർന്ന് പ്രാർത്ഥിച്ചു. എന്തത്ഭുതം! ആ നേർച്ച നേർന്നതിനു ശേഷം എന്റെ ശരീരത്തിൽ മരുന്നുകൾ ഫലിക്കുവാൻ തുടങ്ങി. മരണത്തിൽ നിന്ന് രക്ഷപ്പെടുമെന്ന അവസ്ഥ സംജാതമായി. 18 ദിവസത്തിനുശേഷം എന്നെ ഡിസ്ചാർജ് ചെയ്തു. ഇതിനിടെ എന്റെ നാട്ടുകാർ എന്റെ വീടിന്റെ മുറികൾ മുഴുവനും ടൈലിട്ട്, വയറിംഗ് പണികൾ പൂർത്തിയാക്കിയിരുന്നു. ഇങ്ങിനെ ലൈറ്റും ഫാനുമുള്ള വീട്ടിലേക്കാണ് രോഗാവസ്ഥയിലെങ്കിലും തമ്പുരാൻ എന്നെ എത്തിച്ചത്. എങ്കിലും കട്ടിലിൽ നിന്ന് എനിക്ക് എഴുന്നേൽക്കാനേ കഴിഞ്ഞിരുന്നില്ല. മരുന്നുകൾ തുടർന്നു കൊണ്ടിരുന്നു.

എനിക്കുവേണ്ടി മെഴുകുതിരി വഴിപാടു നേർന്നതിന് എന്റെ ഇളയമ്മയ്ക്ക് ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. വർഷങ്ങൾക്കുമുമ്പ് ഇളയമ്മയുടെ മരുമകന് കാൻസർ രോഗം പിടിപ്പെട്ടു. ആരൊക്കെയോ പറഞ്ഞതിനെ തുടർന്ന് ഇളയമ്മ, മരുമകന്റെ തൂക്കത്തിലുള്ള 93 കി.ഗ്രാം മെഴുകുതിരി കുരിശിന്റെ കപ്പേളയിൽ കത്തിച്ച് പ്രാർത്ഥിച്ചു. ഏതാനും ദിവസങ്ങൾക്കു ശേഷം ഡോക്ടറുടെ അടുത്ത് മരുമകനെ ചെക്കപ്പിനായി കൊണ്ടുപോയി. പരിശോധന പൂർത്തിയായപ്പോൾ ഡോക്ടറും മറ്റെല്ലാവരും അത്ഭുതപ്പെട്ടുപോയി. അദ്ദേഹത്തിന്റെ കാൻസർ രോഗം പൂർണ്ണമായും മാറിയിരുന്നു. ഇപ്പോൾ ആ മകൻ കപ്പലിൽ ജോലി ചെയ്യുകയാണ്. ഈ അനുഭവമുള്ളതുകൊണ്ടാണ് ഇളയമ്മ എനിക്കായി ഈ വഴിപാട് നേർന്നത്.

എന്നെ വീട്ടിൽ കൊണ്ടുവന്നതിനുശേഷം ഒരു ദിവസം ഇളയമ്മ കപ്പേളയിൽ വന്ന് 45 കി.ഗ്രാം തൂക്കത്തിലുള്ള മെഴുകുതിരി കത്തിച്ച് പ്രാർത്ഥിച്ചു. യഥാർത്ഥത്തിൽ എന്റെ തൂക്കം അന്ന് അതിലും കുറവായിരുന്നു. മെഴുകുതിരി കത്തിച്ച് പ്രാർത്ഥിച്ചതിന്റെ പിറ്റേദിവസം..... ദൈവമേ, എനിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല.... എനിക്ക് എഴുന്നേൽക്കാൻ കഴിയുമെന്ന ഒരു തോന്നൽ... കട്ടിലിൽ നിന്ന് ഞാൻ എഴുന്നേറ്റിരുന്നു. പിന്നീടുള്ള മാറ്റം വളരെ വേഗത്തിലായിരുന്നു. എല്ലാവരേയും അത്ഭുതപ്പെടുത്തികൊണ്ട് ഞാൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. മാർച്ച് 13-ാം തിയ്യതി വെള്ളിയാഴ്ച ഞാൻ മാപ്രാണം പള്ളിയിൽ വന്ന് സാക്ഷ്യം പറയുകയും ചെയ്തു.

**അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കുരിശുമുത്തപ്പാ, മരണത്തിൽ നിന്നും എന്നെ രക്ഷിച്ച് അവിടുന്ന് എനിക്ക് ജീവിതം തിരിച്ചു തന്നു. ഞാനും എന്റെ കുടുംബവും അങ്ങയെ സ്തുതിക്കുന്നു, മഹത്വപ്പെടുത്തുന്നു! കുരിശു മുത്തപ്പാ നന്ദി.... കുരിശുമുത്തപ്പാ സ്തോത്രം...!**

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>മണ്ണുംപേട്ട | കോട്ടയ്ക്കകത്തുകാരൻ<br>കോലഴിക്കരൻ | രാജൻ + റൂബി<br>ജോസ്+മറിയംകുട്ടി | ഹെൽമ<br>ജിയോ | 02 - 02 - 2015 |

(ചേർപ്പ് സ്വദേശി), മാപ്രാണം സെന്റ് ജോൺ കപ്പേളയിൽ എന്റെ തൂക്കത്തിൽ ഒരു മെഴുകുതിരി കത്തിക്കാമെന്ന് നേർന്ന് പ്രാർത്ഥിച്ചു. എന്തത്ഭുതം! ആ നേർച്ച നേർന്നതിനു ശേഷം എന്റെ ശരീരത്തിൽ മരുന്നുകൾ ഫലിക്കുവാൻ തുടങ്ങി. മരണത്തിൽ നിന്ന് രക്ഷപ്പെടുമെന്ന അവസ്ഥ സംജാതമായി. 18 ദിവസത്തിനുശേഷം എന്നെ ഡിസ്ചാർജ് ചെയ്തു. ഇതിനിടെ എന്റെ നാട്ടുകാർ എന്റെ വീടിന്റെ മുറികൾ മുഴുവനും ടൈലിട്ട്, വയറിംഗ് പണികൾ പൂർത്തിയാക്കിയിരുന്നു. ഇങ്ങിനെ ലൈറ്റും ഫാനുമുള്ള വീട്ടിലേക്കാണ് രോഗാവസ്ഥയിലെങ്കിലും തമ്പുരാൻ എന്നെ എത്തിച്ചത്. എങ്കിലും കട്ടിലിൽ നിന്ന് എനിക്ക് എഴുന്നേൽക്കാനേ കഴിഞ്ഞിരുന്നില്ല. മരുന്നുകൾ തുടർന്നുകൊണ്ടിരുന്നു.

എനിക്കുവേണ്ടി മെഴുകുതിരി വഴിപാടു നേർന്നതിന് എന്റെ ഇളയമ്മയ്ക്ക് ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. വർഷങ്ങൾക്കുമുമ്പ് ഇളയമ്മയുടെ മരുമകന് കാൻസർ രോഗം പിടിപ്പെട്ടു. ആരൊക്കെയോ പറഞ്ഞതിനെ തുടർന്ന് ഇളയമ്മ, മരുമകന്റെ തൂക്കത്തിലുള്ള 93 കി.ഗ്രാം മെഴുകുതിരി കുരിശിന്റെ കപ്പേളയിൽ കത്തിച്ച് പ്രാർത്ഥിച്ചു. ഏതാനും ദിവസങ്ങൾക്കു ശേഷം ഡോക്ടറുടെ അടുത്ത് മരുമകനെ ചെക്കപ്പിനായി കൊണ്ടുപോയി. പരിശോധന പൂർത്തിയായപ്പോൾ ഡോക്ടറും മറ്റെല്ലാവരും അത്ഭുതപ്പെട്ടുപോയി. അദ്ദേഹത്തിന്റെ കാൻസർ രോഗം പൂർണ്ണമായും മാറിയിരുന്നു. ഇപ്പോൾ ആ മകൻ കപ്പലിൽ ജോലി ചെയ്യുകയാണ്. ഈ അനുഭവമുള്ളതുകൊണ്ടാണ് ഇളയമ്മ എനിക്കായി ഈ വഴിപാട് നേർന്നത്.

എന്നെ വീട്ടിൽ കൊണ്ടുവന്നതിനുശേഷം ഒരു ദിവസം ഇളയമ്മ കപ്പേളയിൽ വന്ന് 45 കി.ഗ്രാം തൂക്കത്തിലുള്ള മെഴുകുതിരി കത്തിച്ച് പ്രാർത്ഥിച്ചു. യഥാർത്ഥത്തിൽ എന്റെ തൂക്കം അന്ന് അതിലും കുറവായിരുന്നു. മെഴുകുതിരി കത്തിച്ച് പ്രാർത്ഥിച്ചതിന്റെ പിറ്റേദിവസം..... ദൈവമേ, എനിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല.... എനിക്ക് എഴുന്നേൽക്കാൻ കഴിയുമെന്ന ഒരു തോന്നൽ... കട്ടിലിൽ നിന്ന് ഞാൻ എഴുന്നേറ്റിരുന്നു. പിന്നീടുള്ള മാറ്റം വളരെ വേഗത്തിലായിരുന്നു. എല്ലാവരേയും അത്ഭുതപ്പെടുത്തികൊണ്ട് ഞാൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. മാർച്ച് 13-ാം തിയ്യതി വെള്ളിയാഴ്ച ഞാൻ മാപ്രാണം പള്ളിയിൽ വന്ന് സാക്ഷ്യം പറയുകയും ചെയ്തു.

**അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കുരിശുമുത്തപ്പാ, മരണത്തിൽ നിന്നും എന്നെ രക്ഷിച്ച് അവിടുന്ന് എനിക്ക് ജീവിതം തിരിച്ചു തന്നു. ഞാനും എന്റെ കുടുംബവും അങ്ങയെ സ്തുതിക്കുന്നു, മഹത്വപ്പെടുത്തുന്നു! കുരിശു മുത്തപ്പാ നന്ദി.... കുരിശുമുത്തപ്പാ സ്ത്രോത്രം...!**

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>മണ്ണുംപേട്ട | കോട്ടയ്ക്കകത്തുകാരൻ<br>കോലഴിക്കരൻ | രാജൻ + റൂബി<br>ജോസ്+മറിയംകുട്ടി | ഹെൽമ<br>ജിയോ | 02 – 02 – 2015 |

# വിശുദ്ധരുടെ ജീവിതത്തിലൂടെ...



## വി.ആൻസെലം (ഏപ്രിൽ 21)

സി. ഡെൽസ മരിയ FCC,
മാപ്രാണം



ഇറ്റലിയിൽ അവോസ്താ എന്ന പ്രദേശത്ത് വി. ആൻസെലം ജനിച്ചു. സ്വമാതാവിൽ നിന്നു ലഭിച്ച ആധ്യാത്മികോപദേശങ്ങൾ ആയുഷ്ക്കാലം മുഴുവൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നയിച്ചിരുന്നു. പതിനഞ്ചാമത്തെ വയസിൽ ആ യുവാവ് സന്യാസം വരിക്കാൻ ആഗ്രഹിച്ചെങ്കിലും പിതാവിന്റെ എതിർപ്പുമൂലം അദ്ദേഹത്തിന്റെ അപേക്ഷ തിരസ്ക്കരിക്കപ്പെടുകയാണുണ്ടായത്. മാതാപിതാക്കളുടെ മരണശേഷം 27-ാ മത്തെ വയസിൽ 1060 -ൽ ഇംഗ്ലണ്ടിൽ പോയി ബെക്ക് എന്ന സ്ഥലത്ത് അദ്ദേഹം ആശ്രമജീവിതം ആരംഭിച്ചു. വേദപുസ്തകത്തിന്റെയും പാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ദൈവശാസ്ത്രം പഠിച്ച ആൻസെലം ബെക്കിലെ ആശ്രമശ്രേഷ്ഠനായിരുന്ന ഹെർലൂയന്റെ മരണത്തിനുശേഷം തന്റെ 45-ാമത്തെ വയസിൽ ശ്രേഷ്ഠനായി തെരഞ്ഞെടുക്കപ്പെട്ടു.

ആശ്രമം വക വസ്തുക്കളുടെ അന്വേഷണത്തിനായി അദ്ദേഹം ഇംഗ്ലണ്ടിലെത്തിയപ്പോൾ തന്റെ പൂർവ്വ സുഹൃത്തും കാന്റർബറിയിലെ മെത്രാപോലീത്തയുമായിരുന്ന ലാ ഫ്രാൻസീസ് അദ്ദേഹത്തെ സഹമെത്രാനായി നിയമിക്കുകയും താമസിയാതെ കാന്റർബറിയിലെ മെത്രാപോലീത്തയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സഭാമർദ്ദനം കലുഷിതമായിരുന്ന അന്നത്തെ സാഹചര്യത്തിൽ പരി: ത്രിത്വത്തേയും മനുഷ്യാവതാരത്തേയും കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഗ്രീക്കുകാരുമായി പുനരൈക്യത്തിനായി ഏറെ പ്രഭാഷണങ്ങൾ നടത്തിയ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോയി. സഭാനിയമങ്ങളെ വളച്ചൊടിച്ച് രാജഭരണം നടത്തുന്നതിനെ നിശിതമായി എതിർക്കുകയും സഭയുടെ പാരമ്പര്യങ്ങളേയും മൂല്യങ്ങളേയും ഉയർത്തി പിടിക്കുന്നതിന് ശ്രമിക്കുകയും ചെയ്തു. കാനൻ നിയമം അനുസരിച്ചുള്ള തെരഞ്ഞെടുപ്പുകളും നിയമനങ്ങളും മാത്രമാണ് അദ്ദേഹം അനുവദിച്ചിരുന്നത്. രാജാവിനാൽ മാത്രം തെരഞ്ഞെടുക്കപ്പെടുന്ന മെത്രാന്മാരെ അഭിഷേകം ചെയ്യുന്നതിന് വിസമ്മതിച്ച അദ്ദേഹം ഇംഗ്ലണ്ടിലെ ശക്തനായ പ്രവാചകൻ തന്നെയായി മാറി.

# വിശുദ്ധരുടെ ജീവിതത്തിലൂടെ...



## വി.ആൻസെലം (ഏപ്രിൽ 21)

സി. ഡെൽസ മരിയ FCC,
മാപ്രാണം



ഇറ്റലിയിൽ അവോസ്താ എന്ന പ്രദേശത്ത് വി. ആൻസെലം ജനിച്ചു. സ്വമാതാവിൽ നിന്നു ലഭിച്ച ആധ്യാത്മികോപദേശങ്ങൾ ആയുഷ്ക്കാലം മുഴുവൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നയിച്ചിരുന്നു. പതിനഞ്ചാമത്തെ വയസിൽ ആ യുവാവ് സന്യാസം വരിക്കാൻ ആഗ്രഹിച്ചെങ്കിലും പിതാവിന്റെ എതിർപ്പുമൂലം അദ്ദേഹത്തിന്റെ അപേക്ഷ തിരസ്ക്കരിക്കപ്പെടുകയാണുണ്ടായത്. മാതാപിതാക്കളുടെ മരണശേഷം 27-ാ മത്തെ വയസിൽ 1060 -ൽ ഇംഗ്ലണ്ടിൽ പോയി ബെക്ക് എന്ന സ്ഥലത്ത് അദ്ദേഹം ആശ്രമജീവിതം ആരംഭിച്ചു. വേദപുസ്തകത്തിന്റെയും പാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ദൈവശാസ്ത്രം പഠിച്ച ആൻസെലം ബെക്കിലെ ആശ്രമശ്രേഷ്ഠനായിരുന്ന ഹെർലൂയന്റെ മരണത്തിനുശേഷം തന്റെ 45-ാമത്തെ വയസിൽ ശ്രേഷ്ഠനായി തെരഞ്ഞെടുക്കപ്പെട്ടു.

ആശ്രമം വക വസ്തുക്കളുടെ അന്വേഷണത്തിനായി അദ്ദേഹം ഇംഗ്ലണ്ടിലെത്തിയപ്പോൾ തന്റെ പൂർവ്വ സുഹൃത്തും കാന്റർബറിയിലെ മെത്രാപോലീത്തയുമായിരുന്ന ലാ ഫ്രാൻസീസ് അദ്ദേഹത്തെ സഹമെത്രാനായി നിയമിക്കുകയും താമസിയാതെ കാന്റർബറിയിലെ മെത്രാപോലീത്തയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സഭാമർദ്ദനം കലുഷിതമായിരുന്ന അന്നത്തെ സാഹചര്യത്തിൽ പരി: ത്രിത്വത്തേയും മനുഷ്യാവതാരത്തേയും കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഗ്രീക്കുകാരുമായി പുനരൈക്യത്തിനായി ഏറെ പ്രഭാഷണങ്ങൾ നടത്തിയ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോയി. സഭാനിയമങ്ങളെ വളച്ചൊടിച്ച് രാജഭരണം നടത്തുന്നതിനെ നിശിതമായി എതിർക്കുകയും സഭയുടെ പാരമ്പര്യങ്ങളേയും മൂല്യങ്ങളേയും ഉയർത്തി പിടിക്കുന്നതിന് ശ്രമിക്കുകയും ചെയ്തു. കാനൻ നിയമം അനുസരിച്ചുള്ള തെരഞ്ഞെടുപ്പുകളും നിയമനങ്ങളും മാത്രമാണ് അദ്ദേഹം അനുവദിച്ചിരുന്നത്. രാജാവിനാൽ മാത്രം തെരഞ്ഞെടുക്കപ്പെടുന്ന മെത്രാന്മാരെ അഭിഷേകം ചെയ്യുന്നതിന് വിസമ്മതിച്ച അദ്ദേഹം ഇംഗ്ലണ്ടിലെ ശക്തനായ പ്രവാചകൻ തന്നെയായി മാറി.

1107ൽ സഭാമർദ്ദനങ്ങൾ അവസാനിച്ചപ്പോൾ കാന്റർബറിയിലേക്ക് മടങ്ങി.

വി. ആൻസെലം തന്റെ കഷ്ടതകളുടെ ഇടയിൽ പല നല്ല ഗ്രന്ഥങ്ങളും എഴുതി. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അദ്ദേഹത്തോട് തുലനം ചെയ്യാവുന്ന സമകാലികരുണ്ടായിരുന്നില്ല. അടിമക്കച്ചവടത്തെ ആദ്യം എതിർത്തത് ആൻസെലം ആയിരുന്നു.

ദൈവമാതാവിനോടുള്ള ഭക്തിയിലും ആൻസെലം മുൻപന്തിയിലായിരുന്നു. പാശ്ചാത്യരാജ്യങ്ങളിൽ മാതാവിന്റെ അമലോത്ഭവം ആദ്യം ആഘോഷിച്ചത് ആൻസെലം ആണ്. സ്വതവെ ശാന്തശീലനും സമാധാനപ്രിയനുമാണെങ്കിലും തത്വം ബലികഴിച്ചുള്ള ഒത്തുതീർപ്പിന് അദ്ദേഹം ഒരിക്കലും തയ്യാറായിരുന്നില്ല. തന്റെ ജീവിതസായാഹ്നത്തിൽ തീർത്തും അനാരോഗ്യവാനായിരുന്ന അദ്ദേഹം ക്ഷയരോഗിയായി മാറി, ദിവ്യബലിയർപ്പിക്കാൻ പോലും അശക്തനായി തീർന്നു. അവസാനം 1109 ഏപ്രിൽ 21-ാം തിയ്യതി തന്റെ 75-ാം വയസിൽ ഭാഗ്യമരണം പ്രാപിച്ചു. ആ പുണ്യാത്മാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി നിരവധി അത്ഭുതങ്ങൾ നടന്നതിനെ തുടർന്ന് 1720ൽ പതിനൊന്നാം ക്ലമന്റ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായും സഭാപിതാക്കന്മാരിലൊരുവനായും പ്രഖ്യാപിച്ചു. ഏപ്രിൽ 21ന് ഈ വിശുദ്ധന്റെ തിരുന്നാൾ സഭയിൽ ആഘോഷിച്ചുവരുന്നു.

"സ്വർഗത്തിൽ ദൈവത്തിന്റെ ഇഷ്ടം അല്ലാതെ വേറൊരിഷ്ടം ആർക്കുമില്ല. ഒരുത്തന്റെ ഇഷ്ടം തന്നെയാണ് സകലരുടേയും ഇഷ്ടം. എല്ലാവരുടേയും ഓരോരുത്തരുടേയും ഇഷ്ടം തന്നെയാണ് ദൈവത്തിന്റെ ഇഷ്ടവും". വി. ആൻസെലം.

## മാർച്ച് ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) ആനി വിൽസൻ അക്കരക്കാരൻ - ഇൻഫന്റ് ജീസസ് (2) മേരി ജോർജ്ജ് പള്ളിത്തറ - സെന്റ് ജോൺ II (3) സിഖ വിൻസന്റ് ചെങ്ങാലൂക്കാരൻ - സെന്റ് ജോൺ II (4) ഷൈജി ഡേവിസ് എരങ്ങത്തുപറമ്പിൽ - സെന്റ് ജോൺ I (5) റീമ സിന്റോ താണിപ്പുള്ളി - സെന്റ് സെബാസ്റ്റ്യൻ (6) മേരി ജോസ് തെക്കേത്തല - സെന്റ് റോസ് (7) ലിജി ബൈജു മഞ്ഞളി - സെന്റ് ജോൺ I (8) ഷീജ ജോസ് വട്ടമുകളേൽ - സെന്റ് മേരീസ് I (9) മേഴ്സി ജോയി പാറയ്ക്കൽ - സെന്റ് ഗീവർഗീസ് (10) ഷാലി ജെയ്സൻ പന്തലിപ്പാടൻ - ഇൻഫന്റ് ജീസസ് (11) എൽസി ടൈറ്റസ് പുതുശ്ശേരി - സെന്റ് ഗീവർഗീസ് (12) സിയ റൂബിസൻ കിടങ്ങുപറമ്പിൽ - സെന്റ് മേരീസ് II (13) റീന ആന്റോ ചെങ്ങാലൂക്കാരൻ - സെന്റ് ജോൺ II (14) റിയ മരിയ യേശുദാസ് ചക്കാലയ്ക്കൽ - വാ. മദർ തെരേസ (15) സിജി ജോജോ ചേളിപറമ്പിൽ - സെന്റ് ഗീവർഗ്ഗീസ്

1107ൽ സഭാമർദ്ദനങ്ങൾ അവസാനിച്ചപ്പോൾ കാന്റർബറിയിലേക്ക് മടങ്ങി.


വി. ആൻസെലം തന്റെ കഷ്ടതകളുടെ ഇടയിൽ പല നല്ല ഗ്രന്ഥങ്ങളും എഴുതി. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അദ്ദേഹത്തോട് തുലനം ചെയ്യാവുന്ന സമകാലികരുണ്ടായിരുന്നില്ല. അടിമക്കച്ചവടത്തെ ആദ്യം എതിർത്തത് ആൻസെലം ആയിരുന്നു.

ദൈവമാതാവിനോടുള്ള ഭക്തിയിലും ആൻസെലം മുൻപന്തിയിലായിരുന്നു. പാശ്ചാത്യരാജ്യങ്ങളിൽ മാതാവിന്റെ അമലോത്ഭവം ആദ്യം ആഘോഷിച്ചത് ആൻസെലം ആണ്. സ്വതവെ ശാന്തശീലനും സമാധാനപ്രിയനുമാണെങ്കിലും തത്വം ബലികഴിച്ചുള്ള ഒത്തുതീർപ്പിന് അദ്ദേഹം ഒരിക്കലും തയ്യാറായിരുന്നില്ല. തന്റെ ജീവിതസായാഹ്നത്തിൽ തീർത്തും അനാരോഗ്യവാനായിരുന്ന അദ്ദേഹം ക്ഷയരോഗിയായി മാറി, ദിവ്യബലിയർപ്പിക്കാൻ പോലും അശക്തനായി തീർന്നു. അവസാനം 1109 ഏപ്രിൽ 21-ാം തിയ്യതി തന്റെ 75-ാം വയസിൽ ഭാഗ്യമരണം പ്രാപിച്ചു. ആ പുണ്യാത്മാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി നിരവധി അത്ഭുതങ്ങൾ നടന്നതിനെ തുടർന്ന് 1720ൽ പതിനൊന്നാം ക്ലമന്റ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായും സഭാപിതാക്കന്മാരിലൊരുവനായും പ്രഖ്യാപിച്ചു. ഏപ്രിൽ 21ന് ഈ വിശുദ്ധന്റെ തിരുന്നാൾ സഭയിൽ ആഘോഷിച്ചുവരുന്നു.

''സ്വർഗത്തിൽ ദൈവത്തിന്റെ ഇഷ്ടം അല്ലാതെ വേറൊരിഷ്ടം ആർക്കുമില്ല. ഒരുത്തന്റെ ഇഷ്ടം തന്നെയാണ് സകലരുടേയും ഇഷ്ടം. എല്ലാവരുടേയും ഓരോരുത്തരുടേയും ഇഷ്ടം തന്നെയാണ് ദൈവത്തിന്റെ ഇഷ്ടവും''. വി. ആൻസെലം.

## മാർച്ച് ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) ആനി വിൽസൻ അക്കരക്കാരൻ - ഇൻഫന്റ് ജീസസ് (2) മേരി ജോർജ്ജ് പള്ളിത്തറ - സെന്റ് ജോൺ II (3) സിഖ വിൻസന്റ് ചെങ്ങാലൂക്കാരൻ - സെന്റ് ജോൺ II (4) ഷൈജി ഡേവിസ് എരങ്ങത്തുപറമ്പിൽ - സെന്റ് ജോൺ I (5) റീമ സിന്റോ താണിപ്പുള്ളി - സെന്റ് സെബാസ്റ്റ്യൻ (6) മേരി ജോസ് തെക്കേത്തല - സെന്റ് റോസ് (7) ലിജി ബൈജു മഞ്ഞളി - സെന്റ് ജോൺ I (8) ഷീജ ജോസ് വട്ടമുകളേൽ - സെന്റ് മേരീസ് I (9) മേഴ്സി ജോയി പാറയ്ക്കൽ - സെന്റ് ഗീവർഗീസ് (10) ഷാലി ജെയ്സൻ പന്തലിപ്പാടൻ - ഇൻഫന്റ് ജീസസ് (11) എൽസി ടൈറ്റസ് പുതുശ്ശേരി - സെന്റ് ഗീവർഗീസ് (12) സിയ റൂബിസൻ കിടങ്ങുപറമ്പിൽ - സെന്റ് മേരീസ് II (13) റീന ആന്റോ ചെങ്ങാലൂക്കാരൻ - സെന്റ് ജോൺ II (14) റിയ മരിയ യേശുദാസ് ചക്കാലയ്ക്കൽ - വാ. മദർ തെരേസ (15) സിജി ജോജോ ചേളിപറമ്പിൽ - സെന്റ് ഗീവർഗ്ഗീസ്



# നാമറിഞ്ഞിട്ടില്ലാത്ത നസറായൻ

**പോളി അറയ്ക്കൽ**



**വിശ്വാസത്തിന്റെ ശക്തി** – ശക്തമായ വിശ്വാസമുള്ളിടത്ത് അത്ഭുതങ്ങൾ സംഭവിക്കും. അത്ഭുതങ്ങൾ സംഭവിക്കുന്നത് വിശ്വാസം ശക്തിപ്പെടുന്നതിനും ആളുകളെ ദൈവത്തിലേക്കു മടക്കിക്കൊണ്ടുവരുന്നതിനും ആത്മാക്കളെ രക്ഷിക്കുന്നതിനും വേണ്ടിയാണ്. ഇവിടെ ഈ സമയത്ത് അത്ഭുതം നടക്കേണ്ടത് ആവശ്യമാണെങ്കിൽ അപ്രകാരം സംഭവിക്കുക തന്നെ ചെയ്യും.

**സമയത്തിന്റെ പരിമിതി** – എന്റെ സമയം കല്ലിൽ കൊത്തപ്പെട്ടിരിക്കുന്നു. എന്റെ ദിവസങ്ങൾ എണ്ണപ്പെട്ടതാണ്. ഞാൻ എന്റെ പിതാവിന്റെ പക്കലേക്ക് തിരികെ പോകേണ്ടതാണ്. അത് പിതാവ് വിളിക്കുന്ന സമയത്തും പിതാവ് നിശ്ചയിച്ച രീതിയിലുമായിരിക്കും. ഞാൻ ഏകനായിത്തന്നെ പോകും.

**വലിയ സമ്മാനം** – വസ്തുവകകളോ സാധനങ്ങളോ മാത്രമല്ല, സ്നേഹവും പ്രാർത്ഥനയും പങ്കുവയ്ക്കാനുള്ളതാണ്. സഹോദരനോ സഹോദരിയ്ക്കോ നിങ്ങൾക്കു നൽകാവുന്ന വലിയ സമ്മാനം, നിങ്ങളുടെ സ്നേഹം അവരുമായി പങ്കുവയ്ക്കലാണ്.

**എന്നിൽനിന്നും ഭക്ഷിക്കുക** – ഭാവിയിൽ പിതാവ് നിങ്ങൾക്കു നൽകാൻ പോകുന്ന ഭക്ഷണം യഥാർത്ഥ ജീവനുവേണ്ടിയുള്ളതായിരിക്കും. പിതാവ്, പുത്രനിലൂടെ നിങ്ങൾക്ക് നിത്യമായ ജീവസന്ധാരണം വാഗ്ദാനം ചെയ്യുന്നു. പിതാവ് വാഗ്ദാനം ചെയ്യുന്ന ഭക്ഷണം പുത്രനായ ഞാനാണ്. സ്വപുത്രനായ എന്നിലൂടെ മാത്രമാണ് പിതാവ് നിത്യ ജീവന്റെ അപ്പം വാഗ്ദാനം ചെയ്യുന്നത്. നിങ്ങളുടെ ആത്മാക്കളെ തീറ്റിപോറ്റുകയും സമാധാനം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്ന ഭക്ഷണം ഞാനാണ്. എന്നിൽ നിന്നും ഭക്ഷിക്കുക, നിങ്ങൾക്കൊരിക്കലും വിശക്കുകയില്ല.

**സ്വന്തം ഹൃദയത്തിലേക്കു നോക്കുക** – ഒരിയ്ക്കലും പഠിക്കാത്ത ചിലരുണ്ട്. ഈശ്വരേച്ഛക്കെതിരെ ഹൃദയം അടച്ചിരിക്കുന്നവർ. ആദരവോടും ദയവോടും കൂടി എല്ലാവരോടും വർത്തിക്കുവാൻ പ്രവാചകന്മാരാൽ എഴുതപ്പെട്ടിരിക്കുന്നു. സ്വന്തം ഹൃദയത്തിലേക്കു നോക്കി നിങ്ങൾ ചെയ്തു കൂട്ടുന്ന പാപങ്ങൾ തിരിച്ചറിയുക, നിങ്ങളുടെ അഹന്ത പാപത്തെ ഒളിച്ചുവയ്ക്കാതി

# നാമറിഞ്ഞിട്ടില്ലാത്ത നസറായൻ



**പോളി അറയ്ക്കൽ**



**വിശ്വാസത്തിന്റെ ശക്തി** - ശക്തമായ വിശ്വാസമുള്ളിടത്ത് അത്ഭുതങ്ങൾ സംഭവിക്കും. അത്ഭുതങ്ങൾ സംഭവിക്കുന്നത് വിശ്വാസം ശക്തിപ്പെടുന്നതിനും ആളുകളെ ദൈവത്തിലേക്കു മടക്കിക്കൊണ്ടുവരുന്നതിനും ആത്മാക്കളെ രക്ഷിക്കുന്നതിനും വേണ്ടിയാണ്. ഇവിടെ ഈ സമയത്ത് അത്ഭുതം നടക്കേണ്ടത് ആവശ്യമാണെങ്കിൽ അപ്രകാരം സംഭവിക്കുക തന്നെ ചെയ്യും.

**സമയത്തിന്റെ പരിമിതി** - എന്റെ സമയം കല്ലിൽ കൊത്തപ്പെട്ടിരിക്കുന്നു. എന്റെ ദിവസങ്ങൾ എണ്ണപ്പെട്ടതാണ്. ഞാൻ എന്റെ പിതാവിന്റെ പക്കലേക്ക് തിരികേ പോകേണ്ടതാണ്. അത് പിതാവ് വിളിക്കുന്ന സമയത്തും പിതാവ് നിശ്ചയിച്ച രീതിയിലുമായിരിക്കും. ഞാൻ ഏകനായിത്തന്നെ പോകും.

**വലിയ സമ്മാനം** - വസ്തുവകകളോ സാധനങ്ങളോ മാത്രമല്ല, സ്നേഹവും പ്രാർത്ഥനയും പങ്കുവയ്ക്കാനുള്ളതാണ്. സഹോദരനോ സഹോദരിയ്ക്കോ നിങ്ങൾക്കു നൽകാവുന്ന വലിയ സമ്മാനം, നിങ്ങളുടെ സ്നേഹം അവരുമായി പങ്കുവയ്ക്കലാണ്.

**എന്നിൽനിന്നും ഭക്ഷിക്കുക** - ഭാവിയിൽ പിതാവ് നിങ്ങൾക്കു നൽകാൻ പോകുന്ന ഭക്ഷണം യഥാർത്ഥ ജീവനുവേണ്ടിയുള്ളതായിരിക്കും. പിതാവ്, പുത്രനിലൂടെ നിങ്ങൾക്ക് നിത്യമായ ജീവസന്ധാരണം വാഗ്ദാനം ചെയ്യുന്നു. പിതാവ് വാഗ്ദാനം ചെയ്യുന്ന ഭക്ഷണം പുത്രനായ ഞാനാണ്. സ്വപുത്രനായ എന്നിലൂടെ മാത്രമാണ് പിതാവ് നിത്യ ജീവന്റെ അപ്പം വാഗ്ദാനം ചെയ്യുന്നത്. നിങ്ങളുടെ ആത്മാക്കളെ തീറ്റിപോറ്റുകയും സമാധാനം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്ന ഭക്ഷണം ഞാനാണ്. എന്നിൽ നിന്നും ഭക്ഷിക്കുക, നിങ്ങൾക്കൊരിക്കലും വിശക്കുകയില്ല.

**സ്വന്തം ഹൃദയത്തിലേക്കു നോക്കുക** - ഒരിയ്ക്കലും പഠിക്കാത്ത ചിലരുണ്ട്. ഈശ്വരേച്ഛക്കെതിരെ ഹൃദയം അടച്ചിരിക്കുന്നവർ. ആദരവോടും ദയവോടും കൂടി എല്ലാവരോടും വർത്തിക്കുവാൻ പ്രവാചകന്മാരാൽ എഴുതപ്പെട്ടിരിക്കുന്നു. സ്വന്തം ഹൃദയത്തിലേക്കു നോക്കി നിങ്ങൾ ചെയ്തു കൂട്ടുന്ന പാപങ്ങൾ തിരിച്ചറിയുക, നിങ്ങളുടെ അഹന്ത പാപത്തെ ഒളിച്ചുവയ്ക്കാതി

രിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ.

**വിശ്വാസം എന്നാൽ** – എന്തു സംഭവിയ്ക്കും എന്ന യാതൊരു ചിന്തയും കൂടാതെ നിങ്ങളെത്തന്നെ പൂർണ്ണമായും വിട്ടുകൊടുക്കുക എന്നാണ് ദൈവത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവസ്നേഹത്തെ പ്രതി നിങ്ങളെത്തന്നെ വിട്ടു കൊടുക്കുമ്പോൾ ദൈവം നിങ്ങളെ കാത്തുകൊള്ളും. നിങ്ങളത് വിശ്വസിക്കുന്നില്ലേ?

**നവജീവിതം** – നല്ലവർക്ക് മരണത്തിലൂടെ ലഭിക്കുന്ന ദൈവത്തിലുള്ള നവജീവിതമാണ്, ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും വലിയ പ്രതിഫലവും ആനന്ദവും. അവരെ സംബന്ധിച്ചിടത്തോളം മരണം ദൈവത്തിന്റെ വിശേഷാൽ ദാനമാണ്. എന്നാൽ ദുഷ്ടർക്കത് പരമ യാതനയും.

**പാവം യൂദാസ്** – ഉണർന്നു കിടന്ന് യൂദാസിലൂടെ അനേകരുടെ ബലഹീനതകൾ ദർശിക്കയായിരുന്ന ഞാൻ. ഒരുപാടുപേർ, തെറ്റുപറ്റിയെന്ന് സമ്മതിയ്ക്കാത്ത ഒരുപാടൊരുപാടുപേർ – ദുരഭിമാനത്തിൽ തങ്ങളുടെ പാപം ഒളിച്ചു വയ്ക്കാൻ കൂടുതൽ പാപം ചെയ്യുന്നു; അതു മറയ്ക്കാൻ അനേകം പാപങ്ങൾ വീണ്ടും! പാവം യൂദാസ്! ഒരു പാടു ബലഹീനതകൾ – അന്ധതയുടെ ആധിക്യത്താൽ അവനൊന്നും കാണുന്നില്ല.

**പ്രാർത്ഥന!** – കർത്താവേ, യാക്കോബ് പറഞ്ഞു. "പ്രാർത്ഥനാനുഭവം എത്രയോ സുഖകരമാണ്! അതെന്നെ ആനന്ദഭരിതനാക്കുന്നു. പ്രാർത്ഥിക്കുമ്പോൾ എന്തു സന്തോഷമാണ് ഞാനനുഭവിക്കുന്നതെന്നോ! എന്തുകൊണ്ടാണ് അനേകമാളുകൾ പ്രാർത്ഥിയ്ക്കാതിരിക്കുന്നതെന്ന് അപ്പോഴൊക്കെ ഞാൻ വിസ്മയിക്കും! തീർച്ചയായും അവർക്ക് നഷ്ടമാകുന്നതെന്താണെന്ന് അവരറിയുന്നേയില്ല".

"നിങ്ങളുടെ ഹൃദയത്തിലുള്ളതെന്താണോ, അതാണ് വിലമതിക്കപ്പെടുന്നത്. നിങ്ങൾ പ്രാർത്ഥിയ്ക്കുമ്പോൾ ചൊല്ലുന്ന വാകൃങ്ങൾ ദൈവത്തിങ്കലേക്ക് നിങ്ങളുടെ ഹൃദയം തുറക്കാനുപയോഗിക്കുന്ന വാക്കുകളാണ്. അത് ദിവസവും നിങ്ങൾ ഉരുവിടുന്ന വാക്കുകളാണെന്നത് പ്രശ്നമല്ല. എന്നാൽ ആ വാക്കുകളിൽ നിങ്ങളുടെ ഹൃദയമുണ്ടായിരിക്കണം".

അവലംബം : "യേശുവിന്റെ കണ്ണുകളിലൂടെ" എന്ന ഗ്രന്ഥം

---

## മാർച്ച് ലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) 71 വയസ് (2) 1995 ജനുവരി 16ന് (3) കർദ്ദിനാൾ ടോറൻ (4) 3-5-ഗ്രാം വരെ (5) കുഴിത്തുറൈ (6) യേശു ക്രിസ്തുവിലൂടെ (7) റെയിൽപാതക്കിടയിൽ നിറക്കുന്ന കരിങ്കൽച്ചല്ലി (8)വില്ലേജ് ഓഫീസർ (9) 6.1 ശതമാനം (10) ദിവംഗതരായ ആർച്ച് ബിഷപ്പ് ജോസഫ് കുണ്ടുകുളം പിതാവും, മോൺ. ജോസഫ് വിളങ്ങാടനച്ചനും (11) ഓസ്ട്രേലിയായിലെ ഗോൾഡ്കോസ്റ്റ്. (12) മുരിങ്ങയില (13) എട്ടുനോമ്പ് (14) 15 (15) പ്രഭാഷകൻ 40:17 (16) മുത്തശ്ശിപ്പത്തായം (17) AD 269 ഫെബ്രുവരി 14 (18)വിശുദ്ധ അലോഷ്യസ് ഗൊൺസാഗാ

രിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ.

**വിശ്വാസം എന്നാൽ** - എന്തു സംഭവിയ്ക്കും എന്ന യാതൊരു ചിന്തയും കൂടാതെ നിങ്ങളെത്തന്നെ പൂർണ്ണമായും വിട്ടുകൊടുക്കുക എന്നാണ് ദൈവത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവസ്നേഹത്തെ പ്രതി നിങ്ങളെത്തന്നെ വിട്ടു കൊടുക്കുമ്പോൾ ദൈവം നിങ്ങളെ കാത്തുകൊള്ളും. നിങ്ങളത് വിശ്വസിക്കുന്നില്ലേ?

**നവജീവിതം** - നല്ലവർക്ക് മരണത്തിലൂടെ ലഭിക്കുന്ന ദൈവത്തിലുള്ള നവജീവിതമാണ്, ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും വലിയ പ്രതിഫലവും ആനന്ദവും. അവരെ സംബന്ധിച്ചിടത്തോളം മരണം ദൈവത്തിന്റെ വിശേഷാൽ ദാനമാണ്. എന്നാൽ ദുഷ്ടർക്കത് പരമ യാതനയും.

**പാവം യൂദാസ്** - ഉണർന്നു കിടന്ന് യൂദാസിലൂടെ അനേകരുടെ ബലഹീനതകൾ ദർശിക്കയായിരുന്ന ഞാൻ. ഒരുപാടുപേർ, തെറ്റുപറ്റിയെന്ന് സമ്മതിയ്ക്കാത്ത ഒരുപാടൊരുപാടുപേർ - ദുരഭിമാനത്തിൽ തങ്ങളുടെ പാപം ഒളിച്ചു വയ്ക്കാൻ കൂടുതൽ പാപം ചെയ്യുന്നു; അതു മറയ്ക്കാൻ അനേകം പാപങ്ങൾ വീണ്ടും! പാവം യൂദാസ്! ഒരു പാടു ബലഹീനതകൾ - അന്ധതയുടെ ആധിക്യത്താൽ അവനൊന്നും കാണുന്നില്ല.

**പ്രാർത്ഥന!** - കർത്താവേ, യാക്കോബ് പറഞ്ഞു. "പ്രാർത്ഥനാനുഭവം എത്രയോ സുഖകരമാണ്! അതെന്നെ ആനന്ദഭരിതനാക്കുന്നു. പ്രാർത്ഥിക്കുമ്പോൾ എന്തു സന്തോഷമാണ് ഞാനനുഭവിക്കുന്നതെന്നോ! എന്തുകൊണ്ടാണ് അനേകമാളുകൾ പ്രാർത്ഥിയ്ക്കാതിരിക്കുന്നതെന്ന് അപ്പോഴൊക്കെ ഞാൻ വിസ്മയിക്കും! തീർച്ചയായും അവർക്ക് നഷ്ടമാകുന്നതെന്താണെന്ന് അവരറിയുന്നേയില്ല".

"നിങ്ങളുടെ ഹൃദയത്തിലുള്ളതെന്താണോ, അതാണ് വിലമതിക്കപ്പടുന്നത്. നിങ്ങൾ പ്രാർത്ഥിയ്ക്കുമ്പോൾ ചൊല്ലുന്ന വാക്യങ്ങൾ ദൈവത്തിങ്കലേക്ക് നിങ്ങളുടെ ഹൃദയം തുറക്കാനുപയോഗിക്കുന്ന വാക്കുകളാണ്. അത് ദിവസവും നിങ്ങൾ ഉരുവിടുന്ന വാക്കുകളാണെന്നത് പ്രശ്നമല്ല. എന്നാൽ ആ വാക്കുകളിൽ നിങ്ങളുടെ ഹൃദയമുണ്ടായിരിക്കണം".

അവലംബം : "യേശുവിന്റെ കണ്ണുകളിലൂടെ" എന്ന ഗ്രന്ഥം

---

## മാർച്ച് ലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) 71 വയസ് (2) 1995 ജനുവരി 16ന് (3) കർദ്ദിനാൾ ടോറൻ (4) 3-5-ഗ്രാം വരെ (5) കുഴിത്തുറൈ (6) യേശു ക്രിസ്തുവിലൂടെ (7) റെയിൽപാതക്കിടയിൽ നിറക്കുന്ന കരിങ്കൽച്ചല്ലി (8)വില്ലേജ് ഓഫീസർ (9) 6.1 ശതമാനം (10) ദിവംഗതരായ ആർച്ച് ബിഷപ്പ് ജോസഫ് കുണ്ടുകുളം പിതാവും, മോൺ. ജോസഫ് വിളങ്ങാടനച്ചനും (11) ഓസ്ട്രേലിയായിലെ ഗോൾഡ്കോസ്റ്റ്. (12) മുരിങ്ങയില (13) എട്ടുനോമ്പ് (14) 15 (15) പ്രഭാഷകൻ 40:17 (16) മുത്തശ്ശിപ്പത്തായം (17) AD 269 ഫെബ്രുവരി 14 (18)വിശുദ്ധ അലോഷ്യസ് ഗൊൺസാഗാ

## മാർച്ച് മാസത്തിലെ കുടുംബസമ്മേളനം/വാർഷികം

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| ഇൻഫന്റ് ജീസസ് | കിരിയാന്തൻ ജോണി ഭാര്യ ലീല | 12-04-15 | 4.00 p.m. |
| സെന്റ് ജോസഫ് | പൊന്തോക്കൻ ഔസേപ്പ് ആന്റണി | 12-04-15 | 4.00 p.m. |
| സെന്റ് ആന്റണീസ് | വടക്കേത്തല വറീത് സെബാസ്റ്റ്യൻ | 12-04-15 | 5.00 p.m. |
| സെന്റ് സെബാസ്റ്റ്യൻ | വൈദ്യക്കാരൻ ഫ്രാൻസിസ് തോമസ് | 12-04-15 | 5.30 p.m. |
| ഹോളിക്രോസ് | തേറാട്ടിൽ ഇഞ്ചോടിക്കാരൻ പൊറിഞ്ചു ജോർജ്ജ് | 19-04-15 | 6.00 p.m. |
| സെന്റ് ഗീവർഗ്ഗീസ് | തേലപ്പിള്ളി പാറേമൽ വറീത് ഭാര്യ സെലീന | 19-04-15 | 2.30 p.m. |
| സെന്റ് ജോർജ്ജ് | നായങ്കര ഔസേപ്പ് ജോസ് | 19-04-15 | 3.15 p.m. |
| സെന്റ് ജോൺ I | കൂനൻപ്ലാവ് ലാസർ വർഗീസ് | 19-04-15 | 4.00 p.m. |
| സെന്റ് ജോൺ II | മാളക്കാരൻ പൊലോസ് ലോനപ്പൻ | 19-04-15 | 4.45 p.m. |
| വാ. മദർ തെരേസ | കുറ്റിക്കാടൻ വറീത് അന്തോണി | 19-04-15 | 5.30 p.m. |
| സെന്റ് അൽഫോൻസ | ചെറേങ്ങാടൻ അന്തോണി ത്രേസ്യ | 19-04-15 | 5.30 p.m. |
| സെന്റ് മേരീസ് I | ചിറയത്ത് കൊറിയൻ ഇട്ടിക്കുരു ടോമി | 26-04-15 | 2.30 p.m. |
| സെന്റ് മേരീസ് II | ആലുക്കൽ പോൾ ജോൺ | 26-04-15 | 3.15 p.m. |
| സെന്റ് റോസ് | തട്ടിൽ ഔസേപ്പ് ഡേവിസ് | 26-04-15 | 4.45 p.m. |
| സെന്റ് സേവ്യർ | തെക്കൂടൻ റപ്പായി ജോസ് | 26-04-15 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം : യോഹ 20:24-29**

**"മാർ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം"**

## മാർച്ച് ലക്കം ക്വിസ് മത്സരവിജയി

**ആനി വിൽസൻ**

അക്കരക്കാരൻ വീട്,

ഇൻഫന്റ് ജീസസ് യൂണിറ്റ്



**അഭിനന്ദനങ്ങൾ**

മാർച്ച് ലക്കം ക്വിസ് മത്സരത്തിൽ 18 പേർ പങ്കെടുത്തു. അവരിൽ 15 പേർ ശരിയുത്തരം എഴുതി. ശരിയുത്തരം എഴുതിയവരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ.ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

**"ചരിത്രത്തിന് നശിപ്പിക്കാൻ കഴിവില്ലാത്ത ഒരു വിശുദ്ധ മതമാണ് ക്രിസ്തു"**

കീർക്ക ഗാർഡ്

# മാർച്ച് മാസത്തിലെ കുടുംബസമ്മേളനം/വാർഷികം

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| ഇൻഫന്റ് ജീസസ് | കിരിയാന്തൻ ജോണി ഭാര്യ ലീല | 12-04-15 | 4.00 p.m. |
| സെന്റ് ജോസഫ് | പൊന്തോക്കൻ ഔസേപ്പ് ആന്റണി | 12-04-15 | 4.00 p.m. |
| സെന്റ് ആന്റണീസ് | വടക്കേത്തല വറീത് സെബാസ്റ്റ്യൻ | 12-04-15 | 5.00 p.m. |
| സെന്റ് സെബാസ്റ്റ്യൻ | വൈദ്യക്കാരൻ ഫ്രാൻസിസ് തോമസ് | 12-04-15 | 5.30 p.m. |
| ഹോളിക്രോസ് | തേറാട്ടിൽ ഇഞ്ചോടിക്കാരൻ പൊറിഞ്ചു ജോർജ്ജ് | 19-04-15 | 6.00 p.m. |
| സെന്റ് ഗീവർഗ്ഗീസ് | തേലപ്പിള്ളി പാറേമൽ വറീത് ഭാര്യ സെലീന | 19-04-15 | 2.30 p.m. |
| സെന്റ് ജോർജ്ജ് | നായങ്കര ഔസേപ്പ് ജോസ് | 19-04-15 | 3.15 p.m. |
| സെന്റ് ജോൺ I | കൂനൻപ്ലാവ് ലാസർ വർഗീസ് | 19-04-15 | 4.00 p.m. |
| സെന്റ് ജോൺ II | മാളക്കാരൻ പൊലോസ് ലോനപ്പൻ | 19-04-15 | 4.45 p.m. |
| വാ. മദർ തെരേസ | കുറ്റിക്കാടൻ വറീത് അന്തോണി | 19-04-15 | 5.30 p.m. |
| സെന്റ് അൽഫോൻസ | ചെറെങ്ങാടൻ അന്തോണി ത്രേസ്യ | 19-04-15 | 5.30 p.m. |
| സെന്റ് മേരീസ് I | ചിറയത്ത് കൊറിയൻ ഇട്ടിക്കുരു ടോമി | 26-04-15 | 2.30 p.m. |
| സെന്റ് മേരീസ് II | ആലുക്കൽ പോൾ ജോൺ | 26-04-15 | 3.15 p.m. |
| സെന്റ് റോസ് | തട്ടിൽ ഔസേപ്പ് ഡേവിസ് | 26-04-15 | 4.45 p.m. |
| സെന്റ് സേവ്യർ | തെക്കൂടൻ റപ്പായി ജോസ് | 26-04-15 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം : യോഹ 20:24-29**

**"മാർ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം"**

## മാർച്ച് ലക്കം ക്വിസ് മത്സരവിജയി

**ആനി വിൽസൻ**

അക്കരക്കാരൻ വീട്,

ഇൻഫന്റ് ജീസസ് യൂണിറ്റ്



**അഭിനന്ദനങ്ങൾ**

മാർച്ച് ലക്കം ക്വിസ് മത്സരത്തിൽ 18 പേർ പങ്കെടുത്തു. അവരിൽ 15 പേർ ശരിയുത്തരം എഴുതി. ശരിയുത്തരം എഴുതിയവരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ.ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

**"ചരിത്രത്തിന് നശിപ്പിക്കാൻ കഴിവില്ലാത്ത ഒരു വിശുദ്ധ മതമാണ് ക്രിസ്തു"**

കീർക്ക ഗാർഡ്

# നിങ്ങൾക്കറിയാമോ?



ബീന തോമസ് ചേറേങ്ങാടൻ

എന്താണ് ഉറവിട മാലിന്യ സംസ്കരണവും പച്ചക്കറി കൃഷിയും തമ്മിലുള്ള ബന്ധം?

നമ്മുടെ വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുന്ന രീതി പ്രായോഗിക ബുദ്ധിമുട്ടുകളാൽ എത്ര കാലം തുടരുമെന്നു പറയാനാവാത്ത സ്ഥിതിയാണ് കേരളത്തിലുള്ളത്. ഈ സാഹചര്യത്തിലാണ് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രസക്തിയേറുന്നത്. നമ്മുടെ വീട്ടിൽനിന്നുള്ള മാലിന്യം നാം തന്നെ സംസ്കരിച്ച് വളമാക്കി കൃഷി ചെയ്യാനുപയോഗിക്കണം. ഏറ്റവും പ്രായോഗികമായ രീതി അതാണ്.

നമ്മുടെ വീടുകളിൽ ഉണ്ടാകുന്ന മാലിന്യം പ്രധാനമായും രണ്ടായി വേർതിരിക്കുക.

ഒന്ന് : അടുക്കളയിൽ നിന്നും ലഭിക്കുന്ന ചോറ്,കറി, പച്ചക്കറി അരിഞ്ഞതിന്റെ ബാക്കി, മീൻ, ഇറച്ചി, തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ, തുടങ്ങി എല്ലാ അഴുകുന്ന വസ്തുക്കളും ആണ് ഇതിൽപെടുന്നത്.

രണ്ട് : കത്തിച്ചു ചാമ്പലാക്കാവുന്ന പേപ്പർ , ഉണങ്ങിയ ഇലകൾ, തുടങ്ങിയവയെല്ലാം ഒരു പാത്രത്തിലിട്ട് കത്തിച്ച് ചാമ്പലാക്കി സൂക്ഷിക്കുക.

ഏകദേശം 25 ഓളം ഗ്രോബാഗുകൾ (ചാക്കുകളായാലും മതി.) മട്ടുപ്പാവിലൊ വീട്ടുമുറ്റത്തോ നിരത്തിവയ്ക്കാവുന്ന സ്ഥലം തയ്യാറാക്കുക. ഒന്നാമത്തെ ഗ്രോബാഗിൽ വളരെ ചെറിയ അളവിൽ മണ്ണ് ഇട്ടശേഷം അതിനു മുകളിൽ ഒരു ദിവസത്തെ അഴുകുന്ന മാലിന്യം നിക്ഷേപിക്കുക. കത്തിച്ച ചാമ്പലും നേരിയ തോതിൽ വിതറുക. ഈ പ്രക്രിയ തുടർന്നുള്ള ദിവസങ്ങളിലും നടത്തുക നാലോ അഞ്ചോ ദിവസത്തെ മാലിന്യം ഇട്ടുകഴിയുമ്പോൾ ഒരു ഗ്രോബാഗ് നിറയും. തുടർന്ന് ഇതു പോലെ മറ്റ് ഗ്രോ ബാഗുകളും നിറയ്ക്കുക. എല്ലാ ഗ്രോ ബാഗുകളും നിറഞ്ഞ് 15 ദിവസം നന്നായി വെള്ളം ഒഴിച്ചുകൊടുക്കുക. അത്രയും കഴിയുമ്പോൾ പച്ചക്കറി കൃഷിക്ക് ആവശ്യമായ രീതിയിൽ ഈ ഗ്രോബാഗുകൾ സജ്ജമാകും. പ്രത്യേകം പാകി മുളപ്പിച്ച തൈകൾ ഈ ബാഗുകളിലേക്ക് പറിച്ചു നടാവുന്നതാണ്.

വലിയ സാമ്പത്തിക മുതൽ മുടക്കില്ലാതെ തന്നെ നമ്മുടെ വീട്ടിലെ മാലിന്യമുപയോഗിച്ച് ഉറവിട മാലിന്യ സംസ്കരണവും പച്ചക്കറികൃഷിയും നടപ്പിലാക്കിയാൽ നമ്മുടെ പരിസരം മലിനമാകാതെ സൂക്ഷിക്കാൻ കഴിയും. അതോടൊപ്പം, തമിഴ്നാട്ടിൽ നിന്നും വരുന്ന വിഷാംശമുള്ള പച്ചക്കറികൾ ഒഴിവാക്കാനും സാധിക്കും.



# നിങ്ങൾക്കറിയാമോ?

ബീന തോമസ് ചേറേങ്ങാടൻ

എന്താണ് ഉറവിട മാലിന്യ സംസ്കരണവും പച്ചക്കറി കൃഷിയും തമ്മിലുള്ള ബന്ധം?

നമ്മുടെ വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുന്ന രീതി പ്രായോഗിക ബുദ്ധിമുട്ടുകളാൽ എത്ര കാലം തുടരുമെന്നു പറയാനാവാത്ത സ്ഥിതിയാണ് കേരളത്തിലുള്ളത്. ഈ സാഹചര്യത്തിലാണ് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രസക്തിയേറുന്നത്. നമ്മുടെ വീട്ടിൽനിന്നുള്ള മാലിന്യം നാം തന്നെ സംസ്കരിച്ച് വളമാക്കി കൃഷി ചെയ്യാനുപയോഗിക്കണം. ഏറ്റവും പ്രായോഗികമായ രീതി അതാണ്.

നമ്മുടെ വീടുകളിൽ ഉണ്ടാകുന്ന മാലിന്യം പ്രധാനമായും രണ്ടായി വേർതിരിക്കുക.

ഒന്ന് : അടുക്കളയിൽ നിന്നും ലഭിക്കുന്ന ചോറ്,കറി, പച്ചക്കറി അരിഞ്ഞതിന്റെ ബാക്കി, മീൻ, ഇറച്ചി, തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ, തുടങ്ങി എല്ലാ അഴുകുന്ന വസ്തുക്കളും ആണ് ഇതിൽപെടുന്നത്.

രണ്ട് : കത്തിച്ചു ചാമ്പലാക്കാവുന്ന പേപ്പർ , ഉണങ്ങിയ ഇലകൾ, തുടങ്ങിയവയെല്ലാം ഒരു പാത്രത്തിലിട്ട് കത്തിച്ച് ചാമ്പലാക്കി സൂക്ഷിക്കുക.

ഏകദേശം 25 ഓളം ഗ്രോബാഗുകൾ (ചാക്കുകളായാലും മതി.) മട്ടുപ്പാവിലൊ വീട്ടുമുറ്റത്തോ നിരത്തിവയ്ക്കാവുന്ന സ്ഥലം തയ്യാറാക്കുക. ഒന്നാമത്തെ ഗ്രോബാഗിൽ വളരെ ചെറിയ അളവിൽ മണ്ണ് ഇട്ടശേഷം അതിനു മുകളിൽ ഒരു ദിവസത്തെ അഴുകുന്ന മാലിന്യം നിക്ഷേപിക്കുക. കത്തിച്ച ചാമ്പലും നേരിയ തോതിൽ വിതറുക. ഈ പ്രക്രിയ തുടർന്നുള്ള ദിവസങ്ങളിലും നടത്തുക നാലോ അഞ്ചോ ദിവസത്തെ മാലിന്യം ഇട്ടുകഴിയുമ്പോൾ ഒരു ഗ്രോബാഗ് നിറയും. തുടർന്ന് ഇതു പോലെ മറ്റ് ഗ്രോ ബാഗുകളും നിറയ്ക്കുക. എല്ലാ ഗ്രോ ബാഗുകളും നിറഞ്ഞ് 15 ദിവസം നന്നായി വെള്ളം ഒഴിച്ചുകൊടുക്കുക. അത്രയും കഴിയുമ്പോൾ പച്ചക്കറി കൃഷിക്ക് ആവശ്യമായ രീതിയിൽ ഈ ഗ്രോബാഗുകൾ സജ്ജമാകും. പ്രത്യേകം പാകി മുളപ്പിച്ച തൈകൾ ഈ ബാഗുകളിലേക്ക് പറിച്ചു നടാവുന്നതാണ്.

വലിയ സാമ്പത്തിക മുതൽ മുടക്കില്ലാതെ തന്നെ നമ്മുടെ വീട്ടിലെ മാലിന്യമുപയോഗിച്ച് ഉറവിട മാലിന്യ സംസ്കരണവും പച്ചക്കറികൃഷിയും നടപ്പിലാക്കിയാൽ നമ്മുടെ പരിസരം മലിനമാകാതെ സൂക്ഷിക്കാൻ കഴിയും. അതോടൊപ്പം, തമിഴ്നാട്ടിൽ നിന്നും വരുന്ന വിഷാംശമുള്ള പച്ചക്കറികൾ ഒഴിവാക്കാനും സാധിക്കും.



# സ്നേഹത്തിന് വിരുന്നൊരുക്കാം

**മേരി ജോർജ്ജ് പള്ളിത്തറ**

ഒരു ദിവസം ലിസ്സി തന്റെ വീടിന്റെ ജനലിൽകൂടി പുറത്തേക്കു നോക്കിയപ്പോൾ മൂന്നു വൃദ്ധന്മാർ റോഡിൽ ഇരിക്കുന്നതു കണ്ടു. അവൾ അവരുടെ അടുത്തുചെന്ന് പറഞ്ഞു, ''നിങ്ങൾ ആരാണെന്ന് എനിക്കറിയില്ല. പക്ഷെ നിങ്ങൾ വിശന്നിരിക്കുന്നവരാണെന്ന് നിങ്ങളുടെ മുഖം കണ്ടപ്പോൾ എനിക്ക് മനസ്സിലായി. നിങ്ങൾ വീട്ടിലേക്ക് വരൂ, ഞാൻ നിങ്ങൾക്ക് ഭക്ഷണം തരാം''. അപ്പോൾ അവർ അവളോട് ചോദിച്ചു. ''നിങ്ങളുടെ ഗൃഹനാഥൻ വീട്ടിലുണ്ടോ''? ''ഇല്ല. ജോലിക്ക് പോയി'' അവൾ മറുപടി പറഞ്ഞു. എങ്കിൽ ഗൃഹനാഥൻ വന്നതിനുശേഷം വരാമെന്നായിരുന്നു അവരുടെ മറുപടി.

ഭർത്താവ് ജോലി കഴിഞ്ഞു വീട്ടിൽ വന്നപ്പോൾ അവൾ ഈ വിവരം ഭർത്താവിനെ അറിയിച്ചു. ''ഇപ്പോൾ ഞാൻ വന്നില്ലെ, ഇനി അവരോട് വരാൻ പറയൂ''. അവൾ ചെന്ന് അവരെ വിളിച്ചു. അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു, ഞങ്ങൾ ഒരുമിച്ചു വരില്ല. അവർ തങ്ങളുടെ പേരുകൾ പറഞ്ഞു. ധനം (wealth) വിജയം (success) സ്നേഹം (love). ഞങ്ങളിൽ ആരാണ് വരേണ്ടത് എന്ന് അദ്ദേഹത്തോട് ചോദിക്കു. അവൾ തിരിച്ചുചെന്ന് ഭർത്താവിനെ വിവരം അറിയിച്ചു. അദ്ദേഹം പറഞ്ഞു; ധനത്തിനോട് (wealth) വരാൻ പറയൂ. നമ്മുടെ വീട്ടിൽ ധാരാളം ധനം ഉണ്ടാവട്ടെ. അപ്പോൾ ലിസ്സി പറഞ്ഞു; വേണ്ട, നമുക്ക് വിജയം (success)മതി, വിജയത്തെ ക്ഷണിക്കാം. ഇതുകേട്ട അവരുടെ ഏക മകൻ ജോയി അവരോട് പറഞ്ഞു. ''നമുക്ക് സ്നേഹം മതി, നമ്മുടെ ഭവനത്തിൽ സ്നേഹം നിറയട്ടെ''. ആ ദമ്പതികൾ സനേഹ ത്തെ തന്നെ തങ്ങളുടെ വീട്ടിലേക്ക് ക്ഷണിക്കാൻ തീരുമാനിച്ചു. അവൾചെന്ന് സ്നേഹത്തിനോട് (love) വീട്ടിലേക്ക് വരാൻ പറഞ്ഞു. അത് കേട്ടപ്പോൾ അവർ മൂന്നുപേരും എഴുന്നേറ്റ് വരാൻ തുടങ്ങി. അപ്പോൾ ലിസ്സി പറഞ്ഞു. ''ഞാൻ സ്നേഹത്തെയല്ലെ വിളിച്ചത്? പിന്നെ എന്തിനാണ് ബാക്കി രണ്ടു പേരും വരുന്നത്?'' അവർ പരസ്പരം നോക്കിയിട്ട് അവളോട് പറഞ്ഞു ''നിങ്ങൾ സ്നേഹത്തെ അല്ലാതെ സമ്പത്തിനെയോ വിജയത്തേയോ ആണ് ക്ഷണിച്ചതെങ്കിൽ അവർ മാത്രമെ വരുമായിരുന്നുള്ളു. പക്ഷെ സ്നേഹത്തെ വിളിച്ചതുകൊണ്ട് സമ്പത്തും വിജയവും കൂടെവരും. സ്നേഹം എവിടെ പോയാലും അവിടെ ഞങ്ങൾ - സമ്പത്തും വിജയവും കൂടെ ഉണ്ടാകും''.

**സ്നേഹം എവിടെയുണ്ടോ അവിടെ വിജയവും സമ്പത്തും ഉണ്ടാകും.**



# സ്നേഹത്തിന് വിരുന്നൊരുക്കാം

**മേരി ജോർജ്ജ് പള്ളിത്തറ**

ഒരു ദിവസം ലിസ്സി തന്റെ വീടിന്റെ ജനലിൽകൂടി പുറത്തേക്കു നോക്കിയപ്പോൾ മൂന്നു വൃദ്ധന്മാർ റോഡിൽ ഇരിക്കുന്നതു കണ്ടു. അവൾ അവരുടെ അടുത്തുചെന്ന് പറഞ്ഞു, ''നിങ്ങൾ ആരാണെന്ന് എനിക്കറിയില്ല. പക്ഷെ നിങ്ങൾ വിശന്നിരിക്കുന്നവരാണെന്ന് നിങ്ങളുടെ മുഖം കണ്ടപ്പോൾ എനിക്ക് മനസ്സിലായി. നിങ്ങൾ വീട്ടിലേക്ക് വരൂ, ഞാൻ നിങ്ങൾക്ക് ഭക്ഷണം തരാം''. അപ്പോൾ അവർ അവളോട് ചോദിച്ചു. ''നിങ്ങളുടെ ഗൃഹനാഥൻ വീട്ടിലുണ്ടോ''? ''ഇല്ല. ജോലിക്ക് പോയി'' അവൾ മറുപടി പറഞ്ഞു. എങ്കിൽ ഗൃഹനാഥൻ വന്നതിനുശേഷം വരാമെന്നായിരുന്നു അവരുടെ മറുപടി.

ഭർത്താവ് ജോലി കഴിഞ്ഞു വീട്ടിൽ വന്നപ്പോൾ അവൾ ഈ വിവരം ഭർത്താവിനെ അറിയിച്ചു. ''ഇപ്പോൾ ഞാൻ വന്നില്ലെ, ഇനി അവരോട് വരാൻ പറയൂ''. അവൾ ചെന്ന് അവരെ വിളിച്ചു. അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു, ഞങ്ങൾ ഒരുമിച്ചു വരില്ല. അവർ തങ്ങളുടെ പേരുകൾ പറഞ്ഞു. ധനം (wealth) വിജയം (success) സ്നേഹം (love). ഞങ്ങളിൽ ആരാണ് വരേണ്ടത് എന്ന് അദ്ദേഹത്തോട് ചോദിക്കൂ. അവൾ തിരിച്ചുചെന്ന് ഭർത്താവിനെ വിവരം അറിയിച്ചു. അദ്ദേഹം പറഞ്ഞു; ധനത്തിനോട് (wealth) വരാൻ പറയൂ. നമ്മുടെ വീട്ടിൽ ധാരാളം ധനം ഉണ്ടാവട്ടെ. അപ്പോൾ ലിസ്സി പറഞ്ഞു; വേണ്ട, നമുക്ക് വിജയം (success)മതി, വിജയത്തെ ക്ഷണിക്കാം. ഇതുകേട്ട അവരുടെ ഏക മകൻ ജോയി അവരോട് പറഞ്ഞു. ''നമുക്ക് സ്നേഹം മതി, നമ്മുടെ ഭവനത്തിൽ സ്നേഹം നിറയട്ടെ''. ആ ദമ്പതികൾ സനേഹ ത്തെ തന്നെ തങ്ങളുടെ വീട്ടിലേക്ക് ക്ഷണിക്കാൻ തീരുമാനിച്ചു. അവൾചെന്ന് സ്നേഹത്തിനോട് (love) വീട്ടിലേക്ക് വരാൻ പറഞ്ഞു. അത് കേട്ടപ്പോൾ അവർ മൂന്നുപേരും എഴുന്നേറ്റ് വരാൻ തുടങ്ങി. അപ്പോൾ ലിസ്സി പറഞ്ഞു. ''ഞാൻ സ്നേഹത്തെയല്ലെ വിളിച്ചത്? പിന്നെ എന്തിനാണ് ബാക്കി രണ്ടു പേരും വരുന്നത്?'' അവർ പരസ്പരം നോക്കിയിട്ട് അവളോട് പറഞ്ഞു ''നിങ്ങൾ സ്നേഹത്തെ അല്ലാതെ സമ്പത്തിനെയോ വിജയത്തേയോ ആണ് ക്ഷണിച്ചതെങ്കിൽ അവർ മാത്രമെ വരുമായിരുന്നുള്ളു. പക്ഷെ സ്നേഹത്തെ വിളിച്ചതുകൊണ്ട് സമ്പത്തും വിജയവും കൂടെവരും. സ്നേഹം എവിടെ പോയാലും അവിടെ ഞങ്ങൾ - സമ്പത്തും വിജയവും കൂടെ ഉണ്ടാകും''.

**സ്നേഹം എവിടെയുണ്ടോ അവിടെ വിജയവും സമ്പത്തും ഉണ്ടാകും.**

# ആരോഗ്യ ചിന്തകൾ



**ജസ്റ്റിൻ ജോസ് എം.**

നമ്മുടെ നിത്യജീവിതത്തിൽ വന്നിരിക്കുന്ന ശൈലി മാറ്റത്താൽ നമുക്കു ബാധിക്കുന്ന രോഗങ്ങളെ പൊതുവെ ജീവിതശൈലീ രോഗങ്ങളെന്നു വിളിയ്ക്കാം. അമിതവണ്ണം, പ്രമേഹം (ഒരു പരിധിയോളം) ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ അസുഖങ്ങളെ ഈ ഗണത്തിൽപ്പെടുത്താം. ഈ ഗണത്തിൽപ്പെടുത്താവുന്ന ഒരു മാരകരോഗമാണ് കാൻസർ എന്നുപറയുന്നതിൽ തെറ്റില്ല. കാരണം ജീവിതശൈലിയിൽ ആരോഗ്യകരമായ മാറ്റങ്ങൾ വരുത്തി ഒരു പരിധി വരെ കാൻസറിനെ നമുക്ക് പ്രതിരോധിയ്ക്കാം. ആഹാര രീതിയിൽ നമ്മൾ കൊണ്ടുവന്നിട്ടുള്ള അനാരോഗ്യകരമായ ചില പ്രവണതകൾ കാൻസർ സാധ്യത വർദ്ധിപ്പിയ്ക്കുകയാണ്. 30 ശതമാനമാണ് കാൻസർ കാരണങ്ങളിൽ അനാരോഗ്യകരമായ ആഹാര രീതിയ്ക്കുള്ളത് എന്നുള്ളതു തന്നെ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതിലേക്ക് വിരൽ ചൂണ്ടുകയാണ്. അതുപോലെ വ്യായാമം വളരെ പ്രാധാന്യമർഹിക്കുന്നു. ദിവസവും അരമണിക്കൂറെങ്കിലും വ്യായാമം ചെയ്യുക എന്നത് ഒരു ശീലമാക്കുക. രോഗപ്രതിരോധത്തെ അതു വളരെ സഹായിക്കുന്നതാണ്. ഒപ്പം മാനസികാരോഗ്യം നിലനിർത്തുന്നതിനും സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനും അതിനു കഴിയും. രാവിലെയോ വൈകീട്ടോ ഉള്ള നടത്തം വളരെ ലഘുവായതും ഏതു പ്രായക്കാർക്കും ചെയ്യാവുന്നതുമായ വ്യായാമമാണ്. (ഒഴിവാക്കണമെന്ന് വൈദ്യ നിർദ്ദേശമില്ലെങ്കിൽ)

പഴങ്ങളിലും പച്ചക്കറികളിലുമുള്ള ആന്റി ഓക്സിഡന്റുകൾ ശരീരകോശങ്ങളെ നശിപ്പിയ്ക്കുന്ന ഫ്രീ റാഡിക്കലുകളെ നിർവ്വീര്യമാക്കാൻ സഹായിക്കുന്നു. കഴിയുന്നതും കീടനാശിനികൾ പ്രയോഗിയ്ക്കാത്ത പച്ചക്കറികൾ ഉപയോഗിയ്ക്കുക. അതിനായി വീട്ടിൽ തന്നെ ചെറിയൊരു പച്ചക്കറി തോട്ടം ഉണ്ടാക്കുകയാണെങ്കിൽ അത് വ്യായാമത്തിനും ഒരു വഴിയായി മാറും. നിത്യവും മാംസം കഴിയ്ക്കുന്ന ശീലമുണ്ടെങ്കിൽ അതൊഴിവാക്കാൻ പെട്ടെന്നുതന്നെ തീരുമാനമെടുക്കുക. വറുത്തതും പൊരിച്ചതുമായ ഭക്ഷണ സാധനങ്ങളോട് നിർബന്ധപൂർവ്വം അകലം പാലിക്കുന്നതു കാൻസറിനോട് പൊരുതാൻ നിങ്ങളെ സജ്ജരാക്കുന്നു. ഭക്ഷണം കൂടുതൽ ഉണ്ടാക്കി അത് ഫ്രിഡ്ജിൽ വച്ച് തണുപ്പിച്ച് വീണ്ടും ചൂടാക്കി കഴിയ്ക്കുന്ന ശീലം ഉത്തമമല്ല. കരിഞ്ഞ ഭക്ഷണ സാധനങ്ങൾ ഉപയോഗിക്കുന്നത് പണ ലാഭത്തേക്കാൾ കാൻസറിനെ ക്ഷണിച്ചു വരുത്തുന്നതിന് തുല്യമാണ്. മദ്യപാനം, പുകവലി, മറ്റു പുകയില ഉത്പന്നങ്ങൾ എന്നിവ തീർത്തും ഒഴിവാക്കണം. ലഹരിവസ്തുക്കളുടെ ചെറിയ ഉപയോഗം പോലും കാൻസറിന്റെ സാധ്യത കൂട്ടുന്നതാണ്.അതായത് നമ്മൾ ഒന്നു മനസ്സുവച്ചാൽ കാൻസറിനെ പ്രതിരോധിക്കാനാകും എന്നു സാരം.

# ആരോഗ്യ ചിന്തകൾ



ജസ്റ്റിൻ ജോസ് എം.

നമ്മുടെ നിത്യജീവിതത്തിൽ വന്നിരിക്കുന്ന ശൈലി മാറ്റത്താൽ നമുക്കു ബാധിക്കുന്ന രോഗങ്ങളെ പൊതുവെ ജീവിതശൈലീ രോഗങ്ങളെന്നു വിളിയ്ക്കാം. അമിതവണ്ണം, പ്രമേഹം (ഒരു പരിധിയോളം) ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ അസുഖങ്ങളെ ഈ ഗണത്തിൽപ്പെടുത്താം. ഈ ഗണത്തിൽപ്പെടുത്താവുന്ന ഒരു മാരകരോഗമാണ് കാൻസർ എന്നുപറയുന്നതിൽ തെറ്റില്ല. കാരണം ജീവിതശൈലിയിൽ ആരോഗ്യകരമായ മാറ്റങ്ങൾ വരുത്തി ഒരു പരിധി വരെ കാൻസറിനെ നമുക്ക് പ്രതിരോധിയ്ക്കാം. ആഹാര രീതിയിൽ നമ്മൾ കൊണ്ടുവന്നിട്ടുള്ള അനാരോഗ്യകരമായ ചില പ്രവണതകൾ കാൻസർ സാധ്യത വർദ്ധിപ്പിയ്ക്കുകയാണ്. 30 ശതമാനമാണ് കാൻസർ കാരണങ്ങളിൽ അനാരോഗ്യകരമായ ആഹാര രീതിയ്ക്കുള്ളത് എന്നുള്ളതു തന്നെ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതിലേക്ക് വിരൽ ചൂണ്ടുകയാണ്. അതുപോലെ വ്യായാമം വളരെ പ്രാധാന്യമർഹിക്കുന്നു. ദിവസവും അരമണിക്കൂറെങ്കിലും വ്യായാമം ചെയ്യുക എന്നത് ഒരു ശീലമാക്കുക. രോഗപ്രതിരോധത്തെ അതു വളരെ സഹായിക്കുന്നതാണ്. ഒപ്പം മാനസികാരോഗ്യം നിലനിർത്തുന്നതിനും സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനും അതിനു കഴിയും. രാവിലെയോ വൈകീട്ടോ ഉള്ള നടത്തം വളരെ ലഘുവായതും ഏതു പ്രായക്കാർക്കും ചെയ്യാവുന്നതുമായ വ്യായാമമാണ്. (ഒഴിവാക്കണമെന്ന് വൈദ്യ നിർദ്ദേശമില്ലെങ്കിൽ)

പഴങ്ങളിലും പച്ചക്കറികളിലുമുള്ള ആന്റി ഓക്സിഡന്റുകൾ ശരീരകോശങ്ങളെ നശിപ്പിയ്ക്കുന്ന ഫ്രീ റാഡിക്കലുകളെ നിർവ്വീര്യമാക്കാൻ സഹായിക്കുന്നു. കഴിയുന്നതും കീടനാശിനികൾ പ്രയോഗിയ്ക്കാത്ത പച്ചക്കറികൾ ഉപയോഗിയ്ക്കുക. അതിനായി വീട്ടിൽ തന്നെ ചെറിയൊരു പച്ചക്കറി തോട്ടം ഉണ്ടാക്കുകയാണെങ്കിൽ അത് വ്യായാമത്തിനും ഒരു വഴിയായി മാറും. നിത്യവും മാംസം കഴിയ്ക്കുന്ന ശീലമുണ്ടെങ്കിൽ അതൊഴിവാക്കാൻ പെട്ടെന്നുതന്നെ തീരുമാനമെടുക്കുക. വറുത്തതും പൊരിച്ചതുമായ ഭക്ഷണ സാധനങ്ങളോട് നിർബന്ധപൂർവ്വം അകലം പാലിക്കുന്നതു കാൻസറിനോട് പൊരുതാൻ നിങ്ങളെ സജ്ജരാക്കുന്നു. ഭക്ഷണം കൂടുതൽ ഉണ്ടാക്കി അത് ഫ്രിഡ്ജിൽ വച്ച് തണുപ്പിച്ച് വീണ്ടും ചൂടാക്കി കഴിയ്ക്കുന്ന ശീലം ഉത്തമമല്ല. കരിഞ്ഞ ഭക്ഷണ സാധനങ്ങൾ ഉപയോഗിക്കുന്നത് പണ ലാഭത്തേക്കാൾ കാൻസറിനെ ക്ഷണിച്ചു വരുത്തുന്നതിന് തുല്യമാണ്. മദ്യപാനം, പുകവലി, മറ്റു പുകയില ഉത്പന്നങ്ങൾ എന്നിവ തീർത്തും ഒഴിവാക്കണം. ലഹരിവസ്തുക്കളുടെ ചെറിയ ഉപയോഗം പോലും കാൻസറിന്റെ സാധ്യത കൂട്ടുന്നതാണ്.അതായത് നമ്മൾ ഒന്നു മനസ്സുവച്ചാൽ കാൻസറിനെ പ്രതിരോധിക്കാനാകും എന്നു സാരം.

# പിന്നിട്ട ലോകം



ജെസ്റ്റോ മാമ്പിള്ളി

- രാജ്യത്ത് ആദ്യമായി ഇ -ഗവേർണൻസ് ഡിജിറ്റൽ സാക്ഷരതാ പദ്ധതി പൂർത്തിയാക്കിയ നഗരസഭയായി തിരൂർ പ്രഖ്യാപിക്കപ്പെട്ടു.
- 2013 -14 ലെ സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തായി കോഴിക്കോട് ജില്ലയിലെ നാദാപുരം തിരഞ്ഞെടുക്കപ്പെട്ടു.
- മാജിക്കിലെ ഓസ്ക്കർ എന്നറിയപ്പെടുന്ന മെർലിൻ പുരസ്ക്കാരത്തിന് മലയാളിയായ റവ.ഫാ സജു മാത്യു തിരഞ്ഞെടുക്കപ്പെട്ടു.
- മലയാറ്റൂർ പുരസ്ക്കാരം പ്രശസ്ത കവി. വി. മധുസൂദനൻ നായർക്ക്.
- 87-ാമത് ഓസ്ക്കർ അവാർഡ് : ഏറ്റവും നല്ല ചിത്രം - ബേഡ്മാൻ, ബെസ്റ്റ് ഡയറക്ടർ - അലക്സാന്ദ്രോ ഗോൺസാലസ്, ബെസ്റ്റ് ആക്ടർ - എഡ്ഡിറെഡ്മെയ്ൻ, ബെസ്റ്റ് ആക്ടറസ്സ് - ജൂലിയാൻ മൂർ.
- സലോണി ദലാൽ നാഷണൽ ഗെയിംസിൽ മെഡൽ നേടുന്ന ഏറ്റവും പ്രായകുറഞ്ഞ വ്യക്തി : ഈ 12 കാരിക്ക് നീന്തലിൽ വെങ്കലമെഡൽ.
- ആന്ധ്രാപ്രദേശിന്റെ പുതിയ തലസ്ഥാനം : വിജയവാഡ.
- ഫസ്റ്റ് വേൾഡ് ഓഷ്യൻ സയൻസ് കോൺഗ്രസ്സ് 2015ൽ കൊച്ചിയിൽ വച്ച്.
- കൊളിന്താ ഗ്രാബ്ബാർ കിറ്റാറോവിക് ക്രൊയേഷ്യയുടെ പുതിയ വനിതാ പ്രസിഡന്റ്.
- സെർജിയോ മറ്റേറെല്ല ഇറ്റലിയുടെ പുതിയ പ്രസിഡന്റായി സ്ഥാനമേറ്റു.
- നോബേൽ സമ്മാനജേതാവ് മലാല യൂസഫ്സായുടെ "അയാം മലാല" എന്ന പുസ്തകത്തിന്റെ ഓഡിയോ പതിപ്പിന് കുട്ടികളുടെ മികച്ച ആൽബത്തിനുള്ള ഗ്രാമി പുരസ്ക്കാരം ലഭിച്ചു.
- വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ദിലീപ് സാങ്‌വി ഏറ്റവും ധനികനായ ഇന്ത്യക്കാരൻ. 1.46 ലക്ഷം കോടി രൂപയാണ് ആസ്തി.
- S.M. വിജയാനന്ദ് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം സെക്രട്ടറി.
- ചൊവ്വയിൽ ഒരു കാലത്തു സമുദ്രം ഉണ്ടായിരുന്നെന്നും അതിൽ ഭൂമിയിലെ ആർട്ടിക് സമുദ്രത്തിൽ ഉള്ളതിലേറെ ജലം ഉണ്ടായിരുന്നെന്നും യു.എസ് ബഹിരാകാശ ഏജൻസിയായ നാസയിലെ ശാസ്ത്രജ്ഞർ

## മരണം

| പേര് | തിയതി | യൂണിറ്റ് |
|---|---|---|
| മാളിയേക്കൽ പൗലോസ് ലോനപ്പൻ | 06 - 03 - 2015 | സെന്റ്ജോൺ II |

# പിന്നിട്ട ലോകം



**ജെസ്റ്റോ മാമ്പിള്ളി**

- രാജ്യത്ത് ആദ്യമായി ഇ -ഗവേർണൻസ് ഡിജിറ്റൽ സാക്ഷരതാ പദ്ധതി പൂർത്തിയാക്കിയ നഗരസഭയായി തിരൂർ പ്രഖ്യാപിക്കപ്പെട്ടു.
- 2013 -14 ലെ സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തായി കോഴിക്കോട് ജില്ലയിലെ നാദാപുരം തിരഞ്ഞെടുക്കപ്പെട്ടു.
- മാജിക്കിലെ ഓസ്ക്കർ എന്നറിയപ്പെടുന്ന മെർലിൻ പുരസ്ക്കാരത്തിന് മലയാളിയായ റവ.ഫാ സജു മാത്യു തിരഞ്ഞെടുക്കപ്പെട്ടു.
- മലയാറ്റൂർ പുരസ്ക്കാരം പ്രശസ്ത കവി. വി. മധുസൂദനൻ നായർക്ക്.
- 87-ാമത് ഓസ്ക്കർ അവാർഡ് : ഏറ്റവും നല്ല ചിത്രം - ബേഡ്മാൻ, ബെസ്റ്റ് ഡയറക്ടർ - അലക്സാന്ദ്രോ ഗോൺസാലസ്, ബെസ്റ്റ് ആക്ടർ - എഡ്ഡിറെഡ്മെയ്ൻ, ബെസ്റ്റ് ആക്ടറസ്സ് - ജൂലിയാൻ മൂർ.
- സലോണി ദലാൽ നാഷണൽ ഗെയിംസിൽ മെഡൽ നേടുന്ന ഏറ്റവും പ്രായകുറഞ്ഞ വ്യക്തി : ഈ 12 കാരിക്ക് നീന്തലിൽ വെങ്കലമെഡൽ.
- ആന്ധ്രാപ്രദേശിന്റെ പുതിയ തലസ്ഥാനം : വിജയവാഡ.
- ഫസ്റ്റ് വേൾഡ് ഓഷ്യൻ സയൻസ് കോൺഗ്രസ്സ് 2015ൽ കൊച്ചിയിൽ വച്ച്.
- കൊളിന്താ ഗ്രാബ്ബാർ കിറ്റാറോവിക് ക്രൊയേഷ്യയുടെ പുതിയ വനിതാ പ്രസിഡന്റ്.
- സെർജിയോ മറ്റെറെല്ല ഇറ്റലിയുടെ പുതിയ പ്രസിഡന്റായി സ്ഥാനമേറ്റു.
- നോബേൽ സമ്മാനജേതാവ് മലാല യൂസഫ്സായുടെ "അയാം മലാല" എന്ന പുസ്തകത്തിന്റെ ഓഡിയോ പതിപ്പിന് കുട്ടികളുടെ മികച്ച ആൽബത്തിനുള്ള ഗ്രാമി പുരസ്ക്കാരം ലഭിച്ചു.
- വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ദിലീപ് സാങ്‌വി ഏറ്റവും ധനികനായ ഇന്ത്യക്കാരൻ. 1.46 ലക്ഷം കോടി രൂപയാണ് ആസ്തി.
- S.M. വിജയാനന്ദ് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം സെക്രട്ടറി.
- ചൊവ്വയിൽ ഒരു കാലത്തു സമുദ്രം ഉണ്ടായിരുന്നെന്നും അതിൽ ഭൂമിയിലെ ആർട്ടിക് സമുദ്രത്തിൽ ഉള്ളതിലേറെ ജലം ഉണ്ടായിരുന്നെന്നും യു.എസ് ബഹിരാകാശ ഏജൻസിയായ നാസയിലെ ശാസ്ത്രജ്ഞർ

## മരണം

| പേര് | തിയതി | യൂണിറ്റ് |
|---|---|---|
| മാളിയേക്കൽ പൗലോസ് ലോനപ്പൻ | 06 - 03 - 2015 | സെന്റ്ജോൺ II |

**ബാലപംക്തി**



# മൂന്ന് വെള്ളി നാണയങ്ങൾ

**ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ**

ഒരിക്കൽ ദരിദ്രനായ ഒരു ഗ്രാമീണന്റെ പക്കൽ ഒരു പ്രതിമ ഉണ്ടായിരുന്നു. വളരെ പുരാതനമായ ഒന്നായിരുന്നു അത്. ഒട്ടും ശ്രദ്ധയില്ലാതെ തന്റെ വസതിയുടെ വെളിയിലാണ് പ്രതിമ അയാൾ ഇട്ടിരുന്നത്. ഒരിക്കൽ വിജ്ഞാനിയായ ഒരു മനുഷ്യൻ ഇത് കാണാനിടയായി. ആ പ്രതിമ തനിക്ക് വിലയ്ക്ക് നൽകുമോ എന്ന് വിജ്ഞാനി ഗ്രാമീണനോട് ആരാഞ്ഞു. "അതിനെന്താ തരാമല്ലോ". എന്നായിരുന്നു മറുപടി. "ആട്ടെ എത്ര പണം വേണം?"ഗ്രാമീണൻ പറഞ്ഞു. "എനിക്ക് ഉപകാരമില്ലാത്തതാണിത്. എന്റെ, പിതാവിൽ നിന്നും എനിക്ക് ലഭിച്ചതാണ്. എന്തെങ്കിലും നൽകിയാൽ മതി".ഒടുവിൽ ഒരു വെള്ളിനാണയത്തിന് പ്രതിമ വിജ്ഞാനിക്ക് ലഭിച്ചു.

കുറച്ചുനാളുകൾക്കുശേഷം നമ്മുടെ ഗ്രാമീണനായ മനുഷ്യൻ അടുത്തുള്ള നഗരത്തിൽ പോകാനിടയായി. അവിടെ ഒരിടത്ത് ഒരു ബോർഡ് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. "കാണുവിൻ, കണ്ടാസ്വദിക്കുവിൻ ലോകത്തിലെ ഏറ്റവും മനോഹരവും രാജശിൽപി മെനഞ്ഞതുമായ വിശ്വോത്തര പ്രതിമ. ഫീസ് രണ്ടു വെള്ളിനാണയങ്ങൾ മാത്രം". കൗതുകം തോന്നിയ ഗ്രാമീണൻ ആൾക്കൂട്ടത്തിൽ ക്യൂ നിന്ന് ടിക്കറ്റ് എടുത്തു. പ്രതിമ കണ്ട അയാൾ ഞെട്ടിത്തരിച്ചുപോയി! കാരണമെന്താണെന്നല്ലേ? മാസങ്ങൾക്കുമുമ്പ് താൻ കേവലം ഒരു വെള്ളി നാണയം വാങ്ങി ഒഴിവാക്കിയ പ്രതിമ ആയിരുന്നു അത്.

കൂട്ടുകാരേ, ഖലീൻ ജിബ്രാന്റെ ഈ കഥയിലെ ഗ്രാമീണനെപ്പോലെ അല്ല, വിജ്ഞാനിയെ പോലെയാണ് നാം ജീവിക്കേണ്ടത്. ഒരുപാടു നന്മകളും കഴിവുകളും ഉള്ളവരാണ് നാമെല്ലാവരും. അവയെല്ലാം ഗ്രാമീണന്റെ പ്രതിമയെ പോലെ എവിടെയോ വലിച്ചെറിഞ്ഞിട്ടിരിക്കുകയാണ്. വിജ്ഞാനി പ്രതിമയെ തിരിച്ചറിഞ്ഞ പോലെ നമ്മുടെ നന്മകളും കഴിവുകളും, മാതാപിതാക്കളും അധ്യാപകരും നൽകിയ നല്ല മൂല്യങ്ങളും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാൻ നാം ശ്രമിക്കണം.

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | പള്ളിത്തറ | ദീപു+സിൻസി | എവ്‌ലിൻ റോസ് | 08-06-14 | 17-01-15 |
| മാപ്രാണം | തറയിൽ മുറ്റിച്ചുക്കാരൻ | ഷിബു+ബിൽസി | റയാൻ ക്രിസ്റ്റോ (റാഫേൽ) | 07-11-14 | 22-03-15 |
| മാപ്രാണം | പടിക്കല | റിന്റോ+ജിനി | ജുവൽ റോസ് (ഗീത്ത) | 14-11-14 | 15-02-15 |
| മാപ്രാണം | ചിറയത്ത് കള്ളാപറമ്പിൽ | ജെറിൻ+ഷെറിൻ | ക്രിസ്ത്യാനോ (ജോസ്) | 19-12-14 | 15-03-15 |
| മാപ്രാണം | ആലപ്പാടൻ | ജോബി+ജോണിറ്റ | ജോഹന്ന (ബേബി) | 06-01-15 | 22-02-15 |

**ബാലപംക്തി**



# മൂന്ന് വെള്ളി നാണയങ്ങൾ

**ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ**

ഒരിക്കൽ ദരിദ്രനായ ഒരു ഗ്രാമീണന്റെ പക്കൽ ഒരു പ്രതിമ ഉണ്ടായിരുന്നു. വളരെ പുരാതനമായ ഒന്നായിരുന്നു അത്. ഒട്ടും ശ്രദ്ധയില്ലാതെ തന്റെ വസതിയുടെ വെളിയിലാണ് പ്രതിമ അയാൾ ഇട്ടിരുന്നത്. ഒരിക്കൽ വിജ്ഞാനിയായ ഒരു മനുഷ്യൻ ഇത് കാണാനിടയായി. ആ പ്രതിമ തനിക്ക് വിലയ്ക്ക് നൽകുമോ എന്ന് വിജ്ഞാനി ഗ്രാമീണനോട് ആരാഞ്ഞു. ''അതിനെന്താ തരാമല്ലോ''. എന്നായിരുന്നു മറുപടി. ''ആട്ടെ എത്ര പണം വേണം?''ഗ്രാമീണൻ പറഞ്ഞു. ''എനിക്ക് ഉപകാരമില്ലാത്തതാണിത്. എന്റെ, പിതാവിൽ നിന്നും എനിക്ക് ലഭിച്ചതാണ്. എന്തെങ്കിലും നൽകിയാൽ മതി''.ഒടുവിൽ ഒരു വെള്ളിനാണയത്തിന് പ്രതിമ വിജ്ഞാനിക്ക് ലഭിച്ചു.

കുറച്ചുനാളുകൾക്കുശേഷം നമ്മുടെ ഗ്രാമീണനായ മനുഷ്യൻ അടുത്തുള്ള നഗരത്തിൽ പോകാനിടയായി. അവിടെ ഒരിടത്ത് ഒരു ബോർഡ് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. ''കാണുവിൻ, കണ്ടാസ്വദിക്കുവിൻ ലോകത്തിലെ ഏറ്റവും മനോഹരവും രാജശിൽപി മെനഞ്ഞതുമായ വിശ്വോത്തര പ്രതിമ. ഫീസ് രണ്ടു വെള്ളിനാണയങ്ങൾ മാത്രം''. കൗതുകം തോന്നിയ ഗ്രാമീണൻ ആൾക്കൂട്ടത്തിൽ ക്യൂ നിന്ന് ടിക്കറ്റ് എടുത്തു. പ്രതിമ കണ്ട അയാൾ ഞെട്ടിത്തരിച്ചുപോയി! കാരണമെന്താണെന്നല്ലേ? മാസങ്ങൾക്കുമുമ്പ് താൻ കേവലം ഒരു വെള്ളി നാണയം വാങ്ങി ഒഴിവാക്കിയ പ്രതിമ ആയിരുന്നു അത്.

കൂട്ടുകാരേ, ഖലീൻ ജിബ്രാന്റെ ഈ കഥയിലെ ഗ്രാമീണനെപ്പോലെ അല്ല, വിജ്ഞാനിയെ പോലെയാണ് നാം ജീവിക്കേണ്ടത്. ഒരുപാടു നന്മകളും കഴിവുകളും ഉള്ളവരാണ് നാമെല്ലാവരും. അവയെല്ലാം ഗ്രാമീണന്റെ പ്രതിമയെ പോലെ എവിടെയോ വലിച്ചെറിഞ്ഞിട്ടിരിക്കുകയാണ്. വിജ്ഞാനി പ്രതിമയെ തിരിച്ചറിഞ്ഞ പോലെ നമ്മുടെ നന്മകളും കഴിവുകളും, മാതാപിതാക്കളും അധ്യാപകരും നൽകിയ നല്ല മൂല്യങ്ങളും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാൻ നാം ശ്രമിക്കണം.

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | പള്ളിത്തറ | ദീപു+സിൻസി | എവ്‌ലിൻ റോസ് | 08-06-14 | 17-01-15 |
| മാപ്രാണം | തറയിൽ മുറ്റിച്ചൂക്കാരൻ | ഷിബു+ബിൻസി | റയാൻ ക്രിസ്റ്റോ (റാഫേൽ) | 07-11-14 | 22-03-15 |
| മാപ്രാണം | പടിക്കല | റിന്റോ+ജിനി | ജുവൽ റോസ് (റീത്ത) | 14-11-14 | 15-02-15 |
| മാപ്രാണം | ചിറയത്ത് കള്ളാപറമ്പിൽ | ജെറിൻ+ഷെറിൻ | ക്രിസ്റ്റ്യാനോ (ജോസ്) | 19-12-14 | 15-03-15 |
| മാപ്രാണം | ആലപ്പാടൻ | ജോബി+ജോണിറ്റ | ജോഹന്ന (ബേബി) | 06-01-15 | 22-02-15 |

# ക്വിസ് മത്സരം

1) ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസിന്റെ പ്രസിഡ ണ്ട്?

2) 2012 ഡിസം: 31 വരെയുള്ള കണക്കനുസരിച്ച് കത്തോലിക്കസഭയിലെ സിസ്റ്റേഴ്സിന്റെ എണ്ണം?

3) മിശിഹായിൽ വിശ്വസിക്കുവാൻ മാത്രമല്ല അവനുവേണ്ടി ഓരോ ക്രൈസ്തവനും പീഢ സഹിക്കുവാനും വരം ലഭിച്ചിരിക്കുന്നു. ലേഖനം, അദ്ധ്യായം, വാക്യം?

4) Silence is not an option". ഒരു പത്രത്തിൽ വന്ന എഡിറ്റോറിയലിന്റെ തലക്കെട്ടാണിത്. ഏതാണാ പത്രം?

5) "എന്റെ അമ്മതൻ ഉദരത്തിനുള്ളി - ലൊരുവട്ടം കൂടി കിടക്കുവാൻ കൊതിച്ചുപോകുന്നു ഞാൻ". ഏതു കവിതയിലെ വരികളാണിത് ?

6) "ഉറപ്പുള്ളതും കരുണാർദ്രവും ഉദാരപൂർണ്ണവുമായ ഒരു ഹൃദയ രൂപീകരണമാകട്ടെ നോമ്പു കാല നവീകരണത്തിന്റെ ലക്ഷ്യം". ആരുടെ സന്ദേശത്തിലെ വരികളാണിത്?

7) മതേതരത്വവും സോഷ്യലിസവും ഭരണഘടനയുടെ ഭാഗമായത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്?

8) വിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്ന യുവാക്കളുടെ പ്രത്യേക മധ്യസ്ഥ?

9) "എന്റെ ഹൃദയം തന്നെയാണ് ഞാൻ അയക്കുന്നത്" ഇവിടെ ഉദ്ദേശിച്ചിരിക്കുന്ന ഹൃദയം ഏതാണ്? ആർ ആർക്കാണ് ഇത് അയക്കുന്നത്?

10) വലിയനോമ്പ് ആരംഭിക്കുന്നതിന് മുമ്പുള്ള ഞായറിനെ വിശേഷിപ്പിക്കുന്നത്?

11) കപ്പദോസിയായിലെ പിതാക്കന്മാർ എന്ന പേരിൽ അറിയപ്പെടുന്നവർ?

12) "സഭയിലേക്ക് ക്രിസ്തുവിനെ തിരിച്ചുകൊണ്ടുവരിക ഇതാണ് ഇന്നത്തെ ഏറ്റവും വലിയ മിഷനറി പ്രവർത്തനം" ഇങ്ങിനെ എഴുതിയ മിഷനറി?

13) "പാവങ്ങൾക്കു വേണ്ടി ഉപവസിക്കാത്തവൻ ദൈവത്തെ കബളിപ്പിക്കുന്നു". ഈ വാക്കുകൾ ആരുടെയാണ്?

14) "സന്തോഷത്തിൽ മാത്രം ദൈവത്തെ സ്തുതിക്കുന്നവരാകാതെ ദുഖത്തിലും ദൈവത്തെ മഹത്വപ്പെടുത്തുന്നവരാകണം". ഈ വരികൾ ആരുടെ?

15) ഒരു വിശുദ്ധൻ ക്രിസ്തുമതം സ്വീകരിച്ചത് 33-ാമത്തെ വയസിലാണ്. ആരാണീ വിശുദ്ധൻ?

16) ഒരു രാജ്യത്തെ ക്രൈസ്തവരുടെ എണ്ണം 1000 മാത്രം! ഏതാണീ രാജ്യം?

17) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനാകാനുള്ള യോഗ്യത?

18) ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ആദ്യത്തെ വനിതാബിഷപ്പ് ആരാണ്?

---

അവലംബം : മാർച്ച് ലക്കം ഹോളിവോയ്സ്, കേരളസഭ, വി.പൗലോസ്ശ്ലീഹാ ഫിലെമോന് എഴുതിയ ലേഖനം: ഉത്തരങ്ങൾ, ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-04-2015.

---

# ക്വിസ്മത്സരം

1) ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസിന്റെ പ്രസിഡ ണ്ട്?

2) 2012 ഡിസം: 31 വരെയുള്ള കണക്കനുസരിച്ച് കത്തോലിക്കസഭയിലെ സിസ്റ്റേഴ്സിന്റെ എണ്ണം?

3) മിശിഹായിൽ വിശ്വസിക്കുവാൻ മാത്രമല്ല അവനുവേണ്ടി ഓരോ ക്രൈസ്തവനും പീഢ സഹിക്കുവാനും വരം ലഭിച്ചിരിക്കുന്നു. ലേഖനം, അദ്ധ്യായം, വാക്യം?

4) Silence is not an option". ഒരു പത്രത്തിൽ വന്ന എഡിറ്റോറിയലിന്റെ തലക്കെട്ടാണിത്. ഏതാണാ പത്രം?

5) "എന്റെ അമ്മതൻ ഉദരത്തിനുള്ളി - ലൊരുവട്ടം കൂടി കിടക്കുവാൻ കൊതിച്ചുപോകുന്നു ഞാൻ". ഏതു കവിതയിലെ വരികളാണിത് ?

6) "ഉറപ്പുള്ളതും കരുണാർദ്രവും ഉദാരപൂർണ്ണവുമായ ഒരു ഹൃദയ രൂപീകരണമാകട്ടെ നോമ്പു കാല നവീകരണത്തിന്റെ ലക്ഷ്യം". ആരുടെ സന്ദേശത്തിലെ വരികളാണിത്?

7) മതേതരത്വവും സോഷ്യലിസവും ഭരണഘടനയുടെ ഭാഗമായത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്?

8) വിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്ന യുവാക്കളുടെ പ്രത്യേക മധ്യസ്ഥ?

9) "എന്റെ ഹൃദയം തന്നെയാണ് ഞാൻ അയക്കുന്നത്" ഇവിടെ ഉദ്ദേശിച്ചിരിക്കുന്ന ഹൃദയം ഏതാണ്? ആർ ആർക്കാണ് ഇത് അയക്കുന്നത്?

10) വലിയനോമ്പ് ആരംഭിക്കുന്നതിന് മുമ്പുള്ള ഞായറിനെ വിശേഷിപ്പിക്കുന്നത്?

11) കപ്പദോസിയായിലെ പിതാക്കന്മാർ എന്ന പേരിൽ അറിയപ്പെടുന്നവർ?

12) "സഭയിലേക്ക് ക്രിസ്തുവിനെ തിരിച്ചുകൊണ്ടുവരിക ഇതാണ് ഇന്നത്തെ ഏറ്റവും വലിയ മിഷനറി പ്രവർത്തനം" ഇങ്ങിനെ എഴുതിയ മിഷനറി?

13) "പാവങ്ങൾക്കു വേണ്ടി ഉപവസിക്കാത്തവൻ ദൈവത്തെ കബളിപ്പിക്കുന്നു". ഈ വാക്കുകൾ ആരുടെയാണ്?

14) "സന്തോഷത്തിൽ മാത്രം ദൈവത്തെ സ്തുതിക്കുന്നവരാകാതെ ദുഖത്തിലും ദൈവത്തെ മഹത്വപ്പെടുത്തുന്നവരാകണം". ഈ വരികൾ ആരുടെ?

15) ഒരു വിശുദ്ധൻ ക്രിസ്തുമതം സ്വീകരിച്ചത് 33-ാമത്തെ വയസിലാണ്. ആരാണീ വിശുദ്ധൻ?

16) ഒരു രാജ്യത്തെ ക്രൈസ്തവരുടെ എണ്ണം 1000 മാത്രം! ഏതാണീ രാജ്യം?

17) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനാകാനുള്ള യോഗ്യത?

18) ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ആദ്യത്തെ വനിതാബിഷപ്പ് ആരാണ്?

---

അവലംബം : മാർച്ച് ലക്കം ഹോളിവോയ്സ്, കേരളസഭ, വി.പൗലോസ്ശ്ലീഹാ ഫിലെമോന് എഴുതിയ ലേഖനം: ഉത്തരങ്ങൾ, ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-04-2015.

---

പാചക രംഗം



# കലത്തപ്പം അഥവാ ചുട്ട അപ്പം

ബീന തോമസ് ചേറേങ്ങാടൻ

## ചേരുവകൾ

(1) ഉഴുന്ന് - 1/2 കപ്പ് (2) പച്ചരി -2 കപ്പ് (3) തേങ്ങ -1 മുറി കൊത്താക്കിയത് (4) ചുവന്നുള്ളി 100 ഗ്രാം നീളത്തിൽ അരിഞ്ഞത് (5) വെളിച്ചെണ്ണ പാകത്തിന് (6) ഉപ്പ് -പാകത്തിന് (7) ജീരകം - ഒരു നുള്ള്

## പാകം ചെയ്യുന്ന വിധം

1. പച്ചരിയും ഉഴുന്നും കഴുകിയ ശേഷം വെള്ളം ഒഴിച്ച് കുതിർത്തു വയ്ക്കുക.
2. കുതിർന്ന ശേഷം ഇവ കഴുകി വാരി ജീരകവും ചേർത്ത് മയത്തിൽ അരച്ചെടുക്കുക.
3. തേങ്ങ കൊത്താക്കിയതും ചുവന്നുള്ളി നീളത്തിൽ അരിഞ്ഞതും വെളിച്ചെണ്ണയിൽ മൂപ്പിച്ചെടുക്കുക.
4. നേരത്തെ അരച്ചുവച്ചിരിക്കുന്ന മാവിൽ മൂപ്പിച്ചെടുത്ത ചേരുവകളും പാകത്തിനു ഉപ്പും ചേർത്ത് ഇളക്കി യോജിപ്പിക്കുക.
5. ചെറിയ ഉരുളിയിലോ കൽച്ചട്ടിയിലോ അൽപ്പം വെളിച്ചെണ്ണയൊഴിച്ച് അതിലേക്ക് ഓരോ തവി മാവു വീതം കോരി ഒഴിച്ച് ദോശയുടെ വലിപ്പത്തിൽ പരത്തി തിരിച്ചും മറിച്ചുമിട്ട് ഇരുവശവും നന്നായി മൊരിയിച്ചെടുക്കുക.

# ഇൻട്രി അപ്പം (ഇൻഡെറിയപ്പം)

## ചേരുവകൾ

(1) ഉഴുന്ന് - 1/2 കപ്പ് (2) പച്ചരി -2 കപ്പ് (3) തേങ്ങ -1 മുറി (4) ചുവന്നുള്ളി - 3 എണ്ണം (5) ജീരകം - 1 നുള്ള് (6) ഉപ്പ് -പാകത്തിന്

## പാകം ചെയ്യുന്ന വിധം

1. പച്ചരിയും ഉഴുന്നും കഴുകിയ ശേഷം വെള്ളം ഒഴിച്ച് കുതിർത്തു വയ്ക്കുക.
2. കുതിർന്ന ശേഷം ഇവ കഴുകി വാരി മൂന്നും നാലും അഞ്ചും ചേരുവകൾ ചേർത്ത് മയത്തിൽ അരച്ചെടുക്കുക.
3. ഇതിൽ പാകത്തിനു ഉപ്പ് ചേർത്ത് കലക്കി വയ്ക്കുക.
4. ഇതിനുശേഷം പരന്ന സ്റ്റീൽ പ്ലേറ്റിൽ മാവ് ഒഴിക്കുക. മാവിനു മുകളിൽ ഓശാന പെരുനാളിനു കിട്ടിയ കുരുത്തോല കീറിയത് കുരിശാകൃതിയിൽ വച്ച് അലങ്കരിച്ച ശേഷം ആവി വരുന്ന അപ്പച്ചെമ്പിന്റെ തട്ടിൽ വച്ചു വേവിച്ചെടുക്കുക.

**പാചക രംഗം**



# കലത്തപ്പം അഥവാ ചുട്ട അപ്പം

ബീന തോമസ് ചേറേങ്ങാടൻ

## ചേരുവകൾ

(1) ഉഴുന്ന് - 1/2 കപ്പ് (2) പച്ചരി -2 കപ്പ് (3) തേങ്ങ -1 മുറി കൊത്താക്കിയത് (4) ചുവന്നുള്ളി 100 ഗ്രാം നീളത്തിൽ അരിഞ്ഞത് (5) വെളിച്ചെണ്ണ പാകത്തിന് (6) ഉപ്പ് -പാകത്തിന് (7) ജീരകം - ഒരു നുള്ള്

## പാകം ചെയ്യുന്ന വിധം

1. പച്ചരിയും ഉഴുന്നും കഴുകിയ ശേഷം വെള്ളം ഒഴിച്ച് കുതിർത്തു വയ്ക്കുക.
2. കുതിർന്ന ശേഷം ഇവ കഴുകി വാരി ജീരകവും ചേർത്ത് മയത്തിൽ അരച്ചെടുക്കുക.
3. തേങ്ങ കൊത്താക്കിയതും ചുവന്നുള്ളി നീളത്തിൽ അരിഞ്ഞതും വെളിച്ചെണ്ണയിൽ മൂപ്പിച്ചെടുക്കുക.
4. നേരത്തെ അരച്ചുവച്ചിരിക്കുന്ന മാവിൽ മൂപ്പിച്ചെടുത്ത ചേരുവകളും പാകത്തിനു ഉപ്പും ചേർത്ത് ഇളക്കി യോജിപ്പിക്കുക.
5. ചെറിയ ഉരുളിയിലോ കൽച്ചട്ടിയിലോ അൽപ്പം വെളിച്ചെണ്ണയൊഴിച്ച് അതിലേക്ക് ഓരോ തവി മാവു വീതം കോരി ഒഴിച്ച് ദോശയുടെ വലിപ്പത്തിൽ പരത്തി തിരിച്ചും മറിച്ചുമിട്ട് ഇരുവശവും നന്നായി മൊരിയിച്ചെടുക്കുക.

# ഇൻട്രി അപ്പം (ഇൻഡേറിയപ്പം)

## ചേരുവകൾ

(1) ഉഴുന്ന് - 1/2 കപ്പ് (2) പച്ചരി -2 കപ്പ് (3) തേങ്ങ -1 മുറി (4) ചുവന്നുള്ളി - 3 എണ്ണം (5) ജീരകം - 1 നുള്ള് (6) ഉപ്പ് -പാകത്തിന്

## പാകം ചെയ്യുന്ന വിധം

1. പച്ചരിയും ഉഴുന്നും കഴുകിയ ശേഷം വെള്ളം ഒഴിച്ച് കുതിർത്തു വയ്ക്കുക.
2. കുതിർന്ന ശേഷം ഇവ കഴുകി വാരി മൂന്നും നാലും അഞ്ചും ചേരുവകൾ ചേർത്ത് മയത്തിൽ അരച്ചെടുക്കുക.
3. ഇതിൽ പാകത്തിനു ഉപ്പ് ചേർത്ത് കലക്കി വയ്ക്കുക.
4. ഇതിനുശേഷം പരന്ന സ്റ്റീൽ പ്ലേറ്റിൽ മാവ് ഒഴിക്കുക. മാവിനു മുകളിൽ ഓശാന പെരുനാളിനു കിട്ടിയ കുരുത്തോല കീറിയത് കുരിശാകൃതിയിൽ വച്ച് അലങ്കരിച്ച ശേഷം ആവി വരുന്ന അപ്പച്ചെമ്പിന്റെ തട്ടിൽ വച്ചു വേവിച്ചെടുക്കുക.

# അണയാത്ത വിളക്ക്



**ചാൾസ് ചാക്കോ**

മലയാള മക്കൾതൻ വിളക്കായ് വിളങ്ങുന്ന
എൻ ജീവനാം കന്യക എവുപ്രാസ്യമ്മേ
നിൻ മുമ്പിൽ വന്നു നിൽക്കുന്ന നേരം
എന്നെന്നും ഞങ്ങൾക്കായ് വഴി കാട്ടണേ
തിന്മയാം അന്ധകാരത്തിലൂടെ നീങ്ങിടുമ്പോൾ
നന്മ തൻ ദീപം നൽകി വഴി തെളിക്കണേ
നിൻ മാദ്ധ്യസ്ഥം ഞങ്ങൾക്കായ് നൽകീടണേ
ക്രൂശിതൻ കാരുണ്യം തേടുന്ന നേരം
ഞങ്ങൾക്കായ് നീയൊന്ന് ചൊല്ലീടണേ
ക്ലേശമാം ജീവിത വീഥിയിലൂടെ
ഭാരവുമേറി നീങ്ങുന്ന ഞങ്ങളെ
സ്വർഗ്ഗത്തിൻ വാതിൽ തുറന്നിടാൻ
ആവശ്യമാം സഹായഹസ്തങ്ങൾ
നൽകി നീ അനുഗ്രഹിക്കണേ



---

പാചക രംഗം (തുടർച്ച)

# ശർക്കരപ്പാനി

## ചേരുവകൾ

(1) തേങ്ങ - 1 (2) ഏലയ്ക്ക പൊടിച്ചത് - 1 വലിയ സ്പൂൺ (3) ചുക്കു പൊടിച്ചത് - 1/2 ചെറിയ സ്പൂൺ (4) ശർക്കര - 1/2 കി. (5) അരിപ്പൊടി - 1 1/4 കപ്പ്

## പാകം ചെയ്യുന്ന വിധം

1. തേങ്ങ ചുരണ്ടിപ്പിഴിഞ്ഞ് 1 കപ്പ് ഒന്നാം പാലും ആവശ്യത്തിന് രണ്ടും മൂന്നും പാലും എടുത്തുവയ്ക്കുക.
2. ഒന്നാം പാലിൽ ഏലയ്ക്കയും ചുക്കും പൊടിച്ചതും ചേർത്ത് ഇളക്കി വയ്ക്കുക.
3. ശർക്കര രണ്ടു കപ്പു വെള്ളം ചേർത്ത് ഉരുക്കി അരിച്ചെടുക്കുക.
4. രണ്ടും മൂന്നും പാൽ യോജിപ്പിച്ച് അതിലേക്ക് ശർക്കര ഉരുക്കി അരിച്ചതും അരിപ്പൊടിയും ചേർത്ത് കട്ട കെട്ടാതെ ഇളക്കി യോജിപ്പിക്കുക. ഇത് ചുവടു കട്ടിയുള്ള പാത്രത്തിലാക്കി അടുപ്പത്തുവച്ച് തുടരെ ഇളക്കി കുറുക്കുക. പാകത്തിന് കുറുകി വരുമ്പോൾ തയ്യാറാക്കി വച്ചിരിക്കുന്ന ഒന്നാം പാൽ ചേർത്ത് ഇളക്കി തിള വരുന്നതിനുമുമ്പ് വാങ്ങി കലത്തപ്പത്തിന്റെയും ഇൻട്രി അപ്പത്തിന്റെയും കൂടെ ഉപയോഗിക്കാവുന്നതാണ്.

# അണയാത്ത വിളക്ക്



**ചാൾസ് ചാക്കോ**

മലയാള മക്കൾതൻ വിളക്കായ് വിളങ്ങുന്ന
എൻ ജീവനാം കന്യക എവുപ്രാസ്യമ്മേ
നിൻ മുമ്പിൽ വന്നു നിൽക്കുന്ന നേരം
എന്നെന്നും ഞങ്ങൾക്കായ് വഴി കാട്ടണേ

തിന്മയാം അന്ധകാരത്തിലൂടെ നീങ്ങിടുമ്പോൾ
നന്മ തൻ ദീപം നൽകി വഴി തെളിക്കണേ
നിൻ മാദ്ധ്യസ്ഥം ഞങ്ങൾക്കായ് നൽകീടണേ
ക്രൂശിതൻ കാരുണ്യം തേടുന്ന നേരം
ഞങ്ങൾക്കായ് നീയൊന്ന് ചൊല്ലീടണേ



ക്ലേശമാം ജീവിത വീഥിയിലൂടെ
ഭാരവുമേറി നീങ്ങുന്ന ഞങ്ങളെ
സ്വർഗ്ഗത്തിൻ വാതിൽ തുറന്നിടാൻ
ആവശ്യമാം സഹായഹസ്തങ്ങൾ
നൽകി നീ അനുഗ്രഹിക്കണേ

---

**പാചക രംഗം (തുടർച്ച)**

# ശർക്കരപ്പാനി

## ചേരുവകൾ

(1) തേങ്ങ - 1 (2) ഏലയ്ക്ക പൊടിച്ചത് - 1 വലിയ സ്പൂൺ (3) ചുക്കു പൊടിച്ചത് - 1/2 ചെറിയ സ്പൂൺ (4) ശർക്കര - 1/2 കി. (5) അരിപ്പൊടി - 1 1/4 കപ്പ്

## പാകം ചെയ്യുന്ന വിധം

1. തേങ്ങ ചുരണ്ടിപ്പിഴിഞ്ഞ് 1 കപ്പ് ഒന്നാം പാലും ആവശ്യത്തിന് രണ്ടും മൂന്നും പാലും എടുത്തുവയ്ക്കുക.
2. ഒന്നാം പാലിൽ ഏലയ്ക്കയും ചുക്കും പൊടിച്ചതും ചേർത്ത് ഇളക്കി വയ്ക്കുക.
3. ശർക്കര രണ്ടു കപ്പു വെള്ളം ചേർത്ത് ഉരുക്കി അരിച്ചെടുക്കുക.
4. രണ്ടും മൂന്നും പാൽ യോജിപ്പിച്ച് അതിലേക്ക് ശർക്കര ഉരുക്കി അരിച്ചതും അരിപ്പൊടിയും ചേർത്ത് കട്ട കെട്ടാതെ ഇളക്കി യോജിപ്പിക്കുക. ഇത് ചുവടു കട്ടിയുള്ള പാത്രത്തിലാക്കി അടുപ്പത്തുവച്ച് തുടരെ ഇളക്കി കുറുക്കുക. പാകത്തിന് കുറുകി വരുമ്പോൾ തയ്യാറാക്കി വച്ചിരിക്കുന്ന ഒന്നാം പാൽ ചേർത്ത് ഇളക്കി തിള വരുന്നതിനുമുമ്പ് വാങ്ങി കലത്തപ്പത്തിന്റെയും ഇൻട്രി അപ്പത്തിന്റെയും കൂടെ ഉപയോഗിക്കാവുന്നതാണ്.



## മാതൃസംഘാംഗങ്ങൾ ഫാ.സിന്റോ മാടവനയുമൊത്ത് അഭയഭവനിൽ

നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ട് മാതൃസംഘാംഗങ്ങളായ 62 പേർ 2015 മാർച്ച് 7 ശനിയാഴ്ച പൊറത്തിശ്ശേരിയിലെ അഭയഭവൻ സന്ദർശിച്ചു. സംഘത്തിലെ ഏതാനും പേർ അതിരാവിലെ അഭയഭവനിലെത്തി അന്തേവാസികളെ ശുശ്രൂഷിക്കുകയും മറ്റ് സഹായങ്ങൾ ചെയ്യുകയും ചെയ്തു. പലവ്യഞ്ജനങ്ങളും വസ്ത്രങ്ങളും കൂടാതെ അന്തേവാസികൾക്കായി മാതൃസംഘാംഗങ്ങൾ ഉണ്ടാക്കിയ പലഹാരങ്ങളും കൊണ്ടുപോയിരുന്നു. ഈശോയെ ശുശ്രൂഷിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്ത അവാച്യമായ നിർവൃതിയോടെയാണ് മാതൃസംഘം അംഗങ്ങൾ തിരിച്ച് പോന്നത്.



## മാതൃസംഘാംഗങ്ങൾ ഫാ.സിന്റോ മാടവനയുമൊത്ത് അഭയഭവനിൽ

നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ട് മാതൃസംഘാംഗങ്ങളായ 62 പേർ 2015 മാർച്ച് 7 ശനിയാഴ്ച പൊറത്തിശ്ശേരിയിലെ അഭയഭവൻ സന്ദർശിച്ചു. സംഘത്തിലെ ഏതാനും പേർ അതിരാവിലെ അഭയഭവനിലെത്തി അന്തേവാസികളെ ശുശ്രൂഷിക്കുകയും മറ്റ് സഹായങ്ങൾ ചെയ്യുകയും ചെയ്തു. പലവ്യഞ്ജനങ്ങളും വസ്ത്രങ്ങളും കൂടാതെ അന്തേവാസികൾക്കായി മാതൃസംഘാംഗങ്ങൾ ഉണ്ടാക്കിയ പലഹാരങ്ങളും കൊണ്ടുപോയിരുന്നു. ഈശോയെ ശുശ്രൂഷിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്ത അവാച്യമായ നിർവൃതിയോടെയാണ് മാതൃസംഘം അംഗങ്ങൾ തിരിച്ച് പോന്നത്.

# ബൈബിൾ കലണ്ടർ : ഏപ്രിൽ - 2015

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>യോഹ 12:27 - 33<br>ഹെബ്രാ 9:15 - 28 | **2**<br>യോഹ 13:1 - 14+<br>മത്താ 26:30<br>1 കോറി 11:23 - 29 | **3**<br>പീഡാനുഭവ വായന | **4**<br>മത്താ 28:1 - 20<br>റോമാ 6:3 - 11 |
| **5**<br>മത്താ 28:1 - 6<br>റോമാ 6:1 - 14<br>1 സാമു 2:1 - 10 | **6**<br>യോഹ 14:18 - 28<br>റോമാ 4:1 - 8 | **7**<br>ലൂക്കാ 24:13 - 27<br>1 കോറി 15:12 - 19 | **8**<br>യോഹ 15:1 - 10<br>എഫേ 4:1 - 6 | **9**<br>മത്താ 10:1 - 15<br>കൊളോ 2 :12 - 15 | **10**<br>മത്താ 10:26 - 23<br>ഹെബ്രാ 11:3 - 10 | **11**<br>മർക്കോ 16:1 - 8<br>കൊളോ 3:1 - 4 |
| **12**<br>യോഹ 20 :19 - 29<br>കൊളോ 1:12 - 20<br>ശ്ലീഹ 4:32 - 37 | **13**<br>ലൂക്കാ 24:28 - 35<br>1 കോറി 1:10 - 17 | **14**<br>യോഹ 5:41 - 47<br>ശ്ലീഹ 9:20 - 25 | **15**<br>മർക്കോ 7:31 - 37<br>ഗലാ 5:1 - 6 | **16**<br>മത്താ 15:21 - 28<br>ഫിലി 1:27 - 30 | **17**<br>മർക്കോ 4:1 - 9<br>1 കോറി 1:18 - 24 | **18**<br>ലൂക്കാ 24:36 - 43<br>കൊളോ 3:14 - 17 |
| **19**<br>യോഹ 14:1 - 14<br>എഫേ 1:3 - 14<br>ശ്ലീഹ 5:34 - 42 | **20**<br>മത്താ 25:1 - 13<br>യാക്കോ 5:7 - 12 | **21**<br>മർക്കോ 4:13 - 20<br>1 തെസ 5:12 - 22 | **22**<br>മത്താ 8:1 - 4<br>ഫിലി 1:21 - 26 | **23**<br>മർക്കോ 4:35 - 41<br>2 കോറി 8:1 - 11 | **24**<br>മത്താ 10:37 - 42<br>2 കോറി 12:1 - 10 | **25**<br>മർക്കോ 16:15 - 20<br>2 തിമോ 4:6 - 18 |
| **26**<br>യോഹ 16:16 - 24<br>എഫേ 2:1 - 7<br>ഏശ 49:13 - 23 | **27**<br>ലൂക്കാ 20:9 - 16<br>1 തിമോ 6:13 - 16 | **28**<br>മത്താ 19:23 - 30<br>1 തിമോ 6:17 - 21 | **29**<br>യോഹ 5:30 - 38<br>ഹെബ്രാ 7:1 - 10 | **30**<br>മത്താ 15:1 - 9<br>2 പത്രോ 2:1 - 3 | | |

# ബൈബിൾ കലണ്ടർ : ഏപ്രിൽ - 2015

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>യോഹ 12:27 - 33<br>ഹെബ്രാ 9:15 - 28 | **2**<br>യോഹ 13:1 - 14+<br>മത്താ 26:30<br>1 കോറി 11:23 - 29 | **3**<br>പീഡാനുഭവ വായന | **4**<br>മത്താ 28:1 - 20<br>റോമാ 6:3 - 11 |
| **5**<br>മത്താ 28:1 - 6<br>റോമാ 6:1 - 14<br>1 സാമു 2:1 - 10 | **6**<br>യോഹ 14:18 - 28<br>റോമാ 4:1 - 8 | **7**<br>ലൂക്കാ 24:13 - 27<br>1 കോറി 15:12 - 19 | **8**<br>യോഹ 15:1 - 10<br>എഫേ 4:1 - 6 | **9**<br>മത്താ 10:1 - 15<br>കൊളോ 2 :12 - 15 | **10**<br>മത്താ 10:26 - 23<br>ഹെബ്രാ 11:3 - 10 | **11**<br>മർക്കോ 16:1 - 8<br>കൊളോ 3:1 - 4 |
| **12**<br>യോഹ 20 :19 - 29<br>കൊളോ 1:12 - 20<br>ശ്ലീഹ 4:32 - 37 | **13**<br>ലൂക്കാ 24:28 - 35<br>1 കോറി 1:10 - 17 | **14**<br>യോഹ 5:41 - 47<br>ശ്ലീഹ 9:20 - 25 | **15**<br>മർക്കോ 7:31 - 37<br>ഗലാ 5:1 - 6 | **16**<br>മത്താ 15:21 - 28<br>ഫിലി 1:27 - 30 | **17**<br>മർക്കോ 4:1 - 9<br>1 കോറി 1:18 - 24 | **18**<br>ലൂക്കാ 24:36 - 43<br>കൊളോ 3:14 - 17 |
| **19**<br>യോഹ 14:1 - 14<br>എഫേ 1:3 - 14<br>ശ്ലീഹ 5:34 - 42 | **20**<br>മത്താ 25:1 - 13<br>യാക്കോ 5:7 - 12 | **21**<br>മർക്കോ 4:13 - 20<br>1 തെസ 5:12 - 22 | **22**<br>മത്താ 8:1 - 4<br>ഫിലി 1:21 - 26 | **23**<br>മർക്കോ 4:35 - 41<br>2 കോറി 8:1 - 11 | **24**<br>മത്താ 10:37 - 42<br>2 കോറി 12:1 - 10 | **25**<br>മർക്കോ 16:15 - 20<br>2 തിമോ 4:6 - 18 |
| **26**<br>യോഹ 16:16 - 24<br>എഫേ 2:1 - 7<br>ഏശ 49:13 - 23 | **27**<br>ലൂക്കാ 20:9 - 16<br>1 തിമോ 6:13 - 16 | **28**<br>മത്താ 19:23 - 30<br>1 തിമോ 6:17 - 21 | **29**<br>യോഹ 5:30 - 38<br>ഹെബ്രാ 7:1 - 10 | **30**<br>മത്താ 15:1 - 9<br>2 പത്രോ 2:1 - 3 | | |